
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജൂൺ 2003



4th DEATH ANNIVERSARY
26-5-2003



**MARIAMMA GEORGE**

3rd DEATH ANNIVERSARY
6-6-2003



**T.C. GEORGE**

*"നിന്റെ മഹത്വമുദിക്കുംനാൾ, നിൽക്കണമിവർ വലഭാഗത്തിൽ"*

*Inserted By*

Loving Children:- Lizy & Raju (USA), Rajan & Annie (S. Africa), Saly & Rajan (Delhi) Mercy & Titty (S. Africa) Sagen & Giji (Pathanamthitta).

**THYKOOTTATHIL, PUTHENPEEDIKA, OMALLOOR, PATHANAMTHITTA**

**VICHĀRA MAVELIKARA**

## 'ബ്ലോസമിങ് ഓഫ് പെഴ്സണാലിറ്റി'

## വ്യക്തിത്വ വികസനത്തിനൊരു വിദഗ്ധ പദ്ധതി

വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി മാവേലിക്കര വിചാര നടത്തിവരുന്ന പരിശീലന പരമ്പരയിലെ ജൂൺ ജൂലൈ മാസങ്ങളിലെ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

കോഴ്സ് 5 ജൂൺ 13 മുതൽ 15 വരെ കോഴ്സ് 7 ജൂലൈ 11 മുതൽ 13 വരെ
കോഴ്സ് 6 ജൂൺ 27 മുതൽ 29 വരെ കോഴ്സ് 8 ജൂലൈ 25 മുതൽ 27 വരെ

**സ്ഥലം: സോഫിയാ സെന്റർ, കോട്ടയം**

യോഗ്യത: സ്റ്റാൻഡേർഡ് 9, 10 ക്ലാസ്സുകളിലെ (ഇംഗ്ലീഷ്, മലയാളം മീഡിയം) എല്ലാ വിദ്യാർത്ഥികൾക്കും ഏതെങ്കിലും ഒരു കോഴ്സിനു ചേരാവുന്നതാണ്.

**വിഷയങ്ങളിൽ ചിലത്**

ജീവിതം സാർത്ഥകമാക്കാൻ
കരിയർ നിശ്ചയിക്കാൻ
പഠന സാമർത്ഥ്യം വർദ്ധിപ്പിക്കാൻ
പരീക്ഷ വിജയകരമാക്കാൻ
ഓർമ്മ ശക്തി വികസിപ്പിക്കാൻ
ഭാഷാപ്രയോഗം സുന്ദരമാക്കാൻ
കൗമാര പ്രശ്നങ്ങൾക്ക് പരിഹാരമേകാൻ

**റിസോഴ്സ് പേഴ്സൺസ്**

1. ഡോ. സിറിയക്ക് തോമസ് (വൈസ് ചാൻസലർ, മഹാത്മാ ഗാന്ധി സർവ്വകലാശാല)
2. റവ. ഡോ. റ്റി.ജെ. തോമസ് (കൗൺസിലിംഗ് കൺസൽറ്റന്റ്)
3. പ്രൊഫ. എസ്. ശിവദാസ് (ചീഫ് എഡിറ്റർ, 'ലേബർ ഇന്ത്യ')
4. ഡോ. സി. പി. അരവിന്ദാക്ഷൻ (പ്രിൻസിപ്പൽ, ശ്രമിക്ക് വിദ്യാപീഠ്, തിരുവനന്തപുരം)
5. റവ. ഡോ. എ.റ്റി. എബ്രഹാം (ജനറൽ സെക്രട്ടറി, കെ.സി.സി.)
6. റവ. ഡോ. കെ.യു. എബ്രഹാം (ജന. സെക്രട്ടറി, മാർത്തോമ്മ സൺഡേ സ്കൂൾ സമാജം)
7. ശ്രീ. ചെറിയാൻ വർഗ്ഗീസ് (നാഷണൽ ട്രെയിനർ, ജേസീസ്)
8. ശ്രീ. ടോമി ചെറിയാൻ (നാഷണൽ ട്രെയിനർ, ജേസീസ്)
9. ശ്രീ. ജോർജ്ജ് ബഹനാൻ (കൗൺസിലിംഗ് കൺസൽറ്റന്റ്, തെറപ്പിസ്റ്റ്)
10. കുമാരി. മാലിനി ജോൺ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്)
11. ശ്രീമതി. ശാന്തി മത്തായി (കമ്മ്യൂണിക്കേഷൻ എക്സ്പേർട്ട്)

ഉടൻ അപേക്ഷിക്കുക
പ്രൊഫ. മാമ്മൻ വർക്കി,
ഡയറക്ടർ, വിചാര, മാവേലിക്കര – 690 101
ഫോൺ/ഫാക്സ് :0479 – 2304355,
E-mail:mammenv@sancharnet.in

**മലങ്കരസഭ**

ലക്കം 6, പുസ്തകം 59
ജൂൺ 2003



**പത്രാധിപസമിതി**

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
, ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04733 - 279348
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910

**വരിസംഖ്യ**

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.

# CONTENTS
# ഉൾത്തുടിപ്പുകൾ

**എഡിറ്റോറിയൽ**

4 അദ്ധ്യയന വർഷത്തിലേക്കുള്ള വാതായനം
- ഫാ. ഡോ. ജോൺ പണിക്കർ

**പുസ്തക ദർശനം**

14 പുണ്യനാടുകളിൽ നടത്തിയ ഒരതിസാഹസിക തീർത്ഥയാത്ര
- അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ

**ലേഖനങ്ങൾ**

5 ഓർത്തഡോക്സ് സഭകളും ലോക സഭാ കൗൺസിലും.....
- ഫാ. ഡോ. കെ. എം. ജോർജ്ജ്

7 അപകടകരമായ ജനാധിപത്യം
- ഫാ. ഡോ. ഒ. തോമസ്

9 സഭാ ഭരണഘടനയും പാത്രിയർക്കേറ്റും
- അഡ്വ. സജി കൊടുവത്ത്

12 ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം.....
- ജോബിൻ ജേക്കബ് മാത്യു, മൈലപ്ര

21 സഭയും വിദ്യാഭ്യാസവും
- ഡോ. ജോസ് പാറക്കടവിൽ

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, ബൈബിൾ പഠനം,
ബൈബിൾ പദപ്രശ്നം, ബാലസഭ,
ബൈബിൾ കടങ്കഥകൾ, പ്രതിമാസചിന്തകൾ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.

ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234
e-mail: malankara@sancharnet.in

# അദ്ധ്യയന വർഷത്തിലേക്കുള്ള വാതായനം

**ഫാ. ഡോ. ജോൺ പണിക്കർ**

**ഭാ**രതത്തിലാകമാനം അദ്ധ്യയനവർഷം ആരംഭിക്കുന്ന സമയമാണിത്. മാനവീകരണം ലക്ഷ്യമാക്കി അറിവു തേടുന്നവരുമായി അനേകായിരങ്ങൾ വിദ്യാലയ/കലാലയങ്ങളിലേക്കു പോകുന്നു. സ്വാതന്ത്ര്യ ബോധവും സമൂഹത്തോടുള്ള അർപ്പണ മനോഭാവവും അത്മാഭിമാനവും മൂല്യവിചാരവും ഉറപ്പു വരുത്തി മനുഷ്യനെ സമ്പൂർണ്ണനാക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് അതുല്യമാണല്ലോ!

ഭാരതത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിനു ക്രൈസ്തവർ നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാണ്. വിദ്യാർത്ഥികളിൽ വിജ്ഞാനവും ലോക സേവന തൃഷ്ണയും വളർത്തി ലോകത്തിലേക്കയയ്ക്കുന്നതിനും ഭാരതത്തിന്റ ധന്യമായ സംസ്ക്കാരവും ആത്മീയതയും സമ്പന്നമാക്കുന്നതിനും ക്രൈസ്തവർ നടത്തിയിട്ടുള്ള ശ്രമങ്ങൾ ആർക്കും വിസ്മരിക്കാവുന്നതല്ല. എന്നാൽ ഇന്ന് മനുഷ്യന് സംഭവിച്ചിരിക്കുന്ന മൂല്യശോഷണത്തിനു പിന്നിലും ക്രൈസ്തവർ നേതൃത്വം നൽകുന്നു എന്നു പറയാവുന്ന ആധുനീക വിദ്യാഭ്യാസ സമ്പ്രദായത്തിന് ശക്തമായ ഒരു പങ്കില്ലേ എന്ന ചോദ്യം വളരെ പ്രസക്തിയുള്ളതാണ്. ചിന്തയ്ക്കു വേണ്ടി ചില കാര്യങ്ങൾ കുറിക്കുന്നു:

i) ഗുരു-ശിഷ്യ ബന്ധങ്ങളിലെ പാരസ്പര്യത നഷ്ടപ്പെടുന്നു:- ഭാരതീയ പശ്ചാത്തലത്തിൽ ഗുരു സംപൂജ്യനായ ആചാര്യനും ആദ്ധ്യാത്മീക പ്രബോധകനുമാണ്. ഗുരു ശിഷ്യബന്ധം ആത്മ സംബന്ധമായതാണ്. ഗുരുവിലിരിക്കുന്ന അറിവ് ശിഷ്യൻ ഏറ്റു വാങ്ങുമ്പോൾ ഗുരുവിന്റെ അറിവു നഷ്ടപ്പെടാതെ തന്നെ ഗുരുവും ശിഷ്യനും ഒരുപോലെ അറിവുള്ളവരായിതീരുന്നു. ഇവിടെ ഗുരുവിൽ അസൂയോ ശിഷ്യനിൽ അഹന്തയോ ഉണ്ടാകുന്നില്ല. പ്രത്യുത, പരസ്പര സ്നേഹവും വിശ്വാസവും ബഹുമാനവും ആദരവുമൊക്കെ വർദ്ധിക്കുന്നു. ഈ പാരസ്പര്യത ഏറെക്കുറെ നഷ്ടമായിരിക്കുന്ന അന്തരീക്ഷമാണ് ഇന്നുള്ളത്. ഇതു വീണ്ടെടുക്കുവാൻ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സാധിക്കുമോ?

ii) പരസ്പര നിഷേധാത്മക സ്വഭാവമുള്ള പൗരൻമാർ ഉണ്ടാകുന്നു: ഭാരതത്തിൽ ജാതി-മത വ്യത്യാസമില്ലാതെ എല്ലാവർക്കും ഇന്ന് വിദ്യാഭ്യാസത്തിന് അവകാശമുണ്ട്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അന്യോന്യം നിഷേധിക്കുന്ന ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കു സാദ്ധ്യതകൾ ഏറെയാണ്. ധനവാന്റെ കുഞ്ഞുങ്ങൾ എല്ലാ മോടികളോടും കൂടി അധികൃതർക്കു എത്ര രൂപാ വേണമെങ്കിലും കപ്പം കൊടുത്ത് ഉന്നത തല വിദ്യാലയങ്ങളിൽ പോകുന്നു. അവിടെ 'രാഷ്ട്രീയമോ' സമരമോ ഇല്ല. ദരിദ്ര സന്താനങ്ങൾ 'സർക്കാർ' വിദ്യാലയങ്ങളിൽ പോയി രാഷ്ട്രീയ പിത്താലാട്ടക്കാരുടെ ഇംഗിതങ്ങൾക്കു വശംവദരായി പഠിപ്പു മുടക്കും കിരാത രാഷ്ട്രീയവും നടത്തി 'പഠിക്കുന്നു'. കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള കോടതി വിധികൾക്കു ഈ അന്തരങ്ങളുടെ അളവു കുറക്കുവാന് കഴിയുമെങ്കിൽ അതു നല്ലതുതന്നെ.

വർഷത്തിൽ ഒരിക്കൽ നൂറുശതമാനം വിജയമുള്ള വിദ്യാലയങ്ങളുടെ പേരുകൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താറുണ്ട്. അവരിൽ ഭൂരിഭാഗവും ക്രൈസ്തവർ നടത്തുന്ന സ്ക്കൂളുകൾ ആണുതാനും. പഠിക്കാൻ അല്പം പിന്നിലാകുന്ന കുട്ടികളെ വിടുതൽ സർട്ടിഫിക്കറ്റു നൽകി പറഞ്ഞു വിട്ടശേഷം നല്ല മാർക്കോടുകൂടി ജയിക്കും എന്നു പ്രതീക്ഷയുള്ളവരെ മാത്രം പഠിപ്പിച്ചു വിജയിപ്പിക്കുന്ന ഈ വ്യവസ്ഥിതിയിലെ അപകടം എത്രപേർ മനസ്സിലാക്കുന്നു? പുറത്താക്കപ്പെടുന്ന കുട്ടികളുടെ മനോവികാരത്തെക്കുറിച്ച് ആരാണ് ചിന്തിക്കുന്നത്? ഇത് പരസ്പര വിദ്വേഷവും പകയുമുള്ള ആളുകളെ സമൂഹത്തിലേക്കു ഒരുക്കിവിടുന്നതിന് കാരണമാകുന്നുണ്ടോ?

കാമം, ക്രോധം, ലോഭം എന്നിവ നരകത്തിനുള്ള മൂന്നു വാതായനങ്ങളായി ഭഗവത്ഗീതയിൽ ചിത്രീകരിക്കപ്പെടുന്നു. ഇന്നത്തെ മിക്ക മാതാപിതാക്കളും തങ്ങളുടെ സന്താനങ്ങൾ മറ്റാരെക്കാളും അധികാരം, ശക്തി, ധനം എന്നിവ ഉള്ളവരായിരിക്കണമെന്നും അവർ മറ്റുള്ളവരെ കവച്ചുവച്ച് പരാജയപ്പെടുത്തണമെന്നുള്ള ധാർഷ്ട്യത്തോടെയാണ് മക്കളെ പഠിപ്പിക്കുന്നത്. കപ്പം കൊടുത്തു വിദ്യാർത്ഥി ആകുക, പുറത്തു വന്നു കപ്പം വാങ്ങുന്ന ഉദ്യോഗസ്ഥനാകുക എന്നിങ്ങനെയുള്ള ഏറ്റവും ശപ്തമായ രീതിക്കും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രോത്സാഹനമുണ്ട്. ഇവിടെ മനുഷ്യൻ സ്വയത്തെ മാത്രം സ്നേഹിക്കുകയും സമൂഹത്തോടുള്ള പ്രതിബദ്ധത ഇല്ലാതാവുകയും ചെയ്യുന്നു. ആരാണിതിനുത്തരവാദി?

കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച് ശേഷിച്ചവ പന്ത്രണ്ടു കുട്ടകളിൽ നിറച്ചെടുത്ത സംഭവത്തിന് നിത്യ ചൈതന്യയതി നൽകുന്ന വ്യാഖ്യാനം ശ്രദ്ധിക്കാം. യേശുക്രിസ്തു എന്ന വലിയ ഗുരുവിൽ നിന്ന് അറിവാകുന്ന അപ്പം പഞ്ചേന്ദ്രിയധാരികളായ മനുഷ്യർ സ്വീകരിക്കുന്നു. ഈ അറിവ് പന്ത്രണ്ടു ശ്ലീഹന്മാരായ കുട്ടികളിലൂടെയാണ് യേശു പകർന്നത്. പന്ത്രണ്ടു പേർ എത്രപേർക്കു അറിവു പകർന്നു കൊടുത്താലും അവരുടെ അറിവു കുറയാതെ നിൽക്കുന്നു. കൊടുത്തവരും ലഭിച്ചവരും ഒരുപോലെ സന്തോഷിക്കുകയും പരസ്പരം ആദരിക്കുകയും ചെയ്യുന്നു. വലിയ അത്ഭുതമായിരിക്കുന്ന ഈ ദൃഷ്ടാന്തത്തെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം മാതൃകയാക്കി വർത്തിച്ചാൽ നന്നായിരുന്നു!!





# ഓർത്തഡോക്സ് സഭകളും ലോക സഭാ കൗൺസിലും-പ്രതിസന്ധിയും പുതിയ നീക്കങ്ങളും

**ഫാ. ഡോ. കെ. എം. ജോർജ്ജ്**

> സഭകളുടെ ഐക്യത്തിനു വേണ്ടി നിലകൊണ്ട ഈ പ്രസ്ഥാനം ലോകത്തിലെ രാഷ്ട്രീയവും സാമ്പത്തികവും, സാമൂഹികവുമായ എല്ലാ പ്രശ്നങ്ങളിലും ക്രിസ്തീയ ധാർമ്മികതയുടെ വെളിച്ചത്തിൽ ശക്തമായ നിലപാടുകൾ എടുത്തു. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം, പാലസ്തീനിയൻ പ്രശ്നം എന്നിവ മുതൽ ഇറാക്ക് യുദ്ധം വരെയുള്ള അന്താരാഷ്ട്ര പ്രശ്നങ്ങളിൽ കൗൺസിൽ എടുത്ത നിലപാടും നടത്തിയ പ്രവർത്തനങ്ങളും എല്ലാ സഭകൾക്കും അഭിമാനിക്കാവുന്നവയാണ്.

**"ഇ**രുപതാം നൂറ്റാണ്ടിൽ ക്രിസ്തീയ ലോകത്തിനു ലഭിച്ച വലിയ കൃപാവരങ്ങളാ"യിട്ടാണ് ലോക സഭാ കൗൺസിലിനെയും (WCC) രണ്ടാം വത്തിക്കാൻ സുന്നഹദോസിനെയും ഈയിടെ ഒരു പ്രമുഖ കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ വിശേഷിപ്പിച്ചത് ക്രിസ്തീയ സഭാ വിഭാഗങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഭിന്നതകൾക്കും ശത്രുതയ്ക്കും ഉപരിയായി ക്രിസ്തുവിന്റെ ശരീരമായ ഏകസഭ എന്ന ആദർശത്തിലേക്ക് ഒരളവു വരെ ജനങ്ങളെ നയിക്കാൻ എക്യുമെനിക്കൽ പ്രസ്ഥാനത്തിനു കഴിഞ്ഞു. ആഗോള പ്രസ്ഥാനത്തിന്റെ സവിശേഷമായ ആവിഷ്ക്കരണമായിരുന്നു 1948-ൽ രൂപം കൊണ്ട ലോക സഭാ കൗൺസിൽ (World Council of Churches). റോമൻ കത്തോലിക്കാ സഭ അതിൽ ഔദ്യോഗികമായി അംഗത്വം എടുത്തിട്ടില്ലെങ്കിലും സഭൈക്യ പ്രസ്ഥാനവുമായി സഹയാത്ര ചെയ്യാൻ 1960-കളിൽ ആരംഭിച്ച രണ്ടാം വത്തിക്കാൻ സുന്നഹദോസ് തീരുമാനമെടുത്തു.

ലോകത്തിലെ എല്ലാ മുഖ്യ പ്രൊട്ടസ്റ്റന്റ് സഭകളെയും എല്ലാ ഓർത്തഡോക്സ് സഭകളെയും ഏകോപിപ്പിച്ച് ഒരു വേദിയിൽ കൊണ്ടുവരാൻ ലോക സഭാ കൗൺസിലിന് സാധിച്ചു. എങ്കിലും ഇന്ന് അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയാണ് കൗൺസിൽ നേരിടുന്നത്. ഒരു വശത്ത് ഭീമമായ സാമ്പത്തിക തളർച്ച. ഇതുവരെ കൗൺസിലിനെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരുന്ന ജർമ്മൻ സഭകളും മറ്റു പാശ്ചാത്യ സഭകളും അവരുടെ സംഭാവന വെട്ടിക്കുറച്ചു. മറുവശത്ത് ഓർത്തഡോക്സ് സഭകളുടെ നിശിതമായ വിമർശനങ്ങളും കൗൺസിലിന്റെ പ്രവർത്തന ശൈലിയോടും ഘടനയോടുമുള്ള പ്രതിഷേധങ്ങളും. ജോർജിയൻ, സേർബിയൻ ഓർത്തഡോക്സ് സഭകൾ താൽക്കാലികമായി അവയുടെ അംഗത്വം പിൻവലിച്ചു. ഏറ്റവും വലിയ ഓർത്തഡോക്സ് സഭയെന്നു പറയാവുന്ന റഷ്യൻസഭ അംഗത്വം പിൻവലിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കയാണ്.

ലോകത്തിലെ മിക്കവാറും എല്ലാ സഭകളുടെയും അന്താരാഷ്ട്ര വേദി എന്ന നിലയിൽ രൂപം കൊണ്ട സഭാ കൗൺസിലിന്റെ പ്രവർത്തന ചരിത്രം വളരെ ശ്ലാഘനീയമാണ്. സഭകളുടെ ഐക്യത്തിനു വേണ്ടി നിലകൊണ്ട ഈ പ്രസ്ഥാനം ലോകത്തിലെ രാഷ്ട്രീയവും സാമ്പത്തികവും, സാമൂഹികവുമായ എല്ലാ പ്രശ്നങ്ങളിലും ക്രിസ്തീയ ധാർമ്മികതയുടെ വെളിച്ചത്തിൽ ശക്തമായ നിലപാടുകൾ എടുത്തു. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം, പാലസ്തീനിയൻ പ്രശ്നം എന്നിവ മുതൽ ഇറാക്ക് യുദ്ധം വരെയുള്ള അന്താരാഷ്ട്ര പ്രശ്നങ്ങളിൽ കൗൺസിൽ എടുത്ത നിലപാടും നടത്തിയ പ്രവർത്തനങ്ങളും എല്ലാ സഭകൾക്കും അഭിമാനിക്കാവുന്നവയാണ്. അതുപോലെ ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന പല സഭകളെയും, സോവിയറ്റ് കമ്യൂണിസത്തിന്റെ "ഇരുമ്പുമറ"യ്ക്കുള്ളിൽ പീഢയനുഭവിച്ച് കഴിഞ്ഞിരുന്ന ഓർത്തഡോക്സ് സഭകളെയും പൊതു വേദിയിൽ പരസ്പരം ബന്ധപ്പെടുത്താൻ സഭാ കൗൺസിലിന് കഴിഞ്ഞു. അമേരിക്കൻ മുതലാളിത്ത വ്യവസ്ഥയുടെ അതിക്രമങ്ങളെ അതിനിശിതമായി വിമർശിക്കുന്ന ഏക അന്താരാഷ്ട്ര ക്രൈസ്തവ സംഘടനയും ലോക സഭാ കൗൺസിലാണ്. സഭകളുടെ ഐക്യത്തിനുവേണ്ടി കൗൺസിൽ നടത്തിയിട്ടുള്ള ദൈവശാസ്ത്ര പഠനങ്ങളും ചർച്ചകളും മറ്റു പ്രവർത്തനങ്ങളും പ്രസിദ്ധങ്ങളാണ്.

ഇന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ (കോപ്റ്റിക്, സിറിയൻ, എത്തിയോപ്യൻ, അർമ്മീനിയൻ, ഇൻഡ്യൻ സഭകൾ) തമ്മിലുള്ള കുടുംബ ബന്ധത്തിനും പൗരസ്ത്യ ഓർത്തഡോക്സ് സഭകളു (ഗ്രീക്ക്, റഷ്യൻ, അർമേനിയൻ തുടങ്ങിയവ) മായുള്ള ഗാഢ സമ്പർക്കത്തിനും കാരണമാക്കിയത് സഭാ കൗൺസിലാണ്.

1948-ലെ സ്ഥാപക സമ്മേളനത്തിൽത്തന്നെ (ആംസ്റ്റാർഡാം) മലങ്കര ഓർത്തഡോക്സ് സഭ പങ്കെടുത്ത് കൗൺസിലിന്റെ സ്ഥാപകാംഗമായി. വലിയ ഓർത്തഡോക്സ് സഭകളായ റഷ്യൻ സഭ തുടങ്ങിയവ 1961-ലെ

ന്യൂഡൽഹി അസംബ്ലിയിലാണ് അംഗത്വമെടുത്തത്. അന്നാണ് യൂറോപ്പിലെ ഓർത്തഡോക്സ് സഭാ പ്രതിനിധികൾ ആദ്യമായി ഔദ്യോഗികമായി മലങ്കര സഭ സന്ദർശിക്കുന്നത്. മലങ്കരസഭാ പ്രതിനിധികൾ തുടക്കം മുതലേ കൗൺസിലിൽ ശ്രദ്ധേയമായ നേതൃത്വം നൽകിയിട്ടുണ്ട്. ശ്രീമതി സാറാ ചാക്കോ, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഫാ. വി. സി. സാമുവൽ, ഫാ. കെ. സി. ജോസഫ്, സി. ഐ. ഇട്ടി, തുടങ്ങിയ പേരുകൾ കൗൺസിലിന്റെ ചരിത്രവുമായി അഭേദ്യബന്ധമുള്ള മലങ്കരസഭാംഗങ്ങളാണ്.

### പുതിയ പ്രതിസന്ധി

1998-ൽ ഗ്രീസിലെ തെസ്സലോനിക്യയിൽ കൂടിയ പൗരസ്ത്യ ഓർത്തഡോക്സ് സഭാ പ്രതിനിധികൾ ലോക കൗൺസിൽ അംഗത്വം സംബന്ധിച്ച് പുതിയ ചോദ്യങ്ങൾ ഉയർത്തി. അതിനടുത്ത വർഷം സിംബാബ്‌വേയിലെ ഹാരേരേയിൽ നടക്കുന്ന അസംബ്ലിക്കുവേണ്ടിയുള്ള തയ്യാറെടുപ്പുകൾക്കിടയിലാണ് ഓർത്തഡോക്സ് സഭകൾ പുതിയ പ്രശ്നങ്ങൾ ഉന്നയിച്ചത്. അഞ്ച് കാര്യങ്ങളാണ് അവർ ഊന്നിപ്പറഞ്ഞത്.

1. കൗൺസിൽ അംഗത്വം സംബന്ധിച്ച കാര്യങ്ങളിൽ ആദിമുതലേ ഓർത്തഡോക്സ് സഭകൾക്ക് പരാതിയുണ്ടായിരുന്നു. ഇന്നു ഏതാണ്ടു 340 സഭകളാണ് അംഗങ്ങളായിട്ടുള്ളത്. അതിൽ ഏതാണ്ട് 22 തദ്ദേശീയ ഓർത്തഡോക്സ് സഭകളൊഴിച്ചാൽ ബാക്കിയെല്ലാം നവീകരണ പാരമ്പര്യത്തിൽപ്പെട്ട സഭകളാണ്. സഭകളുടെ എണ്ണം ആ വിഭാഗത്തിൽ ഓരോ വർഷവും കൂടുന്നു. ഓർത്തഡോക്സ് സഭകളുടെ എണ്ണം മിക്കവാറും സ്ഥിരമാണ്. പുതിയ നവീകരണ സഭകൾ കൗൺസിലിൽ അംഗത്വം തേടുന്നു. തൽഫലമായി, പല കാര്യങ്ങളിൽ വോട്ടിംഗും മറ്റും വരുമ്പോൾ സ്വാഭാവികമായും പ്രോട്ടസ്റ്റു വിഭാഗങ്ങൾ ഭൂരിപക്ഷവും ഓർത്തഡോക്സുകാർ ന്യൂനപക്ഷവുമാകുന്നു. സഭകളുടെ ഐക്യത്തെ പ്രോൽസാഹിപ്പിക്കുന്നതിനു പകരം ഫലത്തിൽ (പ്രോട്ടസ്റ്റന്റു) സഭകളുടെ വിഭജനത്തെ സഭാ കൗൺസിൽ ന്യായീകരിക്കുന്നു ഇതുമൂലം.

2. തീരുമാനങ്ങൾ എടുക്കുന്ന ശൈലിയും പ്രക്രിയയും. ലോകസഭാ കൗൺസിലിന്റെ ലോക സമ്മേളനം (ഏഴു വർഷം കൂടുമ്പോഴുള്ള പ്രതിനിധി അസംബ്ലി), സെൻട്രൽ കമ്മറ്റി എന്നിവയിൽ പാശ്ചാത്യ പാർലമെന്ററി സമ്പ്രദായമനുസരിച്ച ശൈലിയിലാണ് അനുവർത്തിക്കുന്നത്. ഈ ശൈലി പാശ്ചാത്യ രാജ്യങ്ങളിലെ സഭകൾക്കും പാശ്ചാത്യ കോളനികളായിരുന്ന സ്ഥലങ്ങളിലെ സഭകൾക്കുമേ പരിചയമുള്ളു. മറ്റു സഭകൾ (ഉദാ. പൂർവ്വ യൂറോപ്യൻ കമ്യൂണിസ്റ്റ് ഭരണത്തിൽ കഴിഞ്ഞിരുന്ന ഓർത്തഡോക്സ് സഭകൾ)ക്ക് ഈ ശൈലി അപരിചിതമാണ്. മാത്രവുമല്ല, സഭയുടെ വിശ്വാസപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വോട്ടിംഗ് വരുന്നത് ഒരിക്കലും ഓർത്തഡോക്സ് സഭകൾക്ക് അനുകൂലമാവുകയില്ല. അതുകൊണ്ടു വോട്ടിംഗ് ഒഴിവാക്കി, അഭിപ്രായ സമന്വയമുണ്ടാക്കുന്ന ശൈലി അനുവർത്തിക്കണമെന്ന് ഓർത്തഡോക്സ് സഭകൾ ആവശ്യപ്പെടുന്നു.

3. 'ഒരുമിച്ചുള്ള പ്രാർത്ഥന' (Common Prayer). ഓർത്തഡോക്സ് സഭകളും പ്രൊട്ടസ്റ്റന്റ് സഭകളും ഒരുമിച്ച് കൗൺസിൽ സമ്മേളനത്തിലും മറ്റും പ്രാർത്ഥന നടത്തുന്നതിനെതിരെ ശക്തിയായ പ്രതിഷേധം റഷ്യയിലെയും മറ്റും ചില എക്യുമെനിക്കൽ വിരുദ്ധ ലോബികളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട്, ആന്തരിക ഛിദ്രമുണ്ടാവുമെന്ന ഭയം മൂലം സഭാധികാരികൾ ഇക്കാര്യം ഒരു പ്രമുഖ വിഷയമായി അവതരിപ്പിക്കുന്നു. "വേദവിപരീതകളു"മായി കൂടിച്ചേർന്ന് പ്രാർത്ഥിക്കരുത് എന്ന പുരാതന കാനോനുകളുടെ വെളിച്ചത്തിലാണ് ഈ പുതിയ വിമർശനം.

4. സാമൂഹിക-ധാർമ്മിക ചോദ്യങ്ങൾ. ഇന്നത്തെ പാശ്ചാത്യ സംസ്ക്കാരം എല്ലാ ക്രിസ്തീയ ധാർമ്മികതയും അവഗണിച്ചു സാമൂഹ്യ സദാചാരത്തിന് നിരക്കാത്ത രീതികൾ പലതും ന്യായീകരിക്കുന്നു. ചില പാശ്ചാത്യ സഭകളും ഇക്കാര്യത്തിൽ ഒഴുക്കിനൊപ്പം നീങ്ങുകയാണ്. ഉദാഹരണമായി, സ്വവർഗ്ഗ വിവാഹം (homosexual marriage) പ്രകൃതി വിരുദ്ധവും പാപകരവുമാണെന്ന വേദപുസ്തക ഉപദേശത്തിൽ ഓർത്തഡോക്സ് സഭകളും ഏഷ്യൻ-ആഫ്രിക്കൻ പ്രോട്ടസ്റ്റന്റ് സഭകളും ഉറച്ചു നിൽക്കുന്നു. എന്നാൽ പാശ്ചാത്യ ലോബികൾ വൻ സ്വാധീനം ഉപയോഗിച്ച് തങ്ങളുടെ നിലപാടിനെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. ഇതുവരെയും ആ വെട്ടിൽ കൗൺസിൽ വീണിട്ടില്ലെങ്കിലും പാശ്ചാത്യ സംസ്കാരത്തിന്റെ അധീശത്വവും സാമ്പത്തിക ശേഷിയും ഓർത്തഡോക്സ് സഭകളെ ആശങ്കാകുലമാക്കുന്നു.

5. സഭാ ശാസ്ത്രപരമായ വിഷയങ്ങൾ: സഭാ കൗൺസിൽ സഭകളുടെ ഒരു സ്വതന്ത്ര കൂട്ടായ്മയാണ്. സഭൈക്യത്തിനു വേണ്ടി പ്രവർത്തിക്കുകയാണ് അതിന്റെ മുഖ്യ ചുമതല. അതല്ലാതെ രാഷ്ട്രീയ സാമൂഹിക കാര്യങ്ങളിൽ ഒരു "സൂപ്പർ സഭ"യെന്ന മട്ടിൽ പ്രസ്താവനകൾ ഇറക്കുന്നതും ഇടപെടുന്നതും ചില ഓർത്തഡോക്സ് സഭകൾ എതിർക്കുന്നു. അതുകൊണ്ട് കൗൺസിലിന്റെ സഭാ ശാസ്ത്രപരമായ (ecclesiological) സ്ഥാനവും സ്വഭാവവും എന്താണെന്ന പുതിയൊരു ചർച്ച ആവശ്യമാണെന്ന് ഓർത്തഡോക്സ് സഭകൾ ചിന്തിക്കുന്നു.

### സ്പെഷ്യൽ കമ്മീഷൻ

ഈ പുതിയ നീക്കങ്ങളുടെ ഫലമായി 1999-ലെ ഹരാരേ അസംബ്ലി ഒരു പുതിയ കമ്മീഷനെ നിയമിച്ചു. ഓർത്തഡോക്സ് പ്രതിനിധികളും പ്രോട്ടസ്റ്റന്റ് പ്രതിനിധികളും സമംസമം ഉള്ള (ആദ്യമായിട്ടാണ് ഒരു കൗൺസിൽ കമ്മറ്റിയിൽ സമാസമം പ്രാതിനിധ്യം) "സ്പെഷ്യൽ കമ്മീഷൻ" മേൽപ്പറഞ്ഞ വിഷയങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തി കഴിഞ്ഞ സെൻട്രൽ കമ്മറ്റികളിൽ റിപ്പോർട്ടവതരിപ്പിച്ചു.

ആ റിപ്പോർട്ട് പരമോന്നത സമിതിയായ സെൻട്രൽ കമ്മറ്റി അംഗീകരിച്ചു. അതിന്റെ വിവക്ഷകൾ നടപ്പിലായാൽ, ലോക സഭാ കൗൺസിലിന്റെ ഘടനയിലും പ്രവർത്തന ശൈലിയിലും സാരമായ മാറ്റങ്ങൾ വരും. അങ്ങനെ വന്നാൽ ഓർത്തഡോക്സ് സഭകൾ ഒരു പക്ഷേ കൂടുതൽ സജീവമായി എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ പങ്കെടുത്തേക്കാം.

പുതുതായി ഉണ്ടായി വരുന്ന സഭകൾക്കെല്ലാം അംഗത്വം കൊടുക്കുന്ന രീതി അവസാനിക്കും. അംഗത്വം കർശനമായ നിയമങ്ങളും അംഗത്വ ഫീസുമുള്ള രീതിയിലേക്ക് മാറ്റും. ഇപ്പോൾ

*ശേഷം 34-ാം പേജിൽ*





ഫാ. ഡോ. ഒ. തോമസ്

# അപകടകരമായ ജനാധിപത്യം

"ഭരണസമ്പ്രദായങ്ങളിൽ ഏറ്റം മോശമായത് ജനാധിപത്യമാണ്. അതേസമയം പരീക്ഷിച്ചറിഞ്ഞതിൽ ഏറ്റം മെച്ചപ്പെട്ടതും അതു തന്നെ". ജനാധിപത്യ സമ്പ്രദായത്തിന്റെ ഗുണദോഷങ്ങളെ വിശദീകരിക്കാൻ ഇതിനേക്കാൾ പറ്റിയ ഒരു ആപ്തവാക്യം ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല. 18-ാം നൂറ്റാണ്ടിലുണ്ടായ യൂറോപ്യൻ പ്രബുദ്ധതയുടെ ശ്രദ്ധേയമായ ഒരു സംഭാവനയാണ് ആധുനിക ജനായത്ത ഭരണസമ്പ്രദായം; അതിന്റെ ആദ്യ രൂപം പ്ലേറ്റോ 'റിപ്പബ്ലിക്കി'ലും ഗ്രീക്ക് സിറ്റി സ്റ്റേറ്റുകളിലും പരീക്ഷിച്ചിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ആ നിലയിൽ ഗ്രീസായിരിക്കാം. ഈ സമ്പ്രദായത്തിന്റെ പിള്ളത്തൊട്ടിൽ.

> **ജനാധിപത്യത്തിന്റെ ഏറ്റവും വലിയ അപകടമായ സംഘടിത ന്യൂനപക്ഷം എപ്പോഴും അസംഘടിതമായ ഭൂരിപക്ഷത്തിന്റെ മേൽ വാണുകൊണ്ടിരിക്കുന്നു. സംഘടിതമായ 5-10% വരുന്ന രാഷ്ട്രീയക്കാരാണല്ലോ ബാക്കി 90%ത്തേയും നിയന്ത്രിക്കുന്നത്. വേണമെങ്കിൽ പാർട്ടികൾക്ക് മാറിമാറി വോട്ടു ചെയ്യാമെന്നല്ലാതെ ഫലത്തിൽ സംഘടിത ന്യൂനപക്ഷത്തെ നിയന്ത്രിക്കാൻ ബഹുഭൂരിപക്ഷത്തിനും വഴികളൊന്നുമില്ല. അവരുടെ നാവായി പ്രവർത്തിക്കാൻ പത്രങ്ങൾക്ക് കുറെസാദ്ധ്യതകളൊക്കെയുണ്ട്, അതും സഭയിലോ ഇടവകയിലോ ഇല്ലല്ലോ. ചുരുക്കത്തിൽ സെക്കുലർ ലോകത്തിൽ സംഭവിച്ചത് നമ്മുടെ ഇടവകകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു.**

യൂറോപ്പിലാണ് ഈ സമ്പദ്രായം ആധുനിക കാലഘട്ടത്തിൽ ഉയർത്തെഴുന്നേറ്റത്. യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ ഒട്ടേറെ രാജ്യങ്ങളാണ് ഈ ഭരണസമ്പ്രദായം പരീക്ഷിച്ചതെങ്കിലും, റോമൻ കത്തോലിക്കാസഭ, എന്തുകൊണ്ടോ അവരുടെ ഭരണത്തിൽ ഈ സമ്പ്രദായം സ്വീകരിച്ചില്ല. നവീകരണത്തിനുമുമ്പ് കത്തോലിക്കാ സഭയുടെ ശക്തികേന്ദ്രം യൂറോപ്പായിരുന്നല്ലോ. മറ്റനേകം കാര്യങ്ങളിൽ കത്തോലിക്കാ സഭ പാശ്ചാത്യ രീതികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഭരണ ക്രമത്തിൽ ഏതാണ്ട് ഫ്യൂഡലിസത്തോട് സമാനമായ ഒരു രീതിയാണ് ഇപ്പോഴും അനുവർത്തിച്ചുവരുന്നത്. ഫ്യൂഡൽ പ്രഭുക്കന്മാരെപ്പോലെ ശക്തമായ കർദ്ദിനാൾ സംഘങ്ങൾ രാജാവിനെയെന്നപോലെ പോപ്പിനേയും മറ്റു കാര്യങ്ങളേയും നിയന്ത്രിക്കുന്നു. പുറമെ രാജാവിന് എല്ലാ നിയന്ത്രണവുമുണ്ടെന്നു തോന്നിക്കുമാറ് റോമാ പോപ്പും അപ്രമാദിത്യ സിദ്ധാന്തത്തിന്റെ പിൻബലത്തോടെ നിലകൊള്ളുന്നു. ഇതിന്റെ ചുവടുപിടിച്ച് കത്തോലിക്കാ സഭയുടെ താഴത്തെ തട്ടിലുള്ള ഇടവകയിലും അധികാരം കയ്യാളുന്നതിന് ഒരു നിശ്ചിത കേന്ദ്രമുണ്ട്. ഇടവക വികാരിയല്ലാതെ മറ്റാരുമല്ല ആ സ്ഥാനത്തുള്ളത്, ഈ സമ്പ്രദായത്തിന് പലവിധ ദൂഷ്യങ്ങളുമുണ്ട്. ഒരുപക്ഷേ പൗരോഹിത്യ നൽവരം മാറ്റിവെച്ചാൽ നന്മയിലും, വിശുദ്ധിയിലും മുൻപിൽ നിൽക്കുന്ന കുറെയെങ്കിലും ദൈവജനം ഓരോ ഇടവകയിലുമുണ്ടെങ്കിൽ അവരുടെ നൻമയെ ഉൾക്കൊണ്ടുപോകാനുള്ള സാദ്ധ്യത പരിമിതമാകുന്നു. തന്നേയുമല്ല ഭരിക്കുന്നവരും, ഭരണീയരുമെന്ന ഒരു വേർതിരിവ് ഉണ്ടാകുകയും ചെയ്യുന്നു. നവീകരണം ഒരു കണക്കിന് ഈ അധികാര കേന്ദ്രീകരണത്തോടുള്ള മറുതലിപ്പ് കൂടിയായിരുന്നല്ലോ; എന്നാൽ വ്യക്തമായ ഒരു അധികാര കേന്ദ്രമുള്ളതിനാൽ കാര്യങ്ങളുടെ നടത്തിപ്പ് വേഗത്തിലും കാര്യക്ഷമതയിലും ആവാൻ സാദ്ധ്യതയുണ്ട്. കത്തോലിക്കാ സ്ഥാപനങ്ങളുടെ വളർച്ചക്ക് ഈ ഘടന വളരെ സഹായിച്ചിട്ടുണ്ട്.

പുരാതനമായ സഭയെങ്കിലും നമുക്ക് എഴുതപ്പെട്ട ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള ഒരു ശൈലി ഉണ്ടായിട്ട് ഒരു നൂറ്റാണ്ടാകാൻ ഇനിയും മൂന്നു ദശകങ്ങൾ കൂടി കഴിയണം. പരീക്ഷിച്ചറിഞ്ഞ സമ്പ്രദായങ്ങളുടെ ഗുണദോഷങ്ങളും, ദൈവശാസ്ത്രപരമായ അടിസ്ഥാനങ്ങളും കണക്കിലെടുത്താണ് അതിന്റെ തത്ത്വങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇടവക ശുശ്രൂഷയിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും, വൈദികനും, അവൈദികനും തമ്മിൽ ഒരകൽച്ച ഉണ്ടാകരുത്. അപ്രമാദിത്വം-വൈദികന്റെയും ജനങ്ങളുടേയും - ഒഴിവാക്കപ്പെടണം, പൗരോഹിത്യ നൽവര മൊഴിച്ചാൽ മറ്റെല്ലാ കാര്യങ്ങളിലും ദൈവജനം, ദൈവകൃപയുടെ നീർച്ചാലുകളാണ്. അവർ തരംതാഴ്ത്തപ്പെടരുത്. അതുകൊണ്ട് മെത്രാപ്പോലീത്തായും കാതോലിക്കായുമെല്ലാം അവരും കൂടി ചേർന്ന് തെരഞ്ഞെടുക്കപ്പെടണം എന്നാൽ ഇവിടേയും വലിയ ഒരു കുറവുണ്ട്. ദൈവജനത്തിന്റെ കൂട്ടത്തിൽ പകുതിയിലധികം വരുന്ന സ്ത്രീ ജനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. വല്ല കോടതിവിധിയും വരാതെ അതിനു മാറ്റം വരുമെന്നു തോന്നുന്നില്ല. തൽക്കാലം അതവിടെ നിൽക്കട്ടെ.

നേരത്തേ സൂചിപ്പിച്ച തത്ത്വം എപ്പോഴും പ്രായോഗികമായി പാലിക്കപ്പെട്ടിരുന്നില്ല. ചിലയിടത്ത്, വൈദികരുടെ അപ്രമാദിത്യവും, മറ്റു ചിലയിടങ്ങളിൽ ജനങ്ങളുടെ അപ്രമാദിത്യവും മാറി മാറി വന്നിരിക്കാം. എന്നിരുന്നാലും പൊതുവായി വൈദികരും ജനങ്ങളും കൂടിച്ചേർന്ന് കാര്യങ്ങൾ നിർവ്വഹിക്കുക എന്ന രീതി തന്നെ തുടർന്നിരുന്നു. ഈ സ്ഥിതി ഇന്ന് മാറിയിരിക്കുന്നു. "വികാരിയോടു കൂടി കൈക്കാരനെ നിയമിച്ചിരിക്കുന്നു" എന്ന കല്പനയുടെ തത്വം സാമ്പത്തികത്തിൽ മുൻതൂക്കമുള്ള മിക്ക ഇടവകകളും ലംഘിച്ചുകഴിഞ്ഞു. ചെറിയ ഇടവകകളും അവരെ അനുകരിച്ചു തുടങ്ങിയിരിക്കുന്നു. ഇടവകയുടെ പണം ചെലവഴിക്കുമ്പോൾ ക്രിസ്തീയ കാര്യവിചാരകത്വ ബോധം

നിലനിർത്തണമെങ്കിൽ അതേപ്പറ്റി ബോധിപ്പിക്കാനുള്ള അവകാശം വൈദികനും, അതുൾക്കൊള്ളുവാനുള്ള സന്നദ്ധത ഭരണസമിതിക്കുമുണ്ടാകണം. എന്നാൽ അച്ചൻ അതേപ്പറ്റി ഒന്നും അറിയേണ്ട. ഞങ്ങൾ അതൊക്കെ തീരുമാനിച്ചുകൊള്ളാം. എന്ന മട്ടിലാണ് ഇടവക പൊതുയോഗങ്ങളും കമ്മറ്റികളും തീരുമാനമെടുക്കുന്നത്.

ഇവിടെ ശ്രദ്ധേയമായ മറ്റൊരുവശം കൂടിയുണ്ട്. ജനാധിപത്യത്തിന്റെ ഏറ്റവും വലിയ അപകടമായ സംഘടിത ന്യൂനപക്ഷം എപ്പോഴും അസംഘടിതമായ ഭൂരിപക്ഷത്തിന്റെ മേൽ വാണുകൊണ്ടിരിക്കുന്നു. സംഘടിതമായ 5–10% വരുന്ന രാഷ്ട്രീയക്കാരാണല്ലോ ബാക്കി 90%ത്തേയും നിയന്ത്രിക്കുന്നത്. വേണമെങ്കിൽ പാർട്ടികൾക്ക് മാറിമാറി വോട്ടു ചെയ്യാമെന്നല്ലാതെ ഫലത്തിൽ സംഘടിത ന്യൂനപക്ഷത്തെ നിയന്ത്രിക്കാൻ ബഹുഭൂരിപക്ഷത്തിനും വഴികളൊന്നുമില്ല. അവരുടെ നാവായി പ്രവർത്തിക്കാൻ പത്രങ്ങൾക്ക് കുറെ സാദ്ധ്യതകളൊക്കെയുണ്ട്, അതും സഭയിലോ ഇടവകയിലോ ഇല്ലല്ലോ. ചുരുക്കത്തിൽ സെക്കുലർ ലോകത്തിൽ സംഭവിച്ചത് നമ്മുടെ ഇടവകകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇടവകകളിലെ സംഘടിത ന്യൂനപക്ഷം നിശബ്ദരായ ബഹു ഭൂരിപക്ഷത്തെ അടക്കിവാഴുന്നു, ഇടവകപ്പട്ടക്കാരായ വൈദികർക്ക് തങ്ങളുടെ കുടുംബത്തിന്റെയും ചാർച്ചക്കാരുടേയും പിൻബലത്തോടെ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചില നിയന്ത്രണങ്ങൾ വരുത്താനാവുമായിരുന്നു. ഒരുപക്ഷേ അപ്രമാദിത്യത്തിന്റെ നിലയിലേക്ക് അതു പോയിട്ടുണ്ടായിരിക്കാം. ഏതായാലും തൽക്കാല പരിതസ്ഥിതി അങ്ങനെയല്ല. ഇടവകപ്പട്ടത്വം അവസാനിപ്പിച്ച് മൂന്നു വർഷ നിയമനം പട്ടക്കാർക്ക് വന്നതോടുകൂടി പ്രായമായ മിക്ക വൈദികരും ചെറിയ ഇടവകകളിലും ചെറുപ്പക്കാരായവർ വലിയ ഇടവകകളിലുമായി നിയമിതരാകുന്ന രീതി വന്നു കഴിഞ്ഞു. ഈ ചെറുപ്പക്കാരായ വൈദികർ ഇടവകകളിൽ അന്യന്മാരാണ്. അവർക്ക് അവിടെ വേരുകളില്ല, പിൻബലമില്ല. ഇടവകയിലെ സംഘടിതമായ ന്യൂനപക്ഷ ഭരണക്കാരോട് ഒന്നുകിൽ പോരാടാം, അല്ലെങ്കിൽ നിസ്സംഗതയോടെ പിൻവാങ്ങാം. ശാസിക്കേണ്ടിടത്ത് ശാസിച്ചും, അനുനയിപ്പിക്കേണ്ടിടത്ത് അങ്ങനെയും ചെയ്ത് ഇടവകയെ നയിക്കാനുള്ള പക്വത നന്നേ ചെറുപ്പത്തിൽ നേടാൻ വളരെ വിഷമമാണ്. അതിനാൽ മിക്ക വൈദികരും നിസ്സംഗതയോടെ പിൻമാറുന്ന ദയനീയമായ കാഴ്ചയാണ് എവിടേയും. ഭരണക്കാർ എഴുതിക്കൊടുക്കുന്നതും പറയുന്നതും വിളിച്ചുപറയുവാൻ ഇവർ നിർബന്ധിതരാകുന്നു. തെറ്റുകൾ കണ്ടാൽ കണ്ണടച്ച് കണ്ടില്ലായെന്ന്, നടിച്ചുപോകുന്നു. ചില ഉദാഹരണങ്ങൾ കൂടി നിരത്തട്ടെ. കഴിഞ്ഞ ക്രിസ്മസ്സിന് പാടാൻ പോയ കുറച്ചു ചെറുപ്പക്കാർക്ക് പാടണമെങ്കിൽ 'വീര്യം' ഉള്ളിൽ ചെല്ലണം, വീര്യം ചെലുത്തി എന്നു മാത്രമല്ല അതിന്റെ ചിലവ് കരോൾ പിരിവിൽ നിന്നും കൊടുക്കണമെന്ന് പരസ്യമായി ആവശ്യവും. അതിനെ പിൻതാങ്ങുവാൻ പ്രായമായ ചിലരും രംഗത്തുവന്നു. സുബോധമുള്ള കുറച്ചുപേർ വേറെ ഉണ്ടായിരുന്നതിനാൽ 'വീര്യത്തിന്റെ ചിലവ്' കയ്യിൽനിന്നു തന്നെ വഹിക്കേണ്ടിവന്നു. വൈദികൻ ഇതൊന്നും അറിഞ്ഞിട്ടില്ല. അറിഞ്ഞെങ്കിൽ അറിഞ്ഞതായി ഭാവിച്ചുമില്ല.

മറ്റൊരിടവകയിൽ യുവാക്കൾക്ക് തീർത്ഥാടനത്തിനു പോകണമത്രെ. സഭയുടേതല്ലാത്ത കേന്ദ്രത്തിലേക്കുപോകുന്നത് വിളിച്ചുപറയുവാൻ യുവ വൈദികന് താൽപ്പര്യമില്ലെങ്കിലും അപ്രതിരോധ്യമായ യുവജന സംഘടനയുടെ ശക്തിയോർത്ത് പലപ്രാവശ്യം വിളിച്ചുപറയേണ്ടിവന്നു. തീർത്ഥാടനം എവിടേയ്ക്കാണെങ്കിലും ഭക്തി നിർഭരമായിരിക്കുമല്ലോ എന്നോർത്ത് കയറിക്കൂടിയ പാവങ്ങൾ പിന്നീട് മനസ്സിലാക്കി "ഇത് യുവാക്കൾക്ക് കുപ്പി പൊട്ടിക്കാനുള്ള അവസരമാണെന്ന്." തിരുപ്പതിക്കും ശബരിമലയ്ക്കും തീർത്ഥാടനം ക്രമീകരിച്ചാൽ അതും വിളിച്ചു പറയുവാൻ പാവം വൈദികൻ നിർബന്ധിതനാവും. ഇതിനെയെല്ലാം വിമർശിക്കുന്ന നല്ലവരും.മാന്യന്മാരുമായവർ ഇടവകകളിലുണ്ട്. അവർ തങ്ങളുടെ മാളങ്ങളിലിരുന്ന് വൈദികനെ ഓർമ്മിപ്പിക്കും 'വിട്ടുകൊടുക്കരുത്' എന്ന്. അങ്ങനെ ബലിയാടാകുന്നതുകൊണ്ട് എന്തു പ്രയോജനമെന്നാണ് കേവലം 3 വർഷത്തെ ഇടവേളയ്ക്കായി വന്നിരിക്കുന്ന മിക്ക വൈദികരുടേയും ചോദ്യം, അഥവാ അൽപ്പം ക്രിസ്തീയ മനസ്സാക്ഷിയോടെ രംഗത്തുവന്നാൽ അത്തരം വൈദികരെ പിൻതാങ്ങാൻ മുകളിലോ താഴെയോ ആരുമില്ലെന്നുള്ളതാണ്. സ്വന്തം കുടുംബാംഗങ്ങൾ പോലും നിരുത്സാഹപ്പെടുത്തും. ഭരണരംഗത്തുള്ള പ്രതിസന്ധിയെ ചൂണ്ടിക്കാണിച്ചതിന്റെ വെളിച്ചത്തിൽ വൈദികരിൽ ഒരു കുറ്റവും കുറവുമില്ലാ എന്നു സ്ഥാപിക്കാൻ ശ്രമിച്ചതായി വ്യാഖ്യാനിക്കരുത്. വൈദികരുടെ വ്യക്തിപരമായ കുറവുകളുടെപേരിൽ ആ സമൂഹത്തെയാകമാനം ബലഹീനമാക്കിയാൽ സഭ എവിടെച്ചെന്നു നിൽക്കുമെന്ന് ഏവരും ചിന്തിക്കണം. ഇടവകയിലെ സംഘടിതമായ ന്യൂനപക്ഷത്തിന്റെ മുൻപിൽ വൈദികനും ബഹുഭൂരിപക്ഷവും മുട്ടുമടക്കുന്ന സ്ഥിതി തുടർന്നാൽ രാഷ്ട്രീയത്തിലെന്നപോലെ ഇടവകകളും ജീർണ്ണതയുടെ പരിസമാപ്തിയിലെത്താൻ അധികകാലം വേണ്ടിവരില്ല.

●


## കമ്മീഷൻ വാങ്ങുന്നില്ല

സഭാ മക്കൾക്ക് അനുയോജ്യമായ വരനെ/വധുവിനെ ലഭിക്കുവാൻ വെൽക്കം മാട്രിമോണിയൽ ലൈബ്രറി കലൂർ ടവർ (ഒരു ചാരിറ്റബിൾ സ്ഥാപനം) Pin- 682017. PH: 2342800 - 531456 - 0484 ബയോഡേറ്റയോടൊപ്പം കുടുംബാംഗങ്ങളുടെ വിവരം കാണിച്ച് അപേക്ഷിക്കുക.

| വധുവിനെ ആവശ്യമുണ്ട് | വരനെ ആവശ്യമുണ്ട് |
|---|---|
| 27 വയസ്സ് - 176 c.m. M.S.C. Agr: Higher Secondary Teacher, Kollam Dist. | MSc.Bed + Set C.B.S.C. +2 Teacher |
| 30 വയസ്സ് - Bcom. B.H.M. 165 c.m. Star Hotel Dubai | 26 വയസ്സ് - 165 c.m. M. Phil എറണാകുളത്ത് ജോലി ചെയ്യുന്നു. |
| 29 വയസ്സ് - 5'-9" Bank Manager, ദുബായിൽ ജോലി ചെയ്യുന്നു. | 24 വയസ്സ് - 158 c.m. M.Com., P.G.D.C.A. |






# സഭാഭരണഘടനയും പാത്രിയർക്കേറ്റും


അഡ്വ. സജി കൊടുവത്ത്


മലങ്കരസഭാ ഭരണഘടനയിൽ പാത്രിയർക്കീസിനു നൽകിയിട്ടുള്ള സ്ഥാനം എന്താണെന്നുള്ളതു സംബന്ധിച്ച തർക്കങ്ങൾക്കു സഭാ ഭരണഘടനയോളം പഴക്കമുണ്ട്. മലങ്കരയിൽ സജീവാധികാരമുള്ള വൈദിക സ്ഥാനിയാണു പാത്രിയർക്കീസെന്നും ഈ അധികാരം പ്രഘോഷിക്കുന്നതാണു സഭാ ഭരണഘടനയുടെ ഒന്നാം വകുപ്പെന്നും ചില സഭാംഗങ്ങൾ വിശ്വസിക്കുന്നു. കാതോലിക്കോസിന്റെയും മലങ്കരയിലെ സുന്നഹദോസിന്റെയും പ്രാമാണ്യം കുറയ്ക്കുന്നതോ ഇല്ലാതാക്കുന്നതോ ആണ് ഒന്നാം വകുപ്പെന്നു ചിന്തിക്കുന്നവരും മലങ്കരയിലുണ്ട്. ഈ വകുപ്പ് ഉടൻ തിരുത്തണമെന്നാണ് ഇവരുടെ നിലപാട്.

കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനം മൂലം പാത്രിയർക്കീസിനു മലങ്കര സഭയിൽ ഊർജ്ജിതമായ അധികാരങ്ങൾ ഇല്ലെന്ന സുദൃഢമായ നിലപാടായിരുന്നു ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്നത്. 1928-ൽ അവസാനിച്ച വട്ടിപ്പണക്കേസിന്റെ അന്തിമ വിധിയിൽ ഈ നിലപാട് ഉറപ്പിച്ചിരുന്നതാണ്. എന്നാൽ പാത്രിയർക്കേറ്റും മലങ്കര സഭയും തമ്മിലുള്ള പരസ്പര സംസർഗ്ഗവും പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള കാനോനിക ബന്ധവും ഭരണഘടനയിൽ പ്രതിഫലിക്കേണ്ടത് അനിവാര്യമായിരുന്നു. മലങ്കരസഭയിൽ വ്യവസ്ഥാപിത ഭരണരീതി രൂപപ്പെടുന്ന കാലയളവിൽ അന്ത്യോക്യാ പാത്രിയർക്കീസിനെ മലങ്കര സഭയുടെ ആത്മീയ മേലദ്ധ്യക്ഷനായി അംഗീകരിച്ചിരുന്നു എന്നതാണിതിനു പ്രധാന കാരണം. മറ്റൊന്ന്, തെഗ്രീസിൽ വ്യാപരിച്ചിരുന്ന കാതോലിക്കേറ്റ് ആണ് മലങ്കരയിൽ പുനഃസ്ഥാപിച്ചത് എന്നതാണ്.

സഭാ ഭരണഘടനയിൽ പാത്രിയർക്കീസിനെപ്പറ്റി പരാമർശിക്കുന്ന വകുപ്പുകൾ, മലങ്കരസഭയെ നാശത്തിലേക്കു തള്ളിവിടുന്ന മുടക്കുകൾക്കു വഴിമരുന്നാകരുതെന്നും മലങ്കരസഭ സ്വയം സ്വീകരിക്കുന്ന അടിമത്വത്തിന്റെ അടയാളമാകരുതെന്നും ഭരണഘടനാ ശില്പികൾക്ക് നിർബ്ബന്ധമുണ്ടായിരുന്നു. ഇതിൽ അവർ പൂർണ്ണമായി വിജയിച്ചു എന്നാണു മലങ്കരയിലെ പാത്രിയർക്കീസ് പക്ഷത്തിന്റെ പിന്നീടുള്ള നിലപാടുകളും, ഒന്നും രണ്ടും സമുദായക്കേസുകളിലെ വിവിധ കോടതി വിധികളും വ്യക്തമാക്കുന്നത്.

## ഭരണഘടനാ വകുപ്പുകൾ

അന്ത്യോക്യാ പാത്രിയർക്കീസും, മലങ്കരസഭയുമായുള്ള ബന്ധം സൂചിപ്പിക്കുന്ന ഭരണഘടനാ വകുപ്പുകൾ താഴെ പറയുന്നവയാണ്.

1. മലങ്കരസഭ, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും, ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ അന്ത്യോക്യാ പാത്രിയർക്കീസും ആകുന്നു.

2. മലങ്കര സഭ, മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കോസും ആകുന്നു.


94. മലങ്കരയുടെ ലൗകികവും ആത്മീയവും വൈദികവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്കു വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

100. മേല്പട്ടക്കാരെ വാഴിക്കുക, എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിക്കുക, സുന്നഹദോസിന്റെ നിശ്ചയങ്ങളെ പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, സുന്നഹദോസിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഭരണം നടത്തുക, മൂറോൻ കൂദാശ ചെയ്യുക, എന്നിവ കാതോലിക്കായുടെ അധികാരത്തിൽപെട്ടവയാകുന്നു.

101. കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കര സഭ അംഗീകരിക്കുന്നതാകുന്നു.

114. ........................മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ, കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനേയും

> **കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കരസഭ അംഗീകരിക്കുന്നതാകുന്നു.**
>
> **മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് ഉണ്ടെങ്കിൽ, കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനേയും ക്ഷണിക്കേണ്ടതും പാത്രിയർക്കീസ് വരുന്ന പക്ഷം സിനഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കേണ്ടതുമാകുന്നു.**



ക്ഷണിക്കേണ്ടതും പാത്രിയർക്കീസ് വരുന്ന പക്ഷം സിനഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കേണ്ടതുമാകുന്നു.

118. ..................... പരാതി കാതോലിക്കായെപ്പറ്റിയാണെങ്കിൽ മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ, പാത്രിയർക്കീസിനെക്കൂടെ ക്ഷണിക്കേണ്ടതും അദ്ദേഹം വരുന്ന പക്ഷം പ്രസിഡണ്ടായിരിക്കുന്നതും, വരാത്തപക്ഷം സിനഡ് വിധി കല്പിക്കുന്നതുമാകുന്നു.

**ഒന്നാം സമുദായക്കേസ്**

1938-ൽ പാത്രിയർക്കീസ് വിഭാഗം മലങ്കര മെത്രാപ്പോലീത്തായും കൂട്ടു ട്രസ്റ്റിമാരും വാദികളായി ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കും കൂട്ടു ട്രസ്റ്റിമാർക്കുമെതിരേ കോട്ടയം ജില്ലാ കോടതിയിൽ ഒന്നാം സമുദായക്കേസ് ബോധിപ്പിച്ചു.

സഭയുടെ വിശ്വാസവും തത്വങ്ങളും അനുസരിച്ചു താഴെ പറയുന്ന കർമ്മങ്ങൾ പാത്രിയർക്കീസിന്റെ മാത്രം അധികാരത്തിൽ പെടുന്നുവെന്ന് വാദികൾ അന്യായത്തിൽ ബോധിപ്പിച്ചു.

1. മൂറോൻ കൂദാശ ചെയ്യുക.

2. മെത്രാന്മാരെ വാഴിക്കുക, അവർക്കു സ്ഥാത്തിക്കോൻ നൽകുക

3. മെത്രാന്മാർക്ക് ഇടവകകൾ നൽകുക.

മുകളിൽ പറഞ്ഞ കാര്യങ്ങൾ കാതോലിക്കായ്ക്കു ചെയ്യാവുന്നതാണെന്ന നിലപാടാണു പ്രതികൾ കൈക്കൊണ്ടിട്ടുള്ളതെന്നും അവർ അന്ത്യോക്യാ പാത്രിയർക്കീസിന്റെ സ്ഥാനം നിഷേധിച്ചുവെന്നും വാദികൾ തർക്കിച്ചു. കാതോലിക്കോസ് പക്ഷം 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ' എന്ന ഒരു പുതിയ സഭ സ്ഥാപിച്ചു എന്നായിരുന്ന മറ്റൊരു വാദം.

1934-ലെ സഭാ ഭരണഘടനയെപ്പറ്റി അന്യായം 26-ാം വകുപ്പിൽ താഴെ പറയുന്ന പ്രകാരം വാദികൾ ബോധിപ്പിച്ചു.

"ചുരുക്കത്തിൽ പ. പാത്രിയർക്കീസുമായി യാതൊരു സംബന്ധമില്ലാതെയും അദ്ദേഹത്തെ തിരസ്ക്കരിച്ചും നിരാകരിച്ചും ഈ സഭയ്ക്ക് സ്ഥിരഭരണഘടനയുണ്ടാക്കി എന്ന ഈ പ്രവൃത്തിയും സഭാ നിഷേധമാണ്." (In short the act which provides for the permanent constitution of the said church without any connection with His Holiness the Patriarch and in repudiation and negation of him as well constitute hereby)

ഒന്നാം സമുദായക്കേസിലെ ജില്ലാക്കോടതി വിധി കാതോലിക്കോസിനനുകൂലമായിരുന്നു. ഇതിനെതിരേ പാത്രിയർക്കീസ് വിഭാഗം തിരുവിതാംകൂർ ഹൈക്കോടതിയിൽ നൽകിയ അപ്പീൽ പാത്രിയർക്കീസ് പക്ഷത്തിനനുകൂലമായി വിധിച്ചു. ജസ്റ്റീസ് സത്യനേശൻ ഭരണഘടനയുടെ 1-ഠ 2-ഠ വകുപ്പുകളെപ്പറ്റിയുള്ള പാത്രിയർക്കീസ് ഭാഗത്തിന്റെ വാദം സ്വീകരിച്ചു താഴെ കാണിച്ചിട്ടുള്ള വിധം രേഖപ്പെടുത്തി.

"ഭരണഘടനയുടെ 1-ാം വകുപ്പ്, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു ഭാഗമാണു മലങ്കര സഭയെന്നും ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസാണെന്നും പറയുന്നു. ഈ വകുപ്പ് എന്തെങ്കിലും അർത്ഥമാക്കിയിരുന്നാൽത്തന്നെ അത് വെറുമൊരു 'ഐ വാഷ്' മാത്രമാണ്. കാരണം, അടുത്ത വകുപ്പു പറയുന്നത് മലങ്കരസഭ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതാണെന്നും കാതോലിക്കോസ് പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനാണെന്നുമാണ്. ആ സഭയ്ക്ക് മറ്റൊരു മേലദ്ധ്യക്ഷനുണ്ടാകുവാൻ സാദ്ധ്യമല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ മലങ്കരസഭ ഉൾപ്പെട്ടിരിക്കുന്നു എന്നു പറയുന്ന പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസായിരിക്കുവാൻ സാധ്യമല്ല. 1-ഠ 2-ഠ വകുപ്പുകൾ മനഃപൂർവ്വവും ശ്രദ്ധാപൂർവ്വവും ബുദ്ധിപൂർവ്വവുമായി രൂപപ്പെടുത്തിയിട്ടുള്ളതാണെന്നു കാണുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭ, പാത്രിയർക്കീസ് പ്രധാന മേലദ്ധ്യക്ഷനായ ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു ഭാഗമാണെന്നോ അതിലുൾപ്പെട്ടതാണെന്നോ പറഞ്ഞിട്ടില്ലായെന്നതു നിർണ്ണായകമാണ്. വൈദിക ഭരണത്തെ സംബന്ധിച്ചിടത്തോളം, കാതോലിക്കോസ് മാത്രം പരമാദ്ധ്യക്ഷനായ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിലുൾപ്പെട്ടതാണു മലങ്കരസഭയെന്ന് വ്യക്തമാക്കുന്നതാണ് ഈ രണ്ടു വകുപ്പുകളെന്ന്, ഇവ ഒരുമിച്ചു വായിക്കുമ്പോൾ കാണാം. എന്നാൽ, അന്ത്യോക്യയിലെ യാക്കോബായ സഭയ്ക്ക് ഈജിപ്തിലെ മോണോഫിസൈറ്റ് സഭയുമായി സംസർഗമാകാവുന്നതുപോലെ സമാനവിശ്വാസ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പാത്രിയർക്കീസ് പ്രധാന തലവനായ ഓർത്തഡോക്സ് സുറിയാനി സഭയും മലങ്കര സഭയും തമ്മിൽ സംസർഗ്ഗമാകാം.

തിരുവിതാംകൂർ ഹൈക്കോടതി വിധിക്കെതിരേ കാതോലിക്കോസ് പക്ഷം റിവ്യൂ ഹർജി ഫയൽ ചെയ്തു. ഹൈക്കോടതി ഈ ഹർജിയും തള്ളി. ഇതിന്മേൽ കാതോലിക്കോസ് പക്ഷം സുപ്രീം കോടതിയിൽ ബോധിപ്പിച്ച അപ്പീൽ അനുവദിച്ച് കേസ് ഹൈക്കോടതിയിലേക്കു റിമാന്റു ചെയ്തു.

കേസ് വീണ്ടും പരിഗണിച്ച കേരളാ ഹൈക്കോടതി 1956-ൽ കാതോലിക്കോസ് പക്ഷത്തിനെതിരേ വിധി പുറപ്പെടുവിച്ചു. അന്ത്യോക്യയുമായുള്ള ബന്ധങ്ങൾ വിച്ഛേദിച്ചു പ്രതികൾ പുതിയ സഭ സ്ഥാപിച്ചു എന്നായിരുന്നു കോടതി വിലയിരുത്തിയത്. ഭരണഘടനയെപ്പറ്റിയുള്ള വാദിഭാഗം തർക്കം കോടതി അംഗീകരിച്ച് താഴെ കൊടുത്തിട്ടുള്ള പ്രകാരം രേഖപ്പെടുത്തി.

(i) "അന്ത്യോക്യയുമായി നിലവിലുള്ള മുഴുവൻ ബന്ധങ്ങളും വേർപെടുത്തി എന്നതാണു ഭരണഘടനയുടെ ഫലം" (Its effect was a complete severance with all exisiting ties with Antioch)

(ii) "ഭരണഘടനയുടെ ഒന്നാം വകുപ്പിനെത്തുടർന്നുള്ള വകുപ്പുകൾ, സഭയിൽ അദ്ദേഹത്തിനു യാതൊരു



## വിശ്വാസപാഠം

*ചോദ്യം: ഒരു സ്ത്രീ പ്രസവം കഴിഞ്ഞാൽ 56 ദിവസം ദൈവാലയത്തിൽ പ്രവേശിക്കുവാൻ പാടില്ല എന്നും, അതുകൊണ്ട്, മാതാവിന്റെ സാന്നിദ്ധ്യത്തിൽ കുട്ടിയെ മാമോദീസാ മുക്കണമെങ്കിൽ പ്രസവം കഴിഞ്ഞ് 56 ദിവസം കഴിയണമെന്നും ചില വൈദികർ നിർബന്ധം പിടിക്കുന്നു. ഇതിന്റെ അടിസ്ഥാനം എന്ത്? പ. സഭയുടെ പഠിപ്പിക്കൽ ഇതു സംബന്ധിച്ച് എന്ത്?*

പ്രസവശേഷം മാതാവിന്റെ ഗർഭാശയവും അതിനോടനുബന്ധിച്ചുള്ള മറ്റ് അവയവങ്ങളും പൂർവ്വസ്ഥിതിയിൽ ആകുന്നതിന് 6-8 ആഴ്ച വരെ എടുക്കും. ഈ കാലയളവാണ് 56 ദിവസം എന്നുള്ളത്. ഗർഭാശയം ചുരുങ്ങുന്ന തോടുകൂടി മാസമുറയിലെന്നപോലെ, ഗർഭാശയത്തിനുള്ളിലെ പാട (Lochia) ഇളകി രക്തമയത്തോടുകൂടി ക്രമേണ വെളിയിൽ പോകുന്നു. ഇത് ഈ ദിനം (56 വരെ) കാണുവാൻ സാധ്യതയുണ്ട്. ഈ ഒന്നര മാസക്കാലം പ്രസവിച്ച സ്ത്രീയെ സൂതിക എന്നു വിളിക്കും. ഈ സമയത്ത് സ്ത്രീകൾ ദേവാലയത്തിൽ പോകുന്നതിനോ, മതപരമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനൊ തയ്യാറാകാതെ മുറിയിൽത്തന്നെ ഒതുങ്ങിക്കൂടും. സ്ത്രീകൾക്ക് രക്തസ്രാവമുള്ള സമയം അശുദ്ധ എന്നൊരു ചിന്ത മിക്കവാറും എല്ലാ മതങ്ങളിലും ഉണ്ട്. അതു സഭയും പിന്തുടരുന്നു എന്നുമാത്രം. 56 ദിവസം എന്നുള്ളത് ശരീരം സുസ്ഥിതി പ്രാപിക്കുന്നതിന്റെ കാലമാണ്. ഈ സമയത്തിനുള്ളിൽ മാമോദീസാ നടത്തിക്കൂടാ എന്നില്ല. ഒന്നു രണ്ടു മാസമെങ്കിലും കഴിയാതെ കുട്ടിയെ എങ്ങനെ മാമോദീസാ തൊട്ടിയിൽ ഇരുത്തും എന്നുള്ളതും ചിന്തിക്കേണ്ടതാണ്. അതുകൊണ്ടാണ് വൈദികർ നിർബന്ധം പിടിച്ചത്.

പ്രസവശേഷമായാലും, ആർത്തവമുറയിലായാലും രക്തസ്രാവം നിൽക്കുന്നതു വരെ കുർബാനയിൽ സംബന്ധിക്കരുത്. ഈ നിരോധനം വി. കുർബ്ബാനയുടെ ബഹുമതിക്കു വേണ്ടിയാണ് എന്നു ഹൂദായ കാനോൻ പറയുന്നുണ്ട്. ന്യായപ്രമാണ പ്രകാരം ആൺകുട്ടിയെ പ്രസവിച്ച സ്ത്രീക്ക് 40 ദിവസവും, പെൺകുട്ടിയെ പ്രസവിച്ച സത്രീ 80 ദിവസവും ശുദ്ധീകരണ കാലമാണ്. ഈ സമയം യാതൊരു വിശുദ്ധ വസ്തുവും തൊടാതെ, ദേവാലയത്തിലേക്ക് വരാതെ ഇരിക്കണം (ലേവ്യ 12) 40, 80 എന്നുള്ള കാലത്തിന്റെ യുക്തി പിടി കിട്ടാത്ത ഒന്നാണ്. പുരുഷമേധാവിത്വം നിലനിന്ന നാട്ടിലും, സമയത്തും നിർമ്മിച്ച നിയമമായതുകൊണ്ടായിരിക്കും ഈ വിരോധാഭാസം. ഈയൊരു വിവേചനം വി. സഭയ്ക്കില്ല. മരണാസന്നനായ ഒരു കുട്ടിയെങ്കിൽ വീട്ടു മാമോദീസാ നടത്തുന്നതിനും സഭ അനുവദിച്ചിട്ടുണ്ട്. അത്യാവശ്യമില്ലെങ്കിൽ കുട്ടി ആണായാലും പെണ്ണായാലും പ്രസവശേഷമുള്ള രക്തസ്രാവവും, പ്രസവാനന്തര പരിചരണങ്ങളും കഴിഞ്ഞിട്ട് ദേവാലയത്തിൽ വന്ന് പ്രസവ സ്തോത്ര ശുശ്രൂഷയും വി. കുർബ്ബാനയും, വി. മാമോദീസായും നടത്തുന്നതായിരിക്കും നല്ലതും, ഉചിതവും. ഈ വക കാര്യങ്ങളിൽ വിശ്വാസികൾ തന്നെ നിഷ്കർഷ പുലർത്തുന്നതാണ് ശരിയായ നടപടി.

---

അധികാരവും ശക്തിയും നൽകാതെ അദ്ദേഹത്തെ പുതിയ സഭയിൽ നിന്ന് പൂർണ്ണമായും തുടച്ചു മാറ്റിയിരിക്കുന്നു." (By the subsequent articles he has been completely effaced from the new Church by not confessing any power or authority on him in respect of the Church).

കേരള ഹൈക്കോടതി വിധിക്കെതിരേ കാതോലിക്കോസ് വിഭാഗം സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ് ഉൾപ്പെട്ട ഭരണഘടനാ ബഞ്ചാണു കേസ് പരിഗണിച്ചത്. 1958 സെപ്റ്റംബർ 12-ാം തീയതി സഭാ ചരിത്രത്തിലെ നിർണ്ണായകമായ സുപ്രീംകോടതി വിധി പ്രസ്താവിക്കപ്പെട്ടു. ഈ വിധിയിലെ പ്രസക്തഭാഗങ്ങൾ ചുവടെ:

(a) വട്ടിപ്പണക്കേസിലെ അന്തിമ വിധിയുടെ സാരാംശം താഴെ പറയുന്നതാണ്.

(i) ഗീവറുഗീസ് മാർ ദീവന്നാസിയോസിന്റെ മുടക്ക് അസാധുവാണ്.

(ii) മെത്രാന്മാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അധികാരത്തോടെയാണു അബ്ദേദ് മശിഹാ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചത്. ഇതുമൂലം മലങ്കര സഭയിന്മേലുള്ള പാത്രിയർക്കീസിന്റെ അധികാരം അസ്തമനാവസ്ഥയിലെത്തിച്ചു. ഈ കാതോലിക്കേറ്റ് സ്വീകരിച്ചതുമൂലം 1 മുതൽ 3 വരെ പ്രതികൾ വിശ്വാസ വിപരീതികളോ സഭയ്ക്കന്യരോ ആകുന്നില്ല; അവർ പുതിയ സഭ സ്ഥാപിച്ചുമില്ല. (That the defts 1-3 had not become heretics or alians or had not setup a new Church by accepting the establishment of the Catholicate by Abdul Messiah with power to the Catholicos for the time being to ordain metropolitans and to consecrate Mooron and thereby reducing the power of patriarch over the malankara Church to a vanishing point.)

(b) പാത്രിയർക്കീസ് വിഭാഗം കാതോലിക്കോസ് പക്ഷത്തിനെതിരേ സുപ്രീം കോടതിയിൽ ഉയർത്തിയ ഒരു ആരോപണം താഴെ പറയുന്നതാണ്.

"പാത്രിയർക്കീസിന്റെ പരമാദ്ധ്യക്ഷത എടുത്തുകളയുന്ന 1934-ലെ ഭരണഘടന സ്വീകരിച്ചതിലൂടെ കാതോലിക്കോസ് പക്ഷം പുതിയ ഒരു സഭ സ്ഥാപിച്ചു."

(By adopting the new constitution (Ex. Am) which takes away the supremacy of the patriarch, the defts have set up a new church).

ശേഷം 28-ാം പേജിൽ

റിപ്പോർട്ട്

ജോബിൻ ജേക്കബ് മാത്യു, മെഴുവേലി

# ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 67-ാമത് ദേശീയ സമ്മേളനം ഒരു അവലോകനം

"മാറുന്ന ലോകത്തിലെ ക്രിസ്തു സാന്നിധ്യം" എന്ന കാലിക പ്രസക്തിയുള്ള വിഷയത്തെ മുഖ്യ ചിന്താവിഷയമായി അവതരിപ്പിച്ചുകൊണ്ട് മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ 67-ാമത് ദേശീയ സമ്മേളനം തണ്ണിത്തോട് ഗ്രാമത്തിൽ തയ്യാർ ചെയ്ത റവ. ഫാ. പി. എ. സാമുവേൽ നഗറിൽ മേയ് 14 മുതൽ 17 വരെ നടക്കുകയുണ്ടായി.

തണ്ണിത്തോടിനെക്കുറിച്ച് ഒരു വാക്ക് പ്രകൃതിയുടെ മനം മയക്കുന്ന സൗന്ദര്യത്താൽ അനുഗൃഹീതമാണ് ഈ പ്രദേശം. പർവ്വതങ്ങളും കാടുകളും കാട്ടരുവികളും പുൽമേടുകളും ഒക്കെ മറക്കുവാനാവാത്ത ഒരു ദൃശ്യാനുഭൂതി നൽകുന്നവയാണ്. പ്രകൃതിയെ കീറിമുറിച്ചുകൊണ്ട് കോൺക്രീറ്റ് സൗധങ്ങൾ തീർക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യ സമൂഹത്തിന്റെ വർത്തമാന കാല ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ കോറിയിടപ്പെടേണ്ടതാണ് തണ്ണിത്തോട് വച്ചു നടന്ന ഈ വാർഷിക കോൺഫറൻസ്.

### ഉദ്ഘാടന സമ്മേളനം

മലങ്കര ഓർത്തഡോക്സ് സഭയുടെ ഐശ്വര്യവും ചൈതന്യവുമായി, മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മെത്രാൻ സ്ഥാനാഭിഷേക ജൂബിലിയും ഉദ്ഘാടനം ചെയ്യപ്പെട്ട സമ്മേളനം പ്രൗഢഗംഭീരമായിരുന്നു. അന്നേ ദിവസം തണ്ണിത്തോട് ജംക്ഷനിൽ നിന്ന് ആരംഭിച്ച സ്വീകരണ ഘോഷയാത്ര ഈ ഗ്രാമത്തിന് ഒരു ഉത്സവച്ഛായ പകർന്നു നൽകി. സമ്മേളന നഗരിയിൽ എത്തിച്ചേർന്ന പ. ബാവാ തിരുമേനിയെ മലങ്കര സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിച്ചേർന്ന യുവാക്കൾ ആവേശത്തോടു കൂടി സ്വീകരിച്ചു. സഭയോടുള്ള കൂറ് വിളിച്ചറിയിക്കുന്ന മുദ്രാവാക്യങ്ങൾക്കു നടുവിൽ നിന്നുകൊണ്ട് പ. പിതാവ് 67-ാം ദേശീയ സമ്മേളനത്തിന്റെ പതാക ഉയർത്തി.

ഉദ്ഘാടന സമ്മേളനത്തിൽ പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. മാറ്റങ്ങളിൽകൂടി കടന്നു പോകുന്ന ഈ ലോകത്തിൽ മാറ്റമില്ലാത്തവനായ യേശുവിനെ ദർശിക്കുവാൻ സാധിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഉദ്ഘാടന പ്രസംഗം ആരംഭിച്ച പ. ബാവാ തിരുമേനി മുഗൾ സാമ്രാജ്യത്തിലെ മഹാനായ അക്ബർ ചക്രവർത്തിയെ അനുസ്മരിച്ചു കൊണ്ടാണ് തുടങ്ങിയത്. ഗഹനമായ അനേകം ആശയങ്ങൾ പ്രദാനം ചെയ്യുന്നതായിരുന്നു ശാരീരിക അസ്വാസ്ഥ്യങ്ങൾക്കു നടുവിൽ നിന്നുകൊണ്ട് പ. ബാവാ തിരുമേനി നടത്തിയ പ്രസംഗം. നാം എന്തിനു ജീവിക്കുന്നു? നാം എങ്ങനെ ജീവിക്കുന്നു? നാം ഇപ്പോൾ എവിടെയാണ്? എന്ന മൂന്ന് പ്രസക്ത ചോദ്യങ്ങൾ പ. ബാവാ യുവാക്കളുടെ ചിന്തയ്ക്കായി മുന്നോട്ട് വച്ചു.

പ്രസംഗത്തെ തുടർന്ന് യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം പ. ബാവാ തിരുമേനി നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു.

തുടർന്ന് പ. ബാവാ തിരുമേനിയുടെ മെത്രാഭിഷേക കനക ജൂബിലി ഉദ്ഘാടനം ചെയ്തു കൊണ്ട് അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി പ്രസംഗിച്ചു.

### അനുദിന കാര്യപരിപാടികൾ

എല്ലാ ദിവസവും രാവിലെ 6 മണിക്ക് പ്രഭാത നമസ്ക്കാരവും അതേ തുടർന്ന് 7 മണിക്ക് വേദപഠനവും നടന്നു. വേദപഠന ക്ലാസ്സുകൾക്ക് ഫാ. ഡോ. എ. റ്റി. എബ്രഹാം, ഫാ. കുര്യൻ ഡാനിയേൽ, എന്നിവർ നേതൃത്വം നൽകി. 12.30-ന് ഉച്ചനമസ്ക്കാരം അതേ തുടർന്ന് ഭക്ഷണവും, വിശ്രമവും 1.45-ന് ഗാനപരിശീലനം 6.30-ന് സന്ധ്യാ നമസ്ക്കാരം. അതേ തുടർന്ന് ധ്യാനം. ധ്യാനങ്ങൾക്ക് അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, ഫാ. ജെയിംസ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

ധ്യാന പ്രസംഗങ്ങളിൽ എടുത്തു പറയേണ്ട ഒന്നാണ് പ്രസ്ഥാനം മുൻ പ്രസിഡന്റ് കൂടിയായിരുന്ന അഭി. ഐറേനിയോസ് തിരുമേനി നയിച്ച ധ്യാനം. ശബ്ദഗാംഭീര്യമോ ആവേശമോ ഒന്നും കൂടാതെതന്നെ തന്റെ അഗാധ പാണ്ഡിത്യവും സരളമായ ശൈലിയും ഉപയോഗിച്ച് ശ്രോതാക്കളെ ആത്മീയതയുടെ പുതിയ തലങ്ങളിലേക്ക് നയിച്ചു.

ഇക്കൊല്ലത്തെ മഹാ സമ്മേളനത്തിൽ മൂന്ന് ക്ലാസ്സുകളയിരുന്നു ക്രമീകരിച്ചിരുന്നത്.

ക്ലാസ്സ് 1

"ധാർമ്മിക മൂല്യങ്ങളിലെ വ്യതിയാനങ്ങൾ" (ഫാ. ഡോ. ഒ.തോമസ്)

വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്നത് ധാർമ്മികതയുടെ അടിസ്ഥാനങ്ങളിലാണെന്നും ഇത് അത്യന്തം ആശങ്കാജനകമാണെന്നും ഒ. തോമസച്ചൻ പറഞ്ഞു. മനുഷ്യ ജീവിതത്തിൽ എപ്പോഴും സാമൂഹിക നീതിയും ധാർമ്മികതയും ഒന്നിച്ചു പോകണമെന്നും ഒന്നിനെ കൂടാതെ മറ്റൊന്നിനു നിലനിൽപ്പില്ലെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ക്ലാസ്സ് 2

"സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലെ മാറ്റങ്ങൾ" (ഡോ. വർഗീസ് ജോർജ്ജ്)

U.N.D.P. റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ക്ലാസ്സ് ആരംഭിച്ചു ഡോ. വർഗ്ഗീസ് ജോർജ് ആഗോള വൽക്കരണം ലോക രാഷ്ട്രങ്ങളിൽ വരുത്തുന്ന സാമ്പത്തിക അസ്ഥിരതയെപ്പറ്റി സൂചിപ്പിച്ചു. ഭാരത പശ്ചാത്തലത്തിൽ സാമ്പത്തിക അസമത്വം ജാതിഘടനയിൽ കൂടി പ്രതിഫലിക്കുന്നതു കാണാം. സ്വത്തും സമ്പത്തും ഉള്ളവരെല്ലാം ഉയർന്ന ജാതിക്കാർ, ഇല്ലാത്തവരെല്ലാം താണ ജാതിക്കാർ, സാമ്പത്തിക, സാംസ്ക്കാരിക, പാരിസ്ഥിതിക നീതി എന്നിവയെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു.

ക്ലാസ്സ് 3

"ആഗോള വൽക്കരണം; പ്രതീക്ഷകളും പ്രശ്നങ്ങളും" (പ്രൊഫ. സി. രവീന്ദ്രനാഥ്)

ആഗോളവൽക്കരണത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുള്ള വിവിധ ഗ്രന്ഥങ്ങളുടെ പേരുകൾ എഴുതിപ്പിച്ചുകൊണ്ടാണ് രവീന്ദ്രനാഥ് സാർ ക്ലാസ്സ് ആരംഭിച്ചത്. ഇന്ന് മാനവ സമൂഹം നേരിട്ടു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അമിതമായ കമ്പോള വൽക്കരണമാണെന്നും ഇത് സമൂഹത്തിൽനിന്ന് സർവ്വ ധാർമ്മികതയും തുടച്ചു നീക്കുമെന്നും അദ്ദേഹ പറഞ്ഞു. "പ്രാദേശിക അഭിരുചികളെ നശിപ്പിച്ചുകൊണ്ട്, ആഗോള അഭിരുചികളെ ഏകീകരിച്ചുകൊണ്ട്, ആഗോള കമ്പോളത്തെ സാർവ്വദേശവൽക്കരിക്കുകയാണ് ആഗോളവൽക്കരണം".

### പ്രകൃതിയിലേക്ക് ഒരു തീർത്ഥാടനം (15-5-03, 3.45 p.m.)

തണ്ണിത്തോടിന്റെ ഹൃദയത്തിനുള്ളിലേക്ക് ഞങ്ങൾ നടത്തിയ തീർത്ഥാടനം ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. പാറക്കഷണങ്ങൾ നിറഞ്ഞ പുഴയുടെ അസ്ഥിവാരത്തിലൂടെ ആടിയും പാടിയും മുദ്രാവാക്യങ്ങൾ മുഴക്കിയും ഞങ്ങൾ മുന്നേറി.

### കലാസന്ധ്യ

സഭാ കേസുകളെപ്പറ്റിയും പ്രതിസന്ധികളെപ്പറ്റിയുമുള്ള ചൂടേറിയ ചർച്ചകൾക്കു ശേഷം നടന്ന കലാസന്ധ്യ അന്തരീക്ഷത്തിലെ പിരിമുറുക്കത്തിന് അയവേകി. നമ്മുടെ യുവജനങ്ങൾ സമൂഹത്തിന് ഉതകുന്ന ഭാവി. വാഗ്ദാനങ്ങൾ ആണെന്ന് കലാസന്ധ്യ വീക്ഷിച്ചവർക്കും ബോധ്യമായിട്ടുണ്ടാവും. മിമിക്രി, സംഗീതം, നൃത്തശില്പങ്ങൾ, ഹാസ്യ ചിത്രീകരണങ്ങൾ എന്നിവ കലാസന്ധ്യയ്ക്കു മിഴിവേകി.

### ചർച്ച - "സഭ നേരിടുന്ന പ്രതിസന്ധി"

ഈ സമ്മേളനത്തിൽ ഏറ്റവും എടുത്തു പറയത്തക്ക ചർച്ചയായിരുന്നു മേൽപറഞ്ഞ വിഷയത്തിൽ നടന്നത്. കണ്ടനാട് ഭദ്രാസനത്തിലെ ഫാ. എബ്രഹാം കാരമേലും ഫാ. റ്റി. പി. ഏലിയാസും സഭ ഇന്ന് നേരിടുന്ന പ്രതിസന്ധിയെപ്പറ്റിയും തങ്ങളുടെ മേഖലകളിൽ തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെപ്പറ്റിയും സവിസ്തരം പ്രസ്താവിച്ചു. അക്ഷരാർത്ഥത്തിൽ സ്ഫോടനാത്മകമായ പൊതു ചർച്ചയാണ് പിന്നീട് നടന്നത്. സഭയ്ക്കുള്ളിലും പുറത്തും നടക്കുന്ന പ്രശ്നങ്ങളെപ്പറ്റി അംഗങ്ങൾ ആവേശത്തോടെ പ്രതികരിച്ചു. ഇന്ന് സഭ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സഭയുടെ നേതൃത്വത്തിൽത്തന്നെയുള്ള ചിലരുടെ സ്വാർത്ഥ താൽപര്യങ്ങളും കച്ചവടക്കണ്ണുകളുമാണെന്ന് പറഞ്ഞവർ കയ്യടി നേടി.

### ഗാന പരിശീലനം

ഗാന പരിശീലനത്തിനും ഗാന ശുശ്രൂഷയ്ക്കും ശ്രീ. ജയിംസ് ഓമല്ലൂർ നേതൃത്വം നൽകി.

### യുവമനസ്സുകൾ കീഴടക്കിയ ഇടയൻ

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തന് അഭി. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയെ ഇടയനായി ലഭിച്ചത് ഏറ്റവും ഭാഗ്യകരമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത്ര മാത്രം സ്വാധീനം യുവമനസ്സുകളിൽ ചെലുത്തുവാൻ ആ പിതാവിന് സാധിച്ചു. ഭക്ഷണ സമയത്ത് ഞങ്ങളോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുകയും, ഞങ്ങളോട് കുശലങ്ങൾ പറയുകയും, ഞങ്ങളോടൊപ്പം നടക്കുകയും ചെയ്ത തിരുമേനി തികച്ചും ഞങ്ങളിലൊരാളെ പോലെയായിരുന്നു. അവസാന ദിവസം തിരുമേനിയുടെ പേര് കേൾക്കുമ്പോൾത്തന്നെ ഹാളിൽ മുഴങ്ങുന്ന് കയ്യടി, അദ്ദേഹം ചുരുങ്ങിയ സമയം കൊണ്ട് യുവമനസ്സുകളിൽ നേടിയെടുത്ത സ്ഥാനത്തിന് ഉത്തമ ദൃഷ്ടാന്തമാണ്.

(ലേഖകൻ ഈ വർഷത്തെ മികച്ച ക്യാമ്പംഗമായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്.

## ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

അന്നൊരുവൻ താനൊരു തവി പായസമുടനേ കിട്ടീടാൻ
തന്നവകാശം ചിലതെല്ലാം തന്നനുജനു വിറ്റല്ലോ!
അല്പം പോലും ചിന്തിച്ചീടാതിങ്ങനെ ചെയ്തിടുമീ-
യല്പന്മാർക്കു പിണഞ്ഞിടുമമളിയതോർക്കണമെപ്പോഴും
പറയാമോയീ ചേട്ടനുമനിയനുമാരെല്ലാമാണ്?
ഇരുപത്തഞ്ചവസാനം പുസ്തകമുല്പത്തി കാൺമിൻ.

ഒരുപിടിമാവും അല്പം മാത്രം എണ്ണ തുരുത്തിയിലും
വരുതിയിലുള്ളൊരു വിധവയ്ക്കൊരുനാൾ വരദാനം കിട്ടി!
നിർധനയാമാ വിധവയുടേയാ മാവും എണ്ണയതും
വർദ്ധിച്ചല്ലോ വര ദാനത്താൽ ക്ഷാമമെഴും കാലം!
ചൊന്നീടാമോ വരദാനമിവൾക്കേകിയ താരാണ്?
ഒന്നാം രാജാ പതിനേഴതിലെ പതിനാലിൽ കാണാം.


St. George School Chetpet


Ciby Mathew Chennai




Mini William Baroda


Alice Mathew Coimbatore

# പുണ്യനാടുകളിൽ നടത്തിയ ഒരതിസാഹസിക തീർത്ഥയാത്ര

അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, കുന്നംകുളം




**പുണ്യനാടുകളിൽ നടത്തിയ ഒരതിസാഹസിക തീർത്ഥയാത്ര (യാത്രാ വിവരണം)**

**ഗ്രന്ഥ കർത്താ : റവ. ഡോ. എൻ. ജെ. തോമസ് റമ്പാൻ**

**പ്രസാധകൻ : കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം-18**

**വിതരണം : മൗണ്ട് താബോർ പബ്ലിക്കേഷൻസ്, പത്തനാപുരം**

**പേജ് 150; വില 50**

പലതുകൊണ്ടും കൗതുകം വളർത്തുന്ന ഒരു യാത്രാവിവരണമാണ് വന്ദ്യ ദിവ്യശ്രീ. ഡോ. എൻ. ജെ. തോമസ് റമ്പാൻ രചിച്ച പുണ്യനാടുകളിൽ നടത്തിയ ഒരതിസാഹസിക തീർത്ഥയാത്ര. നാലു ദശാബ്ദങ്ങൾക്കു മുൻപ് യൗവ്വനത്തിന്റെ നെഞ്ചൂക്കിൽ, ഭവിഷ്യത്തുകളെപ്പറ്റി കൂടുതൽ ചിന്തിക്കാതെയും, അപകടങ്ങളെപ്പറ്റി കണക്കിലെടുക്കാതെയും ഒരു യുവ വൈദികൻ നടത്തിയ ആപൽക്കരമായ ഒരു യാത്രയുടെ വർണ്ണ ഭംഗിയുള്ള രേഖാ ചിത്രങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം.

നാല്പതു വർഷം മുൻപ് നടത്തിയ യാത്രയെക്കുറിച്ച് യാതൊരു കുറിപ്പും അന്ന് തയ്യാറാക്കി വയ്ക്കാതെ ഇപ്പോൾ ഉൾപ്രചോദനം കൊണ്ട് മാത്രം ഓർമ്മയിൽ പാറിക്കളിക്കുന്ന ചിത്രശലഭങ്ങളെ ഒരു പളുങ്കു പാത്രത്തിൽ ശേഖരിക്കുകയാണ് റമ്പാച്ചൻ ഈ ഗ്രന്ഥത്തിലൂടെ ചെയ്തിരിക്കുന്നത്. ആ യത്നത്തിൽ ഏറെക്കുറെ ആ തപസ്വി വിജയിക്കുകയും ചെയ്തിരിക്കുന്നു!

നാലരവർഷം ജർമ്മനിയിൽ സ്ക്കോളർഷിപ്പോടെ പി. എച്ച്.ഡിക്ക് പഠനം നടത്തി ഉൽകൃഷ്ട ബിരുദം നേടി ജർമ്മനിയിലെ കേന്ദ്ര പട്ടണമായ ബർലിൻ മുതൽ കൊച്ചി വരെ നീണ്ട യാത്ര ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്ത് വരമൊഴിയായി റമ്പാച്ചൻ നമ്മുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത് ഒരു കാൽ നഷ്ടപ്പെട്ട. റവ. ഡോ. ബിഷോപ്പും അദ്ദേഹത്തിന്റെ സാഹസിക യാത്രക്ക് കൂട്ടായിട്ടുണ്ട്. തീവണ്ടി, ലോറി, കുതിര, കാൽനട, കപ്പൽ, വിമാനം എന്നീ വിവിധ വിധത്തിലുള്ള ദീർഘ സഞ്ചാരം ഒരു ഉഗ്രൻ യാത്രതന്നെയായിരുന്നു എന്ന് സമ്മതിക്കണം. പുസ്തകം വായിക്കുമ്പോൾ ഏടുകൾ മറിഞ്ഞു പോകുന്നത് വായനക്കാർ അറിയില്ല ഓരോ വരിയിലും ആകാംക്ഷ തിങ്ങി നിൽക്കുകയാണ്.


തോമസ് അച്ചൻ ഈ യാത്രയിൽ സന്ദർശിച്ച പുണ്യ സ്ഥലങ്ങളും നേരിൽ കണ്ട് സംസാരിച്ച മഹൽ വ്യക്തികളും നിരവധിയാണ്. പഴയ നിയമത്തിൽ പറയപ്പെടുന്ന നിനവെ പട്ടണം നിലനിന്നിരുന്ന സ്ഥലം, ഡെമാസ്ക്കസ് പട്ടണം, ക്രിസ്തു ജനിച്ച ബേത്‌ലഹേം, ഏതൻസ് പട്ടണം, കുസ്തന്തീനോസ് ചക്രവർത്തി പണിയിച്ച സെന്റ് സോഫിയ ദേവാലയം, ഗെത്സമേൻ തോട്ടം, സ്ലീബാ പ്പാത, മലങ്കര സഭയ്ക്ക് മറക്കാൻ കഴിയാത്ത ഹൂദായാ കാനോൻ ക്രോഡീകരിച്ച കിഴക്കിന്റെ കാതോലിക്കയായിരുന്ന ഗ്രിഗോറിയോസ് ബാർ എബ്രായയെ കബറടക്കിയ അതി പുരാതനമായ മ്യൂസലിലെ മാർ മത്തായിയുടെ ദയറ, മൈലാപ്പൂരിൽ നിന്ന് മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് 4-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി കൊണ്ടുപോയി അടക്കം ചെയ്ത ഉറഹായിലെ ദേവാലയം, എസ്ഥേർ രാജ്ഞിയുടെ നിയോഗത്താൽ കരിങ്കൽപ്പലകയിൽ നിർമ്മിച്ച വാതിൽ - അങ്ങനെ എത്ര എത്ര ഹൃദയം ത്രസിപ്പിക്കുന്ന കാഴ്ചകൾ! കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് എക്യുമെനിക്കൽ പാത്രിയർക്കീസ് അതന ഗോറസ് തിരുമേനിയെ സന്ദർശിക്കാനും അതിഥ്യം സ്വീകരിച്ച് അദ്ദേഹവുമായി സംസാരിപ്പാനും സൗകര്യം ലഭിച്ചു. മടക്കയാത്രയിൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിനെയും കണ്ട് സംസാരിക്കാൻ ഇടയായി.

ബലൂചിസ്താനിൽനിന്ന് ദുബായിലേക്കുള്ള യാത്രയിൽ കന്നു കാലികളെ കയറ്റിയ മോട്ടോർ ലോഞ്ചിൽ ഏതാണ്ട് മൂന്നര ദിവസം യാത്ര ചെയ്ത കാര്യം വായിക്കുമ്പോൾ നമുക്ക് അച്ചനോട് സഹതാപം തോന്നും. പല വൈതരണികളെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും ഒടുവിൽ 58 ദിവസത്തെ യാത്ര കഴിഞ്ഞ് നാട്ടിലെത്തി. "പലതരത്തിലുള്ള വാഹനങ്ങളിൽ കയറി, നോമാൻസ് ലാൻഡിലൂടെയും മണലാരണ്യത്തിലൂടെയും, യാത്ര ചെയ്ത് ജർമ്മനിയിലെ താമസത്തിനിടയിൽ ലഭിച്ച ആരോഗ്യവും, ശരീര പുഷ്ടിയും ഈ നീണ്ട സഹസിക യാത്രയിൽ ഏതാണ്ട് ചോർന്നു പോയിരുന്നു" എന്ന് പറഞ്ഞ് റമ്പാച്ചൻ യാത്രാ വിവരണം അവസാനിപ്പിക്കുമ്പോൾ അദ്ദേഹമൊന്നിച്ച് വായനക്കാരും ആ സ്ഥലങ്ങളിലെല്ലാം ചുറ്റിക്കറങ്ങി കണ്ടപോലെ അനുഭവപ്പെടും. അതുതന്നെയാണല്ലോ, ഒരു ഉത്തമ യാത്രാ വിവരണ ഗ്രന്ഥത്തിന്റെ വിജയവും.

ഈ ഗ്രന്ഥത്തിന്റെ ആദ്യ ഭാഗത്ത് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ആശംസാ സന്ദേശം ചേർത്തിട്ടുള്ളത് വായനക്കാർ അനുഗ്രഹ പ്രദമായി കണക്കാക്കും. ഈ പുസ്തകത്തിന് അവതാരിക എഴുതിയിട്ടുള്ളത് ഡൽഹി ഭദ്രാസനത്തിന്റെ ജോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായാണ്. ഗ്രന്ഥകർത്താവിന്റെ ചുരുങ്ങിയ വാക്കിലുള്ള ആമുഖം ആസ്വാദ്യകരമാണ്. പുസ്തകം പ്രസിദ്ധീകരിച്ച കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ ജീവാത്മാവും, പരമാത്മാവുമായ ശ്രീ. കെ. വി. മാമ്മന്റെ പ്രസാധകക്കുറിപ്പ് നമുക്ക് ഗ്രന്ഥത്തെയും, രചയിതാവിനേയും പരിചയപ്പെടുത്തി തരുവാൻ ഉപകരിക്കും. കമനീയമായ അച്ചടിക്കും, രൂപഭംഗിയും കോട്ടയ്ക്കൽ പ്രസിദ്ധീകരണ ഗ്രന്ഥങ്ങളുടെ മുഖമുദ്രയാണ്. ആ മേന്മ ഈ പുസ്തകത്തിലും തെളിഞ്ഞു കാണുന്നു. ഭാഷാ സ്നേഹികൾ, വിശിഷ്യാ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ ഈ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്യും.



# ബൈബിൾ പദപ്രശ്നം 5



### വലത്തോട്ട്

1. ശൂശൻ രാജധാനിയിൽ വാണു (8)
4. ആസ്യയിലെ ഏഴാമത്തെ സഭ (4)
7. പ്രബോധന പുത്രൻ (5)
8. ഉൽപത്തിയുടെ തുടക്കം (4)
10. സെഖര്യാവ് ആംഗ്യം കാട്ടി വാങ്ങി (3)
13. അബീശഗിനെ ഭാര്യയായി ചോദിച്ചു (5)
15. പാഫോസിലെ കള്ള പ്രവാചകൻ (4)
17. അന്ത്രയോസിന്റെ ജന്മസ്ഥലം (5)
19. ദേവദാരു എന്നർത്ഥം (4)
23. വചനിപ്പു പെരുനാൾ (3)
24. ആസയുടെ മകൻ (5)
25. മലങ്കര സഭയുടെ കാനോൻ (6)
27. അഹരോന്റെ മകൻ (3)
28. ദൈവത്തിന്റെ സേനയെ യാക്കോബ് കണ്ട സ്ഥലം (4)

### താഴോട്ട്

1. മലങ്കരസഭാ സെക്രട്ടറി (10)
2. യിശ്മായേലിന്റെ മൂത്തമകൻ (4)
3. ദൈവാശ്രയത്തിൽ ഒന്നാമനായ യിസ്രായേൽ രാജാവ് (5)
5. തോമസിന്റെ മറുപേർ (4)
6. അവസാനം മന്ന ലഭിച്ച സ്ഥലം (4)
8. നീതിയുടെ പ്രവാചകൻ (3)
9. പന്ത്രണ്ടു പ്രഭുക്കന്മാരുടെ പിതാവ് (5)
10. മിസ്രയീമ്യർ നേരിട്ട ബാധയെത്ര? (2)
11. ദെബോരയുടെ ഭർത്താവ്(4)
12. വിഗ്രഹം തകർക്കാൻ കൈതൊടാതെ പറന്നു വന്നു (2)
14. മകളെ തിരികെ ലഭിച്ച പള്ളി പ്രമാണി (4)
16. സ്തുതി എന്നർത്ഥമുള്ള സുറിയാനി (3)
18. അഥേനയിൽ വച്ച് വിശ്വാസിനിയായി മാറി (4)
20. അക്കൽദാമായുടെ അർത്ഥം (4)
21. എപ്പോഴും യൂബാലിന്റെ കൈയിലുണ്ട് (3)
22. യിശായി പുത്രൻ എന്നർത്ഥം (സ്ലീബാ നമസ്ക്കാരം) (4)
24. ഇവൻ ഒരു ബാല സിംഹം (3)
26. ലഹരി പിടിച്ച് മാന്യത കളഞ്ഞു (2)

### പദപ്രശ്നം - 3 (ശരിയുത്തരം അയച്ചവർ)

വിജയികൾ:
1. ലിനി ഡാനിയേൽ, ചെന്നൈ-18
2. സാബു ജോർജ്ജ്, കടമ്മനിട്ട, പത്തനംതിട്ട
3. ഏലമ്മ ഏബ്രഹാം, നോർത്ത് കളമശേരി

പ്രോൽസാഹന സമ്മാനം
4. സാറാമ്മ തമ്പി, കോയമ്പത്തൂർ
5. മോളി മാത്യു, നാരങ്ങാനം

6. കെ. സി. എലിസബത്ത് തമ്പി, കൊച്ചി, 7. ഏലിയാമ്മ ജോർജ്ജ്, ആവണീശ്വരം; 8. അന്നമ്മ മത്തായി ആലുവ; 9. ഷിജി കെ. ജോർജ്ജ്, കണ്ണനല്ലൂർ, കൊല്ലം; 10. റേച്ചൽ അലക്സാണ്ടർ, പിമ്പ്രി, പൂനെ; 11. ആലൂസ് എബ്രഹാം, കോയമ്പത്തൂർ; 12. മറിയാമ്മ ജേക്കബ്, നെടുമൺകാവ്, കൂടൽ; 13. ബിജി മാത്യു, മംഗലാപുരം; 14. കെ. ജോസഫ്, താഴത്തുവടക്ക്, ഏനാത്ത്; 15. കുമാരി കെ. ബിനു, ന്യൂഡെൽഹി-21; 16. ഓമന രാജൻ, ഹൈദരാബാദ്; 17. ഓമന ചാക്കോ, നിരണം; 18. ഏലിയാമ്മ പൗലോസ്, ചെല്ലങ്കോട്, വയനാട്; 19. ഫിലിപ്പോസ്, അരീപ്പറമ്പ്, കോട്ടയം; 20. അന്നമ്മ ജോസഫ്, നെടുമാവ്, കോട്ടയം; 21. റീഷാ സാറാ കുര്യാക്കോസ്, ചാണക്യപുരി, ന്യൂഡെൽഹി; 22. കെ. സി. വിൽസൺ, കുന്നംകുളം; 23. ഏലിയാമ്മ തോമസ്, കിഴക്കുംഭാഗം, നിരണം; 24. ആനീസ് ഉമ്മൻ, നിരണം; 25. എലിസബത്ത് മാത്യു, ഭുവനേശ്വർ-15; 26. റൂബി തോമസ്, കോഴഞ്ചേരി ഈസ്റ്റ്; 27. എം. ജോയ് തുമ്പമൺ ഏറം; 28. ജോൺസി ജോർജ്ജ്, ആവണീശ്വരം. (പദപ്രശ്നത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.)

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോഷി ബി. ജോൺ മണപ്പള്ളി
S.R.P. മാർക്കറ്റ് പി.ഒ.
കൊല്ലം ജില്ല-690539

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-7-2003

### പദപ്രശ്നം - 3, ശരിയുത്തരം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 ഏ | ൽ | 2 ഏ | 3 ലോ | ഹേ | 4 യി | 5 സ്രാ | യേ | ൽ | 6 ആ |
| വ | 7 ലോ | ക | ത്തി | ന്റെ | രീ | പ്പി | 8 ഉ | റ | ഹാ |
| ൻ | വി | പു | ന്റെ | 9 ഭാ | ഹീ | മു | 10 ശ് | ക്കോ | ബ് |
| ഗേ | സ് | ത്ര | ഭാ | ഹീ | 11 മു | ശ് | കി | രീ | ടം |
| ലി | 12 നു | ൻ | ര്യ | 13 മാ | ന | സാ | ന്ത | രം | 14 ലോ |
| 15 യോ | 16 ഹ | ന്നാ | ൻ | 17 സ് | 18 നാ | 19 പ | 20 ക | ൻ | സ |
| ൻ | സാ | 21 ദോ | ക്ക് | മു | ബാ | രി | 22 നാ | 23 സീ | ർ |
| 24 യാ | യേ | ൽ | 25 ഗേ | ർ | ൽ | ഷേ | ൻ | ദ്രോ | 26 മ |
| ബാ | ൽ | 27 യോ | ഹ | ന്നാ | ൻ | ദ | 28 ക | ന്യ | ക |
| ൽ | 29 ശി | ലാ | സി | നെ | 30 കെ | ന | സ് | ർ | ശ് |

# ദിവ്യബോധനം - പുതിയ ബാച്ചിലേക്കു സ്വാഗതം

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ അത്മായ പരിശീലന പദ്ധതിയായ ദിവ്യബോധനം പുതിയ ബാച്ചിന്റെ പ്രവർത്തനം മെയ് ഒന്നു മുതൽ സമാരംഭിക്കുകയാണ്. ഇടവക തോറും യൂണിറ്റുകൾ സംഘടിപ്പിച്ച് ഈ മഹദ് സംരംഭവുമായി സഹകരിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

മലങ്കര സഭയിലെ വിശ്വാസികൾക്ക് ശരിയായ പരിശീലനം നൽകുന്നതിനുവേണ്ടി ഭാഗ്യസ്മരണാർഹനായ അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 1984-ൽ ആരംഭിച്ച ഈ പഠന പദ്ധതി ഇപ്പോൾ ഒൻപതു ബാച്ചുകൾ പൂർത്തിയാക്കി. ക്രൈസ്തവ സഭാ ചരിത്രത്തിൽത്തന്നെ അനുപമമായ ഈ പദ്ധതിക്ക് ആവേശകരമായ സ്വീകരണമാണ് സഭാമക്കൾ നൽകിയത്. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ എല്ലാ പ്രായക്കാർക്കും അവരവർ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും പഠിക്കുവാൻ തക്ക വിധം സജ്ജീകരിക്കുന്ന ഈ പദ്ധതിയുടെ മുഖ്യ സവിശേഷതകൾ സംക്ഷിപ്തമായി പ്രതിപാദിക്കട്ടെ.

### നാലു കോഴ്സുകൾ

POCE, DOCE, GOCE, തിരുവചന ഭാഷ്യം എന്നിങ്ങനെ നാലു കോഴ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്. പ്രാഥമിക കോഴ്സായ POCE (Proficiency in Orthodox Christian Education) രണ്ടു വർഷത്തേക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സാണ്. വി. വേദപുസ്തകം, സഭയുടെ വിശ്വാസാചാരങ്ങൾ, സഭാചരിത്രം, ദൈവശാസ്ത്രം, മനഃശാസ്ത്രം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പത്തു പുസ്തകങ്ങളാണ് പഠിക്കാനുള്ളത്. ഓരോ പുസ്തകവും പഠിക്കുവാൻ രണ്ടുമാസം ലഭിക്കും. സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർക്ക് ഡിപ്ലോമാ കോഴ്സിൽ (DOCE) ചേരാം. അൽപ്പം ഉയർന്ന തലത്തിലുള്ള 10 പുസ്തകങ്ങൾ രണ്ടു വർഷം കൊണ്ട് പഠിക്കണം. തുടർന്ന് നാലു വർഷത്തേക്കുള്ള ഡിഗ്രി കോഴ്സിൽ ചേരാവുന്നതാണ്. പുതിയ നിയമ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങളായി 'തിരുവചനഭാഷ്യ'മെന്ന ശീർഷകത്തിൽ 15 പുസ്തകങ്ങൾ പഠിക്കുന്നതാണ് നാലാമത്തെ കോഴ്സ്. ഡിഗ്രി പഠനം പൂർത്തിയാക്കുവാൻ തിരുവചന ഭാഷ്യത്തിന്റെ പഠനം നിർബന്ധമാണ്. ഇങ്ങനെ നാലു കോഴ്സുകളിലായി 45 ഉത്തമ ഗ്രന്ഥങ്ങൾ പഠിക്കുവാൻ സാധിക്കുന്നു എന്നുള്ളത് അഭിമാനത്തിനു വക നൽകുന്നു.

### പഠനത്തിന്റെ ഘടന

ഏതൊരു സാധാരണക്കാരനും പഠിക്കുവാൻ സാധിക്കുംവിധം ലളിതമായ ശൈലിയാണ് ദിവ്യബോധനം പാഠ്യക്രമം ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരോ പുസ്തകവും പഠിക്കുന്നതിന് നാലു ഘട്ടങ്ങളുണ്ട്. ആദ്യമായി, പുസ്തകം ഒന്നോ രണ്ടോ തവണ വായിച്ചിട്ട് ഓരോ പാഠത്തിന്റെയും പ്രധാന ആശയങ്ങൾ സംക്ഷിപ്തമായി എഴുതണം. ഓരോ വിഷയത്തിനുമുള്ള 100 മാർക്കിൽ 40 മാർക്ക് ഇപ്രകാരം പാഠസംഗ്രഹം എഴുതുന്നതിനാണ്. പാഠ സംഗ്രഹത്തിന് മാർക്കിടുന്നത് യൂണിറ്റിലെ അദ്ധ്യാപകനാണ്. ഇപ്രകാരം ഭവനത്തിൽ വച്ച് പുസ്തകം വായിച്ച് സംഗ്രഹം എഴുതിയ ശേഷം യൂണിറ്റ് തലത്തിലുള്ള ചർച്ചയിൽ പങ്കെടുക്കണം. ചർച്ചയിൽ സജീവമായി പങ്കെടുക്കുന്നതിന് 10 മാർക്ക് നൽകുന്നു. ആഴ്ചയിൽ ഒരിക്കലോ, അസൗകര്യമെങ്കിൽ രണ്ടാഴ്ചയിലൊരിക്കലെങ്കിലും പഠിതാക്കൾ ഒരുമിച്ചുകൂടി ചർച്ചാ ക്ലാസിലൂടെ, പഠിച്ച പാഠങ്ങൾ വിശകലനം ചെയ്യുന്നത് ഏറെ പ്രയോജന പ്രദമാണ്. മൂന്നാം ഘട്ടം സെമിനാറാണ്. ഭദ്രാസന തലത്തിൽ ക്രമീകരിക്കുന്ന സെമിനാറിൽ ഗ്രന്ഥ രചയിതാക്കൾ അഥവാ സെമിനാരിയിൽ നിന്നും പണ്ഡിതന്മാർ പഠനഗ്രന്ഥത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും ചർച്ച നയിക്കുകയും ചെയ്യുന്നു. ഇതിൽ പങ്കെടുക്കുന്നതിന് 10 മാർക്കുണ്ട്. നമ്മുടെ സംശയങ്ങൾ ദുരീകരിക്കുന്നതും സമദർശനമുള്ളവരുമായി ചർച്ച ചെയ്യുന്നതും ആഴത്തിൽ സ്പർശിക്കുന്ന ഒരനുഭവമാണ്. അവസാന ഘട്ടമാണ് പരീക്ഷ. 40 മാർക്ക്. സെമിനാരിയിൽ തയ്യാറാക്കിയ ചോദ്യങ്ങൾ യൂണിറ്റിൽ വച്ച് രണ്ടു മണിക്കൂറിനുള്ളിലായി പരീക്ഷയെഴുതുമ്പോൾ പഠന പ്രക്രിയ വിജയകരമായി പൂർത്തിയാകുന്നു. വളരെ ലളിതമായ ചോദ്യങ്ങളാണ് പരീക്ഷയ്ക്കുള്ളത്. പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു വന്ന വിദ്യാർത്ഥി താനറിയാതെതന്നെ പരീക്ഷയ്ക്ക് സജ്ജമാകുന്നു. പരീക്ഷ, കലണ്ടറിൻ പ്രകാരം നിർദ്ദിഷ്ട ദിവസം തന്നെ നടത്തണം. അന്നേ ദിവസം എന്തെങ്കിലും അസൗകര്യമുള്ള പക്ഷം പരീക്ഷയ്ക്കു പകരമായി 4 പ്രബന്ധങ്ങൾ തയ്യാറാക്കി സമർപ്പിച്ചാലും മതി. പ്രബന്ധം എഴുതുന്നതിനുള്ള ചോദ്യങ്ങൾ പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്.

ഇങ്ങനെ പാഠസംഗ്രഹം, പ്രാദേശിക തലത്തിലുള്ള ചർച്ച, ഭദ്രാസന തലത്തിനുള്ള സെമിനാർ, പരീക്ഷ അഥവാ പ്രബന്ധം എന്നീ നാലു ഘട്ടങ്ങളിലൂടെ ഒരു പുസ്തകത്തിന്റെ പഠനം പൂർത്തിയാകുന്നു. തുടർന്ന് അടുത്ത പുസ്തകത്തിലേക്കു പ്രവേശിക്കാം. ദിവ്യബോധനം പ്രോസ്പക്ടസ്, കലണ്ടർ എന്നിവയിൽ എല്ലാ വിശദാംശങ്ങളും തീയതികളും വ്യക്തമായി നൽകിയിട്ടുണ്ട്.

### പുതിയ യൂണിറ്റ് ആരംഭിക്കുവാൻ...

ഇടവക കേന്ദ്രീകരിച്ച് പത്തു വിദ്യാർത്ഥികളെങ്കിലുമുള്ള ദിവ്യബോധനം യൂണിറ്റുകളിലൂടെയാണ് പഠനം നിർവഹിക്കുന്നത്. അപ്രകാരം യൂണിറ്റ് സംഘടിപ്പിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, വ്യക്തികളായി കറസ്പോണ്ടൻസ് കോഴ്സിലൂടെ പഠിക്കുവാനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

ദിവ്യബോധനം യൂണിറ്റ് ആരംഭിച്ച് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ ഇടവക വികാരിയുമായി ആലോചിച്ച് ഈ പദ്ധതിയിലേക്ക് പരമാവധി വിദ്യാർത്ഥികളെ ആകർഷിക്കത്തക്ക വിധം ഇടവകയിൽ അനൗൺസ് ചെയ്യണം. ഇതിലേക്ക് ദിവ്യബോധനം പൂർത്തിയാക്കിയവർ, ഭദ്രാസന ഓർഗനൈസർ, കേന്ദ്ര ഭാരവാഹികൾ ഇവരിലാരുടെയെങ്കിലും സഹായവും തേടാവുന്നതാണ്. വി. കുർബ്ബാന മദ്ധ്യേ 10 മിനിറ്റ് പ്രസംഗിച്ച ശേഷം താൽപ്പര്യമുള്ളവരെ കൈമുത്തിനുശേഷം സംഘടിപ്പിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്യണം.



ദിവ്യബോധനം കോഴ്സിന്റെ പ്രവേശന ഫാറം പൂരിപ്പിച്ച് 10 രൂപാ ഫീസ് അടയ്ക്കുമ്പോൾ ദിവ്യബോധനം വിദ്യാർത്ഥിയായി രജിസ്റ്റർ ചെയ്യപ്പെടുന്നു. ഇതിനുള്ള ഫോറങ്ങൾ ഭദ്രാസനത്തിൽ നിന്നോ കേന്ദ്രത്തിൽ നിന്നോ ലഭിക്കുന്നതാണ്. പ്രോസ്പക്ടസ്, കലണ്ടർ എന്നിവയും സൗജന്യമായി ലഭിക്കുന്നു. ഒരു സെറ്റ് പുസ്തകം വാങ്ങുകയെന്നതാണ് അടുത്ത പടി. വിദ്യാർത്ഥികൾക്ക് പുസ്തകവിലയിൽ 33% ഇളവു ലഭിക്കുന്നു എന്നതും ആകർഷകമാണ്. POCE യുടെ 10 പുസ്തകങ്ങൾക്ക് 240 രൂപയാണ് ഇപ്പോൾ നൽകേണ്ടത്. അപേക്ഷാ ഫാറം പൂരിപ്പിച്ചു വാങ്ങുക, പുസ്തക വിതരണം, ചർച്ചാക്ലാസ് സംഘടിപ്പിക്കുക എന്നിവ നിർവഹിക്കുവാൻ ത്യാഗ സന്നദ്ധതയുള്ള ഒരു യൂണിറ്റ് ഓർഗനൈസറുടെ സേവനം ആവശ്യമാണ്.ഇടവക വികാരിയുമായി ആലോചിച്ച് അനുയോജ്യ വ്യക്തിയെ ഈ ചുമതല ഏൽപ്പിക്കണം. യൂണിറ്റ് അദ്ധ്യാപകനായി വികാരിയോ, അസൗകര്യമെങ്കിൽ ദിവ്യബോധനം പഠിച്ച മറ്റൊരാളെയോ നിയോഗിക്കാവുന്നതാണ്, വികാരി, ഓർഗനൈസർ എന്നിവരുടെ നേതൃത്വം പ്രധാനമാണ്. ക്ലാസെടുക്കുവാൻ ഇടവകയ്ക്കു പുറത്തുള്ളവരുടെ സേവനവും പ്രയോജനപ്പെടുത്താം. രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് പഠനം, സെമിനാർ, പരീക്ഷ, റിസൾട്ട് എന്നിവ സംബന്ധിച്ച അറിയിപ്പുകൾ യഥാവസരം കേന്ദ്ര ഓഫീസിൽ നിന്നും ലഭിക്കുന്നതാണ് 2003 മെയ്-ൽ ആരംഭിക്കുന്ന പുതിയ ബാച്ച് 2005 ഏപ്രിലിൽ പൂർത്തിയാക്കി കോൺവൊക്കേഷൻ നടത്താമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

### ദിവ്യബോധനം - പ്രസക്തിയും പ്രാധാന്യവും

1) നമ്മുടെ സഭ ഇന്നൊരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ബാഹ്യമായും ആന്തരികമായും വെല്ലുവിളികൾ അനവധിയാണ്. ഈ അവസരത്തിൽ സഭാ മക്കളെ ശരിയായ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനും മാർഗ്ഗ ദർശനം നൽകുന്നതിനും ക്രിസ്തീയ ജീവിതത്തിന്റെ സമസ്ത മേഖലകളെക്കുറിച്ചും [illegible] സഹായിക്കുന്നു. എല്ലാ ഇടവകയിലും യൂണിറ്റുകൾ ആരംഭിച്ച് പഠനം നിർവഹിക്കുമ്പോൾ സഭയുടെ ഭിത്തിയെ ബലവത്താക്കുന്ന മഹത്തായ ദൗത്യ നിർവ്വഹണത്തിൽ പങ്കുകാരാകുകയാണ്.

2) വ്യക്തി, കുടുംബ തലങ്ങളിലുള്ള സംഘർഷങ്ങൾ ഇപ്പോൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു. ശരിയായ ജീവിതവീക്ഷണം ഇല്ലാത്തതാണ് മുഖ്യ പ്രശ്നം. കമ്പോളവൽക്കരണവും സൈബർ സംസ്ക്കാരവും അണു കുടുംബവുമെല്ലാം മനുഷ്യന്റെ സ്വാർത്ഥതയും ആകുലതയും വർദ്ധിപ്പിച്ചിരിക്കുന്നു. പ്രശ്ന പരിഹാരത്തിനായി പലയിടങ്ങളിലേക്കും പരക്കം പായുകയും നിരാശരാകുകയും ചെയ്യുന്നു. "പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലുന്നതു വരെ" (സങ്കീ. 43:4) മനുഷ്യ മനസ്സ് അസ്വസ്ഥമായിരിക്കും. 'ദൈവത്തിങ്കലേക്കു തിരിയുക - പ്രത്യാശയിൽ ആനന്ദിക്കുക' (Turn to God - Rejoice in Hope) എന്നതാണ് ശരിയായ മാർഗ്ഗവും ദർശനവും. ദൈവോന്മുഖമായി ചിന്തിക്കുവാനും ആത്മീയ മേഖലകളിൽ ചരിക്കുവാനും സാധിക്കുന്ന ദിവ്യബോധനം വിദ്യാർത്ഥി എപ്പോഴും പ്രത്യാശാ ഭരിതനാണ്. വ്യക്തിപരമായ അനുഭവത്തിലും കുടുംബ ജീവിതത്തിലും ആത്മീയ സൗരഭ്യം നിറയുകയും ചെയ്യുന്നു.

3) പഠനം എന്നത് ആനന്ദവും സംതൃപ്തിയും നൽകുന്ന അനുഭവമാണ്. ബോധനം സഭയുടെ സുപ്രധാന ദൗത്യവുമാണ്. ജീവിതകാലം മുഴുവൻ പഠിച്ചുകൊണ്ടിരിക്കണം. When one's education is finished, he is finished. വൈവിധ്യമാർന്ന സമകാലീന വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ നിരന്തരമായ അഭ്യസനം അനിവാര്യമാണ്. ബോധനത്തിന്റെ ദിവ്യതീരങ്ങളിലൂടെയുള്ള പ്രയാണം അനുഗ്രഹപ്രദവും നിർവൃതി ദായകവുമാണെന്ന് അനുഭവിച്ചറിയേണ്ടതാണ്.

4) ജീവിതത്തിലെ വ്യത്യസ്ത ഘടകങ്ങൾ തമ്മിലുള്ള പൊരുത്തം (Harmony) ഒരു പ്രധാന സംഗതിയാണ്. വാക്കുകളുടെ സമ്യക്കായ സംയോജനമാണ് കവിത. വരകളുടെ പൊരുത്തമാണ് ചിത്രം. സ്വരങ്ങളുടെ സമഞ്ജസമായ സംയോഗത്തിലൂടെ സംഗീതം ജനി[illegible] മുന്നേറിയെന്ന് [illegible] ചിലരുടെയെങ്കിലും ഭൗതിക ജീവിതത്തിലെ പൊരുത്തക്കേടുകൾ ഒരു എതിർ സാക്ഷ്യമാണ് (Counter - witness). ലൗകിക ജീവിതത്തിൽ ആത്മീയത ഫലപ്രദമായി ഉപയുക്തമാക്കുവാൻ കഴിയാതെ പോകുന്നു. സഭയിൽ വിശ്വാസികളും വിജ്ഞാനികളുമുണ്ട്. വിശ്വാസവും വിജ്ഞാനവും സമന്വയിപ്പിക്കുകയാണ് ദിവ്യബോധനം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിവിധ ദശകളിലൂടെ കടന്നു പോകുമ്പോൾ, നാമറിയാതെതന്നെ നമ്മുടെ ജീവിതം ദിശാബോധത്തോടും കെട്ടുറപ്പോടും ആത്മീയ-ഭൗതിക മണ്ഡലങ്ങളിൽ അനുഗ്രഹകരമായി മുന്നേറുന്നു.

5) "നല്ല മനുഷ്യൻ നല്ല നിക്ഷേപങ്ങളിൽ നിന്ന് നല്ല ഫലങ്ങളെ പുറപ്പെടുവിക്കുന്നു" (മത്താ. 12:35). നന്മയുടെ നിക്ഷേപം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറുകയാണ് ചെയ്യുന്നത്. സത്ചിന്തകളും സന്മനോഭാവങ്ങളും ശ്രേഷ്ഠ ജീവിതശൈലിയിലേക്കും സ്വഭാവത്തിലേക്കും നമ്മെ നയിക്കുന്നു. We are what we think നാം ചിന്തിക്കുന്നതെന്തോ അതാണു നാം. ദിവ്യബോധനം പഠനത്തോടൊപ്പം ആത്മീയതയിൽ മുന്നേറുന്ന വ്യക്തി നല്ല നിക്ഷേപങ്ങൾ സമാഹരിക്കുന്നു, അവയിൽ വ്യാപരിക്കുന്നു. തദ്വാരാ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നു. നമ്മുടെ ജീവിതത്തെ മാത്രമല്ല നാം സഹവർത്തിക്കുന്ന എല്ലാ മേഖലകളെയും നന്മയിലേക്കും വിശുദ്ധിയിലേക്കും രൂപാന്തരപ്പെടുത്തുവാനും സഹായകമാകുന്നു.

ബോധനത്തിന്റെ ദിവ്യ തീരങ്ങളിലേക്ക് ഏവർക്കും സ്വാഗതം.

ദിവ്യ ബോധനം കോഴ്സിൽ ചേർന്നു പഠിക്കാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

**The Registrar**
**Divyabodhanam**
**Orthodox Theological Seminary**
**Chungom P.O., Kottayam**

Registrar - 0481 - 2566526, 2568083 (Office, Seminary)

Office Secretary - 0481-2435469 (Res.)

Control Organiser - 0477-2212789 (Res.)

# ബാലസഭ

കടങ്കഥ

## ഞാനാര്

ഒരു കാലുണ്ട് കുടയല്ല
ഒരു ഇരുമ്പു മുള്ളുണ്ട് ആണിയല്ല
ഒരു തട്ടുണ്ട് വിളക്കല്ല
ഒരു തിരി ചിലപ്പോൾ കയറി നില്ക്കും പടക്കമല്ല
ഒരു വെട്ടം ചിലപ്പോൾ മുകളിൽ കാണാം ലൈറ്റ് ഹൗസല്ല
എന്നാൽ ഞാനാര്

ഉത്തരം: മെഴുകുതിരിക്കാൽ (Candle Stand)

## വചനപാത...

എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും.

(സദൃ. 8:17).

## കൂട്ടുകാരുടെ രചനകൾ









അന്ന സൂസൻ കോശി (6)
തുണ്ടത്തിൽ

ജേക്ക്ബ് കോശി റ്റി
തുണ്ടത്തിൽ




Sijin Varghese (14)
Surat



ബിൻസി വർഗീസ്
ഉണ്ണിയൂർ കോണം

## പടരുന്ന ലഹരി പിടയുന്ന കുട്ടികൾ

പോക്കറ്റുകളിലും ബാഗിന്റെ അറകളിലും കണ്ണിമാങ്ങയും പേരയ്ക്കായും ഒക്കെ ശേഖരിച്ച് ഉല്ലാസത്തോടെ ഒരുമിച്ചു കഴിയ്ക്കുന്ന കുട്ടികളുടെ ഒരു കൂട്ടം. അത് ഇന്ന് വെറും ഒരു ഓർമ്മയായി മാറുകയാണ്. അതിനു പകരമായി കൊച്ചു കുട്ടികളെ നാശത്തിലെത്തിക്കുന്ന ലഹരി മരുന്നുകൾ ഇന്ന് സ്കൂളുകളിൽ പടരുന്നു. പുതിയ ഒരു അദ്ധ്യയന വർഷം കൂടി ആരംഭിച്ചതോടെ ലഹരി സാധനങ്ങൾ വിൽക്കുന്നവർ ഉഷാരായി എത്തിയിരിക്കുന്നു. ഇതു തിരിച്ചറിയാൻ പലപ്പോഴും മാതാ-പിതാക്കൾക്കോ, അദ്ധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ കഴിയാതെ വരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം കേരളത്തിലെ ചില സ്ക്കൂളുകൾ തെരഞ്ഞെടുത്ത് നടത്തിയ അന്വേഷണത്തിൽ ഞെട്ടിപ്പിക്കുന്ന സംഗതികളാണ് പുറത്തുവന്നത്. തമാശയ്ക്ക് വേണ്ടി, നല്ല മണത്തിനുവേണ്ടി രുചിച്ച് നോക്കിയിട്ട് അവസാനം ലഹരിയുടെ അടിമയായി മാറുന്ന കുട്ടികളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുകയാണ് കുട്ടികളെ ആകർഷിക്കത്തക്ക വിധത്തിലാണ് ലഹരി സാധനങ്ങൾ എത്തുന്നത്. മിക്ക സ്ക്കൂളുകളുടെയും പരിസരത്തായി വളരെയധികം പെട്ടികടകൾ കാണാം. അതിൽ പലതിലും ലഹരി ചേർന്ന പലതരത്തിലുള്ള മിഠായികൾ ലഭിക്കുന്നു.

പാൻ പരാഗിന്റെയും പാൻ മസാലയുടെയും ഉപയോഗം കുട്ടികളിൽ വൻ തോതിലുണ്ട്. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിലെ സ്ക്കൂളുകളിലെ കുട്ടികളിൽ ലഹരി മരുന്നിന്റെ ഉപയോഗം കൂടുതലായി കണ്ടെത്തി. പാൻ മസാലയ്ക്കൊപ്പം തന്നെ കുട്ടികളെ ആകർഷിക്കാൻ പുതിയൊരു വിപണന തന്ത്രം ഇന്ന് ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അതായത് ബഹുരാഷ്ട്ര കോള കമ്പനിയുടെ എന്നു തോന്നത്തക്കവിധത്തിൽ അതുപോലെയുള്ള ഒരിനം മിഠായി വിപണിയിലിറക്കി. 25 പൈസയ്ക്ക് വാങ്ങുന്ന മിഠായിക്കൊപ്പം രണ്ട് ബഹുവർണ്ണ സ്റ്റിക്കർ സൗജന്യമായി ലഭിക്കും. സ്റ്റിക്കറിനോടു താൽപര്യമുള്ള കുട്ടികൾ വീണ്ടും വീണ്ടും ഈ മിഠായികൾ വാങ്ങിക്കുന്നു. ചെറിയ ലഹരിയുള്ള മിഠായികൾക്ക് കുട്ടികൾ അടിമകളാകുന്നു. അലസത, വിശപ്പില്ലായ്മ, ഓർമ്മക്കുറവ് മുതലായ പല അസ്വസ്ഥകളും ഇതു മൂലം കുട്ടികളെ ബാധിക്കുന്നു. കോളേജ്, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ മാത്രമല്ല യു.പി., സ്ക്കൂൾ വിദ്യാർത്ഥികളും ലഹരി മിഠായികൾക്ക് വൻ തോതിൽ അടിമകളാകുന്നു.

തങ്ങളുടെ സ്ക്കൂളിലെ നൂറോളം വിദ്യാർത്ഥികൾ പാൻപരാഗ്-പാൻമസാല എന്നിവയുടെ സ്ഥിരം ഉപയോക്താക്കളാണെന്ന് ഒരു പ്രമുഖ സ്വകാര്യ സ്ക്കൂളിലെ അധ്യാപകൻ തുറന്നു സമ്മതിക്കുന്നു. എത്ര ഉപദേശിച്ചിട്ടും പ്രയോജനമില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ശംഭു, തുളസി, എന്നിവയുടെ ഉപയോഗം കുട്ടികളിൽ കൂടുതലായി കാണുന്നു. ഇതിൽ പല ഇനങ്ങളും വായ്ക്കുള്ളിൽ കാൻസർ വരുന്നതിനും ആഹാരത്തിനോടുള്ള താല്പര്യം കുറയ്ക്കുന്നതിനും ഇടയാക്കുന്നവയാണ്.

ഇപ്പോൾ കുട്ടികളുടെ ഇടയിൽ ഫാഷനായി മാറിയിരിക്കുന്ന വേറൊരു ലഹരി വസ്തുവാണ് മുറുക്കാൻ. കുട്ടികൾ തന്നെ ഇതിനെ സ്നേഹപൂർവ്വം പല പേരുകളിൽ വിളിക്കുന്നു. തങ്ങളുടെ ഉല്പന്നങ്ങൾ കുട്ടികളിൽ എത്തിക്കാൻ കുട്ടികളിൽ നിന്നു തന്നെ ഏജന്റുമാരെ കണ്ടെത്തുന്ന ഒരു വിപണന തന്ത്രം വ്യാപാരികൾ കണ്ടെത്തുന്നുണ്ട്. ഏജന്റുമാർക്ക് സൗജന്യമായി മിഠായികൾ വിതരണം ചെയ്യുകയും ചെയ്യുന്നു. പാൻപരാഗ്, ഉപയോഗിക്കുന്ന പെൺകുട്ടികളും വളരെയധികമുണ്ട്. ചുണ്ടുകൾക്കിടയിൽ വയ്ക്കുന്ന 'ഖൈനി' എന്നയിനം പുകയില ഇന്ന് പലയിടത്തും ലഭ്യമാണ്.

ചങ്ങനാശ്ശേരി എസ്.ബി. കോളജിലെ എൻ.എസ്.എസ്. യൂണിറ്റും ഗാന്ധിയൻ ഫോറവും നടത്തിയ കാമ്പസ് സർവേയിൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ലഹരി ഉപയോഗത്തെപ്പറ്റി ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ആണ് കണ്ടെത്തിയത്. വിവിധ കോളേജ് ഹോസ്റ്റലുകളിൽ കഴിയുന്ന വിദ്യാർത്ഥികളിൽ അറുപതു ശതമാനം പേർക്കും മദ്യപാനശീലമുള്ളവരാണെന്നാണ് കണക്കുകൾ പറയുന്നത്.

സ്ക്കൂളുകൾ തുറന്നതോടുകൂടി ലഹരി മിഠായികൾ വിതരണം ചെയ്യുന്ന കച്ചവടക്കാർക്ക് ചാകര തുടങ്ങിയിരിക്കുകയാണ്. പുതിയ നിറത്തിൽ പുതിയ പേരിൽ പുതിയ സ്വാദിൽ മിഠായികൾ കടകളിലെത്തിയിരിക്കുന്നു. ഇതിൽ നല്ലതും മോശവും തിരിച്ചറിയാതെ കുട്ടികൾ വാങ്ങുന്നു. ഇതിനെതിരെ മാതാ-പിതാക്കൾ ജാഗ്രതയോടിരിക്കേണ്ടത് അത്യാവശ്യമാണ്. പഴയ കാലത്തു നിന്ന് വ്യത്യസ്തമായി കുട്ടികൾക്കു നൽകുന്ന പോക്കറ്റ് മണിയുടെ അളവു കൂടിയതാണ് ഒരു പ്രധാന പ്രശ്നം. തങ്ങൾ നൽകുന്ന പണം കുട്ടികൾ എന്തിനുവേണ്ടി ചെലവഴിച്ചു എന്ന് ഓരോ മാതാപിതാക്കളും അന്വേഷിക്കുക. ദൈവശാസ്ത്രവും സഭാ ചരിത്രവും പഠിപ്പിക്കുന്നതോടൊപ്പം സൺഡേസ്ക്കൂൾ അധ്യാപകർ ഇതുപോലെയുള്ള സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുക. അങ്ങനെ ലഹരിവിരുദ്ധമായ ഒരു നവതലമുറയെ വാർത്തെടുക്കാം. മാതാ-പിതാക്കളുടെ കണ്ണുകളിൽ നിന്ന് ദുഃഖത്തിന്റെ കണ്ണുനീർ മാറി സന്തോഷത്തിന്റെ അനുഭവം ഉണ്ടാക്കാൻ ഒരു ലഹരിവിരുദ്ധ തലമുറയ്ക്കായി പ്രത്യാശയോടെ കാത്തിരിക്കാം. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാരാണെന്നുള്ള സത്യം ഉൾക്കൊണ്ടുകൊണ്ട് മാതാ-പിതാക്കൾ കുട്ടികളുടെ പണം ചെലവഴിക്കുന്ന മാർഗങ്ങൾ എന്തൊക്കെയാണ് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. രണ്ടു രൂപയ്ക്കു കിട്ടുന്ന ലഹരി വസ്തുക്കൾ ഒരു വിദ്യാർത്ഥിയെ നിത്യ നാശത്തിലേക്ക് ക്ഷണിക്കുന്നതാവാം. അതിനെതിരെ പോരാടാൻ എല്ലാവർക്കും സാധിക്കട്ടെ. നല്ലൊരു ഭാവിയ്ക്കായി കാത്തിരിക്കാം.

**നിങ്ങളുടെ എബിച്ചേട്ടൻ**

# വേദനകളെ പാഴാക്കരുത്

പ്രശസ്ത അമേരിക്കൻ മാസികയായ 'നാഷണൽ ജിയോഗ്രാഫിക്കി'ൽ പ്രസിദ്ധീകരിക്കുന്ന ഓരോ ചിത്രങ്ങളും ആരുടെയും ശ്രദ്ധ പിടിച്ചു പറ്റുന്നവയാണ്. ചിത്രങ്ങൾക്ക് ജീവനുണ്ടോ എന്ന് തോന്നത്തക്കവണ്ണം അത്ര മനോഹരം. എന്നാൽ ഒരു വിഷയത്തെക്കുറിച്ച് എടുക്കുന്ന 466 ചിത്രങ്ങളിൽ ശരാശരി ഒന്നു മാത്രമേ അവർ പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുക്കൂ. അവാർഡിന് അർഹമായ ചില ചിത്രങ്ങൾപോലും മാസികയിൽ സ്ഥാനം കിട്ടാതെ തഴയപ്പെടുന്നു. കഴിവിന്റെയും സമയത്തിന്റെയും പണത്തിന്റെയും പരിശ്രമത്തിന്റെയും എത്രയോ ഭീമമായ നഷ്ടം.!

> നമുക്കുണ്ടാകുന്ന കഷ്ടപ്പാടുകൾ ആത്മീയ വളർച്ചയ്ക്ക് പ്രചോദനം ചെയ്യുന്നില്ലെങ്കിൽ അവ പാഴായിപോകും. വേദനകൾ മനുഷ്യനെ ശുദ്ധീകരിക്കാനുള്ള തീക്കനലുകൾ ആണ്.

പാഴാക്കലിന്റെ കാര്യത്തിൽ പാശ്ചാത്യസമൂഹം മറ്റെല്ലാവരേയും പിന്നിലാക്കുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് ഹവായിലെ ഒരു ഹോട്ടലിൽ കണ്ട കാഴ്ച. പ്രഭാത ഭക്ഷണത്തിനു ശേഷം ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കപ്പുകളുടെയും സ്പൂണുകളുടെയും കൂമ്പാരങ്ങൾ. എല്ലാം ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ചത്. 40,000 പേർ ഓരോ ദിവസവും പട്ടിണികൊണ്ട് മരിക്കുന്ന ഈ ലോകത്തിൽ എത്രമാത്രം ആഹാര സാധനങ്ങളാണ് ദിവസേന അവിടങ്ങളിലെ ഹോട്ടലുകളിലും വീടുകളിലും പാഴായിപോകുന്നത്. ഉപഭോക്തൃ സംസ്ക്കാരം വലിച്ചെറിയലിന്റെയും പാഴാക്കലിന്റെയും പര്യായമായി തീർന്നിരിക്കുന്നു.

ഭൗതീകവസ്തുക്കളേക്കാളുപരി ആത്മീയ നവീകരണത്തിന് ഉതകുന്ന അവസരങ്ങളെ പാഴാക്കുന്നതാണ് കൂടുതൽ പരിതാപകരം. നമുക്കുണ്ടാകുന്ന വേദനകളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. ഒരിക്കലെങ്കിലും കഷ്ടപ്പാടും ദുരിതവും അനുഭവിക്കാത്ത ഒരു വ്യക്തിയും ഈ ലോകത്തുണ്ടാവുകയില്ല. പക്ഷേ അവയുടെ അളക്കാനാവാത്ത മൂല്യം ഗ്രഹിക്കാതെ നാം നഷ്ടപ്പെടുത്തുന്നു. ഏതെല്ലാം വിധത്തിലാണ് വേദനകൾ പാഴായി പോകുന്നത്? ദ ആർട്ട് ഓഫ് ലവിംഗ് ഗോഡ്' ഉൾപ്പെടെ പ്രസിദ്ധമായ പല ഗ്രന്ഥങ്ങളുടെയും കർത്താവും പ്രശസ്ത സുവിശേഷകനും ധ്യാനഗുരുവുമായ ജോൺ. എച്ച്. ഹാംക് പറയുന്നത് ശ്രദ്ധിക്കുക. "ശാരീരികവും മാനസികവുമായ വേദനകൾ അനുഭവിക്കുന്ന സമയത്ത് അതിനുത്തരവാദി ദൈവമാണെന്ന് കരുതി ദൈവത്തോട് അമർഷം തോന്നുമ്പോൾ, ദൈവിക ലക്ഷ്യങ്ങളെ മനസ്സിലാക്കാതെ ആത്മീയ പരിത്യാഗത്തിന് ശ്രമിക്കുമ്പോൾ, സ്വയം പരിതപിക്കുമ്പോൾ, അത്യന്തം അക്ഷമരായി ദൈവത്തെ മഹത്വീകരിക്കുന്നതിനുവേണ്ട ഉപാധികളായി വേദനകളെ സമർപ്പിക്കാതിരിക്കുമ്പോൾ, ക്ഷമ, പ്രത്യാശ, സ്വഭാവം എന്നിവ വളർത്തി എടുക്കുന്നതിനുള്ള അവസരങ്ങളായി ഉപയോഗിക്കാതിരിക്കുമ്പോൾ, ഇതിനെല്ലാം ഉപരിയായി ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരാനുള്ള അവസരങ്ങളെ നിഷേധിക്കുമ്പോൾ (1 പത്രോസ് 4:13) വേദനകൾ നമുക്ക് പാഴായിപോകുന്നു"...

മഹാനായ ഫ്രഞ്ച് ചിത്രകാരൻ റിനോയർ-നെ ആർത്രൈറ്റിസ് (സന്ധിവാതം) രോഗം അവസാന നാളുകളിൽ വല്ലാതെ തളർത്തിയിരുന്നു. വിരൽ സന്ധികൾ മുഴുവൻ നീരു വന്ന് വീർത്തു. കൈകാലുകൾ നിശ്ചലമായി. ബ്രഷ് പിടിച്ച് ചിത്രം വരയ്ക്കാൻ കഴിയാത്ത അവസ്ഥയിലെത്തി. പരിചാരകരുടെ സഹായം കൂടാതെ എഴുനേറ്റിരിക്കാൻ പോലും സാധിക്കാത്ത സ്ഥിതിയിലായി. എങ്കിലും ആരോടും പരിഭവം ഇല്ലാതെ, പരാതി പറയാതെ അദ്ദേഹം വേദനകൊണ്ട് പുളയുന്ന അവസ്ഥയിലും വിലക്ഷണമായ വിരലുകൾ ഉപയോഗിച്ച് ചിത്രരചന തുടർന്നുകൊണ്ടേയിരുന്നു. വേദന സഹിക്കാനാവാത്ത ഒരവസരത്തിൽ ബ്രഷ് അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും താഴെ വീണു. ഇതു കണ്ട ഒരു സുഹൃത്ത് സഹതാപത്തോടെ ചോദിച്ചു, "അങ്ങ് എന്തിനാണ് ഇങ്ങനെ സ്വയം പീഡിപ്പിക്കുന്നത്? ചിത്രരചനയിൽ അങ്ങ് എത്രയോ വലിയ സംഭാവനകൾ നൽകിക്കഴിഞ്ഞു. അങ്ങ് തൃപ്തനല്ലേ? വേദനകൊണ്ട് പുളയുന്ന ഈ അവസരത്തിലെങ്കിലും സ്വസ്ഥനായി ഇരുന്നുകൂടേ". സ്നേഹപൂർവ്വം സുഹൃത്തിനെ നോക്കി ചിരിച്ചുകൊണ്ട് റിനോയർ പറഞ്ഞ മറുപടി ഇതാണ്... "ഞാൻ ഇപ്പോൾ അനുഭവിക്കുന്ന വേദന താത്ക്കാലികം മാത്രമാണ്. എന്നാൽ ഞാൻ സൃഷ്ടിക്കുന്ന സൗന്ദര്യം സ്ഥായിയായിട്ടുള്ളതാണ്." വേദനകളെ ദാർശനിയമായ കാഴ്ചപ്പാടിൽ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. സ്വർഗ്ഗീയമായ ആനന്ദം അനുഭവിക്കാനുള്ള പ്രവേശന കൂപ്പണുകളായി വേദനകളെ കാണണം എന്നാണ് വേദപുസ്തകം സമർത്ഥിക്കുന്നത്. ഇല്ലാത്ത വേദനകളെ വിളിച്ചുവരുത്തി സ്വയം പീഡിപ്പിക്കണമെന്നല്ല ഇതിനർത്ഥം. ജീവിതത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിനിടയിൽ [illegible] കുന്ന കഷ്ടപ്പാടുകൾ ആത്മീയ വളർച്ചയ്ക്ക് പ്രചോദനം ചെയ്യുന്നില്ലെങ്കിൽ അവ പാഴായിപോകും. വേദനകൾ മനുഷ്യനെ ശുദ്ധീകരിക്കാനുള്ള തീക്കനലുകൾ ആണ്. അതുകൊണ്ടാണ് "ദുഃഖിക്കുന്നവർ ഭാഗ്യവാൻമ്മാരെന്ന്" യേശു ക്രിസ്തു കല്പിച്ചത്. ഞാൻ നിന്നെ കഷ്ടതയുടെ തീച്ചൂളയിൽ ആകുന്നു ശോധന ചെയ്യുന്നത് എന്ന് യെശയ്യാ പ്രവാചകൻ (48:10 ) ഉദ്ഘോഷിക്കുന്നു.

ജീവിതം സുഗമമായി മുന്നോട്ട് പോകുമ്പോൾ നാം നമ്മുടെ ശക്തിയിലും സമ്പത്തിലും വിശ്വാസം അർപ്പിക്കുന്നു. അപ്രതീക്ഷിതമായി വേദനകളും കഷ്ടപ്പാടുകളും ഉണ്ടാകുമ്പോൾ പലരും നിരാശരാകുന്നു. ആർജിച്ചുവച്ച ഭൗതിക നിക്ഷേപങ്ങളൊന്നും നമ്മെ സഹായിക്കാൻ പ്രാപ്തമാകുന്നില്ല എന്ന ശൂന്യതാബോധത്തിനടിമയാകുന്നു. ഈ നിസഹായാവസ്ഥയിൽ നിന്നാണ് പലരും ദൈവത്തിങ്കലേക്ക് തിരിയുന്നത്. വിശുദ്ധ ഗ്രന്ഥങ്ങളിലെ ആത്മീയ യാഥാർത്ഥ്യങ്ങളെ ഗ്രഹിച്ച് ദൈവത്തിൽ ശരണമർപ്പിക്കുന്നവരുടെ എണ്ണം എത്രയോ വിരളമാണ്. വേദനകൾ ആത്മീയകവാടങ്ങൾ തുറക്കാൻ സഹായിച്ചില്ലെങ്കിൽ അവ പാഴായിപോകും. കഷ്ടപ്പാടുകൾക്കെതിരേ സുരക്ഷിത വലയം സൃഷ്ടിക്കുന്നവർ ആദ്ധ്യാത്മികമായും വൈകാരികമായും മരിച്ചുപോകുന്നുവെന്ന് യേശുക്രിസ്തു ശിഷ്യൻമാരോട് പറഞ്ഞു. (മത്തായി 16:25). "അവർ ജീവനെ കളയുന്നവരാകുന്നു. അല്ലാത്തവരോ ജീവനെ കണ്ടെത്തും" എന്ന് യേശു പറഞ്ഞു. അതുകൊണ്ടാണ് "കഷ്ടതയിലും പ്രശംസിപ്പീൻ'' എന്ന് വി. പൗലൂസ് (റോമർ 5:3,4) ആഹ്വാനം ചെയ്യുന്നത്. കാരണം, കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും വളർത്തുന്നു. അങ്ങനെ നമ്മിൽ വെളിപ്പെടാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടതകളും വേദനകളും എത്രയോ നിസ്സാരമാകുന്നു. (റോമർ 8:18). റിനോയർ പറഞ്ഞതുപോലെ വേദനകൾ താല്ക്കാലികവും അതു ദൈവാശ്രയം ഉള്ളവർക്ക് ആത്മീയ നവീകരണത്തിലൂടെ ഉളവാകുന്ന പ്രത്യാശയും തേജസ്സും സ്ഥായിയായതും ആണ്.

(കെ. പി. ജെ)



# സഭയും വിദ്യാഭ്യാസവും

ഡോ. ജോസ് പാറക്കടെവിൽ

ഈശ്വരന് മനുഷ്യനെക്കുറിച്ചുള്ള പ്രതീക്ഷകൾ അവസാനിച്ചിട്ടില്ല എന്നതിന്റെ തെളിവാണ്, ഓരോ നവജാത ശിശുവും എന്നു മഹാകവി ടാഗോർ പറയുകയുണ്ടായി. നമ്മുടെ വിദ്യാഭ്യാസമേഖലയെക്കുറിച്ച് ഒട്ടേറെ അസംതൃപ്തികൾ ഉണ്ടെങ്കിലും ഓരോ പുതിയ അദ്ധ്യയന വർഷം കടന്നു വരുന്നത് നിരവധി പ്രതീക്ഷകൻ നല്കിക്കൊണ്ടാണ്. വിദ്യാലയങ്ങളിലേക്കു പ്രവേശിക്കുന്ന കുട്ടികൾക്ക് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾക്കനുസൃതമായി വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തുവാനും നവീകരിക്കുവാനും മുതിർന്നവർക്കു കഴിയുന്നില്ല എന്നതാണു പ്രശ്നം. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ രംഗം വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭകൾക്ക് ഈ മേഖലയിൽ പ്രധാന പങ്കു വഹിക്കുവാൻ കഴിയണം.

കേരളത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ അലഭ്യമായിരുന്ന കാലത്ത് നാട്ടിലുടനീളം വിദ്യാലയങ്ങൾ തുറന്നു വിദ്യയോട് വിമുഖരായിരുന്നവരിൽ ആഭിമുഖ്യം വളർത്തിയും പില്ക്കാലത്ത് ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വരെ ഏർപ്പെടുത്തിയും സഭകൾ കേരളത്തിന്റെ പുരോഗതിക്കു പാതകളൊരുക്കി.

എന്നാൽ കാലം കുറെ കഴിഞ്ഞപ്പോൾ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ കഴിയാതെയും മാറാൻ പാടില്ലാത്ത മൂല്യങ്ങളെ മാറാതെ പിടിച്ചു നിർത്തുവാൻ കഴിയാതെയും വിദ്യാഭ്യാസത്തിന്റെ അപചയത്തിനു മാപ്പു സാക്ഷികളായി നില്ക്കുന്ന സഭകളെയാണു കാണേണ്ടി വന്നത്.

ഭരണകർത്താക്കളുടെ അവിദഗ്ധത മൂലമോ രാഷ്ട്രീയത്തിന്റെ അതിപ്രസരം നിമിത്തമോ വിദ്യാഭ്യാസ നിലവാരം താണുകൊണ്ടിരുന്നപ്പോൾ അതിനെതിരേ പ്രതിരോധമേർപ്പെടുത്താൻ സഭകൾ തയ്യാറായില്ല. ഇതര സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്തു കാര്യക്ഷമത കൈവരിച്ചു മുന്നേറിയപ്പോൾ കേരളത്തിനു പുറത്ത് ഇന്ത്യയിലൊട്ടാകെ പ്രവർത്തനങ്ങൾ വ്യാപരിച്ചു കിടക്കുന്ന സഭകൾ കേരളത്തിലും അങ്ങനെയൊരവസ്ഥ സൃഷ്ടിക്കണമെന്നു ചിന്തിക്കയോ ഭരണകർത്താക്കൾക്ക് ഉപദേശം നൽകുകയോ ചെയ്തു കണ്ടില്ല. ഈ രംഗത്ത് സർക്കാരിനെക്കൂടി നയിക്കുവാൻ പ്രാപ്തിയുണ്ടായിരുന്ന സഭകൾ സർക്കാരുകളുടെ നിർദ്ദേശങ്ങൾക്കു കാതോർത്തു കഴിയുന്നതാണ് കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ നാം കണ്ടത്.

> കനത്ത ഫീസ് നല്കി പഠിക്കുവാൻ കഴിയാത്ത ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ, ഗുണനിലവാരമുള്ള, തൊഴിൽ മേഖലകളുമായി ബന്ധമുള്ള, മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകത്തക്കവണ്ണം കേരളത്തിലെ കോളജുകളെ ഉയർത്തിക്കൊണ്ടു വരുവാൻ സഭകൾ സന്നദ്ധമാകണം. ഈ മേഖലയെക്കുറിച്ച് നിരീക്ഷിക്കുവാനും പഠിക്കുവാനുമുള്ള വിദ്യാഭ്യാസ സമിതികളുണ്ടാകുകയും ചെയ്യേണ്ടതാവശ്യമാണ്.

ഇക്കാലയളവിൽ സ്ക്കൂൾ വിദ്യാഭ്യാസരംഗത്ത് കുറച്ചു മാറ്റമുണ്ടാക്കിയത് ഇംഗ്ലീഷ് മീഡിയം, സി.ബി.എസ്.

ഇ., ഐ.സി.എ.സി. വിദ്യാലയങ്ങളാണ്. ഇത്തരം വിദ്യാലയങ്ങളെപ്പറ്റി വിമർശനങ്ങൾ ഉണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെപ്പറ്റി ചിന്തിക്കുവാൻ മലയാളികളെ പ്രേരിപ്പിച്ചത് ഈ സ്ഥാപനങ്ങളാണ്. എന്നാൽ, സഭകളല്ല, വ്യക്തികളാണ് ഇത്തരമൊരു പരീക്ഷണവുമായി മുന്നിട്ടിറങ്ങിയത് എന്നു പറയേണ്ടിയിരിക്കുന്നു. വ്യക്തികൾ ഇത്തരം സ്ഥാപനങ്ങളുമായി രംഗത്തു വന്നപ്പോൾ സഭകളും അവരെ പിന്തുടർന്നു. സ്വന്തം എയ്ഡഡ് സ്ക്കൂളുകൾ പൂട്ടിയിടേണ്ട അവസ്ഥ വരെ സഭകൾ സൃഷ്ടിക്കുകയുണ്ടായി.

വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിലായ ബീഹാറിൽ പോലും പ്രീ-ഡിഗ്രി കോളജുകളിൽ നിന്നു വേർപെടുത്തിയിട്ടും കേരളത്തിലെ മുന്നണികൾക്ക് വ്യക്തമായ തീരുമാനമുണ്ടായില്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാനാണ് എല്ലാ സംസ്ഥാനങ്ങളും ഈ മാറ്റം നടപ്പിലാക്കിയത്. കേരളത്തിൽ അങ്ങനെയൊരു ലക്ഷ്യബോധം ഉണ്ടായിരുന്നോ എന്നു സംശയിക്കണം. പ്രീ-ഡിഗ്രി പോയതോടെ ആർട്സ് ആർഡ് സയൻസ് കോളേജുകൾ ആർക്കും വേണ്ടാത്ത സ്ഥാപനങ്ങളായി! അവിടെ മിച്ചമായ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള തിരക്കിട്ട ശ്രമങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചത് അസ്ഥാനത്തായി. സ്വാശ്രയ സ്ഥാപനങ്ങൾ എന്ന പുതിയ ആശയം കടന്നു വന്നതോടെ അവിടെയായി എല്ലാവരുടെയും ശ്രദ്ധ. തമിഴ്നാടും, കർണ്ണാടകയും പത്തിരുപതു വർഷം മുമ്പേ നടപ്പിലാക്കിയ സംവിധാനത്തെ നാം ഇന്ന് അനുകരിച്ചു തുടങ്ങുന്നു.

സൂക്ഷ്മതയോടെ, ചിട്ടയായി നടത്തേണ്ടിയിരുന്ന പ്രീ-ഡിഗ്രി മാറ്റം അനവധാനതയോടെ, തിടുക്കത്തിൽ നടപ്പിലാക്കിയതു മൂലം ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരം ദയനീയമായി തകർന്നു. ഈ സന്ദർഭത്തിലും സർക്കാർ പറഞ്ഞതൊക്കെ അനുസരിക്കയല്ലാതെ, നിലവാരത്തകർച്ച ഒഴിവാക്കുവാൻ എന്താണു ചെയ്യേണ്ടതെന്നു നിർദ്ദേശിച്ചുകൊണ്ട് സഭകൾ രംഗപ്രവേശം ചെയ്തില്ല.

കേരളത്തിലെ കോളേജുകളെപ്പറ്റി പഠനം നടത്തിയ 'നാക്' സംഘത്തിന്റെ റിപ്പോർട്ട് ഈയിടെ പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. കോളേജുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണവർ പറയുന്നത്. അന്യ സംസ്ഥാനങ്ങളിലെ കോളേജുകളുടെ പ്രവർത്തന രീതികൾ മനസ്സിലാക്കിയിട്ടുള്ളവർക്ക് ഈ നിഗമനം ശരിയാണെന്നു സമ്മതിക്കേണ്ടി വരും. ഡിഗ്രി പഠനത്തിനു പോലും കേരളത്തിലെ കുട്ടികൾ ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ പോകുന്നതു സാധാരണമായിരിക്കുന്നു.

കനത്ത ഫീസ് നല്കി പഠിക്കുവാൻ കഴിയാത്ത ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ, ഗുണനിലവാരമുള്ള, തൊഴിൽ മേഖലകളുമായി ബന്ധമുള്ള, മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകത്തക്കവണ്ണം കേരളത്തിലെ കോളജുകളെ ഉയർത്തിക്കൊണ്ടു വരുവാൻ സഭകൾ സന്നദ്ധമാകണം. ഈ മേഖലയെക്കുറിച്ച് നിരീക്ഷിക്കുവാനും പഠിക്കുവാനുമുള്ള വിദ്യാഭ്യാസ സമിതികളുണ്ടാകുകയും ചെയ്യേണ്ടതാവശ്യമാണ്.


**MGM CO ED SCHOOL**

***CANAAN GARDEN, BHOPAL***

**WANTED**

Experienced and well Qualified (PGT/ M.Phil/.PhD). Applications for the post of Principal/ Headmistress are invited. Age Limit-40 Yrs & above. Fluencey in English is desired. Free accomodation and Salary Negotiable.

*For further details contact:*

**PH:- 0755-2582544**
**Fr. Shaji Mukadiyil**
**St. Thomas Orthodox Cathedral**
**60-Ashoka Garden**
**Govindpura, Bhopal, M.P.-460023**

**St. MARY'S ORTHODOX SCHOOL**

**(Affiliated to ICSE, New Delhi & Managed by St. Mary's Orthodox Syrian Church Society)**

**92, X/I, Krishnapuram, Kanpur.**
**Phones: 2401710, 2403207**

**WANTED**

**1. PRINCIPAL:** Post Graduate, Trained, Experienced Principal.

**2. TEACHERS:** Graduate/Post Graduate, trained teachers for English and P.C.M. subjects. Suitable candidates may apply to the Chairman with in ten days along with copies of testimonials and salary expected.






# ഞായർദിന ചിന്തകൾ

**ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ**

**ജൂൺ 15**
**പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായർ**
**യോഹ. 6:26–35**

അപ്പവും മീനും തിന്നു സംതൃപ്തരായ ഗലീലക്കാരായ ജനത പൊതുവേ ദാരിദ്ര്യ രേഖയ്ക്കു താഴേക്കിടയിൽ കഴിഞ്ഞവരായിരുന്നു. യേശുവിനെ രാജാവാക്കിയാൽ അവരനുഭവിക്കുന്ന ദാരിദ്ര്യത്തിൽ നിന്നു വിടുതൽ ലഭിക്കും എന്നവർ കരുതി. ജനം യേശുവിനെ അന്വേഷിച്ച് കഫർന്നഹൂമിൽ എത്തി. തന്നെ പിൻതുടർന്ന് അന്വേഷിച്ചു വന്നതിന്റെ ഉദ്ദേശ്യം ചോദ്യം ചെയ്തുകൊണ്ടാണ് ഈ വചനങ്ങളിലൂടെ യേശു തമ്പുരാൻ സംഭാഷിക്കുന്നത്.

പുരുഷാരത്തിന്റെ രണ്ടു ചോദ്യങ്ങൾക്കു യേശു വ്യക്തമായി മറുപടി പറയുന്ന ഭാഗമാണിത്. ഒന്നാമത്തെ ചോദ്യം ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയ്യേണം? (വാ. 28) രണ്ടാമത്തെ ചോദ്യം; ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിനു നീ എന്ത് അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു? (വാ. 30).

നിലവിലുള്ള ധാരണകൾക്കനുസരിച്ചുള്ള ഒരു പ്രതികരണമാണ് കർത്താവിൽ നിന്ന് അവർ പ്രതീക്ഷിച്ചത്. പ്രമാണങ്ങളും ചട്ടങ്ങളും അനുസരിച്ച് നല്ല ജീവിതം നയിച്ചാൽ ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തിയായി മാറും എന്നവർ കരുതി. എന്നാൽ യേശു തമ്പുരാന്റെ മറുപടി, ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി, അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ എന്നാണ്. നിയമങ്ങളോടും, ചട്ടങ്ങളോടും ഉള്ള അനുസരണത്തേക്കാൾ ഉപരി അയച്ചവനിൽ ഉള്ള വിശ്വാസവും, അനുസരണവുമാണാവശ്യം. ദൈവത്താൽ അയയ്ക്കപ്പെട്ടവനെന്ന് അനേക കാരണങ്ങളാൽ തെളിയിക്കപ്പെട്ടിരിക്കുന്ന താൻ സാക്ഷാൽ അങ്ങനെതന്നെയാണെന്നു വിശ്വസിക്കുകയും, അവിടുത്തെ നിർദ്ദേശങ്ങളനുസരിച്ചു ജീവിക്കുകയും ചെയ്യുക എന്ന ഏക നിർദ്ദേശം മാത്രം അവൻ നൽകുന്നു.

നാം ദൈവത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരാണ്. നമ്മുടെ യാഥാർത്ഥ വിശപ്പ് ദൈവത്തിനുവേണ്ടിയായിരിക്കണം. ദൈവത്തിൽ നിന്നു വരുന്നതാണ് യഥാർത്ഥ ഭക്ഷണം. തനി ഭൗതികത ഒരു മനുഷ്യനും തൃപ്തി നൽകില്ല. യഥാർത്ഥ തൃപ്തി നൽകുന്ന ജീവന്റെ അപ്പം യേശു നമുക്കു നൽകിയിരിക്കുന്നു. അങ്ങനെ വിശ്വസിക്കണമെങ്കിൽ അടയാളം ആവശ്യമാണ്. അതവർ ആവശ്യപ്പെടുന്നു. കർത്താവ് തെളിവു കൊടുക്കുകയും ചെയ്യുന്നു നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു. അവർക്കു തിന്നുവാൻ സ്വർഗ്ഗത്തിൽനിന്ന് അപ്പം കൊടുത്തു (വാ. 31).

മുൻ സംഭവങ്ങളൊന്നും അവരെ തൃപ്തിപ്പെടുത്തുവാൻ മതിയായിരുന്നില്ലത്രെ. പഴയ നിയമത്തിലെ ഏറ്റവും വലിയ അത്ഭുത സംഭവമായി ഗണിക്കപ്പെട്ടിരുന്നത് ഇതത്രെ. മശിഹാ വരുമ്പോൾ ഇതുതന്നെ നടത്തുമെന്ന് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു. ആകയാൽ മുമ്പ് അവിടുന്ന് നടത്തിയ പ്രവൃത്തി ഇതിനേക്കാൾ നിസാരം മാത്രമാണ്, മോശയേക്കാൾ മഹാനെന്നു വിശ്വസിക്കുവാൻ ഇതു മാത്രം പോരാ എന്നവർ സൂചിപ്പിക്കുന്നു.

ആളുകൾ മന്നായെക്കുറിച്ച് വളരെ കാര്യമായി സംസാരിച്ചപ്പോൾ ദാനത്തിനല്ല അതു നൽകുന്ന ആളിനാണു പ്രാധാന്യം എന്ന് അവിടുന്നു പറയുന്നു. മന്നാ സാക്ഷാൽ ജീവന്റെ അപ്പമല്ലായിരുന്നു. അതു യഹൂദരുടെ ശാരീരിക ആവശ്യങ്ങൾ നിറവേറ്റി. സ്വർഗ്ഗീയ മന്നാ, ലോകത്തിനു വേണ്ടി പൂർണ്ണമായി നൽകിയ ദൈവിക ദാനമാണെന്നു കർത്താവ് വെളിപ്പെടുത്തുന്നു. അത് തന്റെ ജീവിതത്തിലൂടെ നിറവേറുന്നു. സ്വർഗ്ഗീയ മന്നാ താൻ തന്നെയാണെന്നും അവകാശപ്പെടുന്നു. "ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നു ലോകത്തിനു ജീവനെ കൊടുക്കുന്നതാകുന്നു (വാക്യം 33) എന്നു പറയുന്നതിൽ യേശു ക്രിസ്തുവിന്റെ പൂർണ്ണമായ വ്യക്തിത്വത്തെയും രക്ഷാകരമായ വീണ്ടെടുപ്പിന്റെ പ്രവർത്തനങ്ങളെയും നമുക്കു ദർശിക്കാം."

ആഹാരവും, നിയമത്തോടുള്ള അനുസരണവും അവരുടെ മതജീവിതത്തിന്റെ കേന്ദ്രബിന്ദുവായി മാറിയെങ്കിൽ, കർത്താവിന്റെ മറുപടിയിൽ (വാക്യം 29, 32–33) തന്റെ ജീവിതത്തിലൂടെ ഇതു രണ്ടും പൊരുളായിതീർന്നു എന്നു വെളിപ്പെടുത്തുന്നു. ജീവന്റെ അപ്പമായ യേശുവിൽ വിശ്വസിക്കുകയും വി. കുർബ്ബാനയാകുന്ന സ്വർഗ്ഗീയ മന്ന ഭക്ഷിക്കുകയും ചെയ്യുന്നവരുടെ ആത്മീയ വിശപ്പും ദാഹവുമാണ് ശമിക്കുന്നത്. അതുവഴി നാം നിത്യ ജീവന്റെ അനുഭവക്കാരാകുകയും ചെയ്യുന്നു.

'ഈ അപ്പം ഞങ്ങൾക്കു സദാ നൽകണമേ' എന്നവർ അപേക്ഷിക്കുന്നു. ഇതെന്താണെന്നു വേണ്ടപോലെ അവർ ഗ്രഹിച്ചിട്ടല്ല പറയുന്നത്. പ്രത്യേകമായ വല്ല അനുഗ്രഹത്തെയോ, നടത്തുവാൻ പോകുന്ന ഏതോ വിശേഷമായ അത്ഭുത സംഭവത്തെയോ ഉദ്ദേ

**ക്രിസ്തുസഭയിൽ വൈദികർ മുതലായി സുവിശേഷപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടരിക്കുന്നവർ ധനസമ്പാദനത്തിനായി ഇതര മാർഗ്ഗങ്ങൾ അവലംബിച്ചുകൂടാ, എന്നാൽ അവരുടെ സംരക്ഷണം സഭയിൽനിന്നുതന്നെ നടത്തണം. ഉപജീവനത്തിനാവശ്യമായവയെല്ലാം കരുതിവെച്ചുകൊണ്ട് അതിന്റെ സുരക്ഷിതത്വത്തെ ആശ്രയിച്ചല്ല പ്രേഷിത ദൗത്യം നിർവഹിക്കേണ്ടത്. മറിച്ച് വിശ്വാസ ജീവിതത്തിൽ അടങ്ങിയിരിക്കുന്ന അനിശ്ചിതത്വം ഉൾക്കൊണ്ടു കൊണ്ട് ദൈവത്തിലാശ്രയിച്ച്, ജനത്തെ ദൈവജനമാക്കുന്ന ശുശ്രൂഷയാണ് പ്രേഷിത ദൗത്യത്തിൽ അന്തർഭവിച്ചിരിക്കുന്നത്.**

## ഞായർദിന ചിന്തകൾ

ശിച്ചു കൊണ്ടാണ്. ശൊമറീൻകാരി സ്ത്രീയുടെ അപേക്ഷയും ഇതും തമ്മിലുള്ള സാമ്യം ശ്രദ്ധേയമാണ്.

ജീവന്റെ അപ്പം താൻതന്നെയാണെന്നു സ്പഷ്ടമായി പറയുന്നു. 'വരുന്നവന്', വിശ്വസിക്കുന്നവന് എന്ന രണ്ടു പദങ്ങൾ ശ്രദ്ധേയമാണ്. ഒരു പ്രവൃത്തിയുടെ രണ്ടു ഘടകങ്ങളാണ് ഇവ രണ്ടും. ഒന്നു ബാഹ്യവും മറ്റേത് ആന്തരീയവും, ആത്മീയ ഭക്ഷണം പ്രാപിക്കുവൻ ഇതു രണ്ടും ആവശ്യമാണ്. യാഥാർത്ഥ്യ ബോധത്തോടെ, ഗൗരവത്തോടെ എത്ര പേർ വി. ആരാധനയിൽ സംബന്ധിച്ച് വി. കുർബ്ബാന അനുഭവിക്കുന്നുണ്ട് എന്നുള്ളത് സ്വയപരിശോധനയ്ക്കായി വിടുന്നു.

### ജൂൺ 22
### പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായർ
### വി. മത്തായി 10:5–16

ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ

യേശു തമ്പുരാൻ ഗലീലയിലെ പരസ്യ ശുശ്രൂഷ വേളയിൽ ജനങ്ങളെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും, ചിന്നിയവരും, ആയി കണ്ടു. യേശുവിന് അവരോട് മനസ്സലിവു തോന്നി. മനുഷ്യവർഗ്ഗത്തെ മുഴുവനും രക്ഷിപ്പാനായി ലോകത്തിലേക്കു വന്നവതരിച്ച യേശു എന്ന ഇടയൻ പീഡിപ്പിക്കപ്പെട്ട ജനത്തെ കണ്ടിട്ട് മനസ്സലിഞ്ഞ് തന്റെ ശിഷ്യന്മാരോട് പറഞ്ഞത് കൊയ്ത്തു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം (മത്താ. 9:37).

യേശുതമ്പുരാൻ 12 ശിഷ്യന്മാരെ തന്റെ ശുശ്രൂഷയിൽ ഭാഗഭാക്കുകളാക്കുന്നു. രോഗികളേയും, ദീനക്കാരേയും, വ്യാധികളുള്ളവരേയും ശുശ്രൂഷിക്കുവാൻ, ദൈവരാജ്യത്തിന്റെ അനുഭവം അവർക്കുണ്ടാകുവാൻ; യേശു തന്റെ പിതാവ് ദൗത്യനിർവ്വഹണത്തിന് നൽകിയ അധികാരം അവരുമായി പങ്കുവയ്ക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. (യോഹ. 20:21)

മറ്റു സുവിശേഷങ്ങളിൽ ഈ ഉപദേശങ്ങൾ പല സ്ഥാനങ്ങളിലായി കാണപ്പെടുന്നു. പല അവസരങ്ങളിൽ കർത്താവ് ശ്ലീഹന്മാരേയും അറിയിപ്പുകാരേയും ഉദ്ദേശിച്ചും മറ്റും നൽകിയ ഉപദേശങ്ങൾ മത്തായി ശ്ലീഹാ ഗിരിപ്രഭാഷണം പോലെ ഇവിടെയും തുടർച്ചയായി ക്രോഡീകരിച്ചിരിക്കുന്നു. ഇവിടത്തെ പ്രോഘോഷണ വിഷയം ദൈവരാജ്യമാണ്. യേശുവിന്റെ പ്രഭാഷണങ്ങളുടെയും, സൗഖ്യദായക ശുശ്രൂഷകളുടേയും, വീര്യ പ്രവൃത്തികളുടെയും എല്ലാം കേന്ദ്ര വിഷയം സ്വർഗ്ഗരാജ്യമായിരുന്നു. ദൈവരാജ്യം എന്നത് അടിസ്ഥാനപരമായി ദൈവത്തിന്റെ ഭരണമാണ്. ഈ ദൈവഭരണത്തിന് എല്ലാവരും മനസാ വാചാ കർമ്മണാ വിധേയരാകുക എന്നതാണ് ദൗത്യത്തിന്റെ ലക്ഷ്യം. സർവ്വ മനുഷ്യരുടേയും, പ്രപഞ്ചത്തിന്റെയും നന്മ ദൈവഭരണത്തിലാണ് സുരക്ഷിതമായിരിക്കുന്നത്.

മശിഹാ സർവ്വജാതികൾക്കും പ്രകാശം നൽകുവാൻ വന്ന ദീപമായിരിക്കെ ഇവിടെ ശിഷ്യന്മാരുടെ പ്രവർത്തനത്തിന് അതിർത്തി വയ്ക്കുന്നതായി കാണുന്നു. ഇതിനുള്ള കാരണം വിജാതീയരോട് സുവിശേഷമറിയിക്കുവാനുള്ള സമയമായിട്ടില്ല എന്നതും, വിജാതീയരോട് സുവിശേഷ മറിയിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളെ വിജയകരമായി നേരിടുവാനുള്ള അറിവും, പരിശീലനവും, വിശ്വാസ സ്ഥിരതയും അവർക്കു ലഭിച്ചിരുന്നില്ല എന്നതുമായിരിക്കണം.

ചെന്നായ്ക്കളുടെ നടുവിൽ ആട് ഇടയനെ നോക്കി ജീവിക്കുന്നതുപോലെ ശിഷ്യന്മാർ, ലോകത്തിലെ 'ചെന്നായ്ക്കളെ'പ്പോലെയുള്ള മനുഷ്യരുടെ മുമ്പിൽ ദൈവത്തെ നോക്കി ജീവിക്കേണ്ടതിന്റെ ആവശ്യകത കർത്താവ് ശിഷ്യരെ മനസിലാക്കുന്നു. കർത്താവ് ഇവിടെ അവർക്കു നൽകുന്ന അധികാരത്തെ ദൗത്യനിർവഹണവുമായി ബന്ധപ്പെടുത്തി മാത്രമേ കാണാവൂ.

യഹൂദന്മാർക്കു സംസർഗ്ഗമില്ലാത്ത ശൊമറായരുടെ നഗരത്തിൽ പ്രവേശിക്കാതെയും, വിജാതീയരുടെ വഴി അതായത് അന്യ വിശ്വാസാചാരങ്ങളിൽ ഉൾപ്പെട്ടുപോകാതെയും തങ്ങളെത്തന്നെ സൂക്ഷിച്ച് സുവിശേഷ വെളിച്ചം ആദ്യം യഹൂദന്മാർക്കും, പിന്നീടു വിജാതീയർക്കും നൽകണമെന്നുള്ള ദൈവനിശ്ചയം ഇവിടെ സ്പഷ്ടമായി യേശു ഉദ്ബോധിപ്പിക്കുന്നു. ഏറ്റവും ദരിദ്രരായ യാത്രക്കാരെപ്പോലെ അവർ യാത്ര ചെയ്യണമെന്നും, പൂർണ്ണ ദൈവാശ്രയത്തിൽ കഴിഞ്ഞു കൊള്ളണമെന്നും ഓർമ്മിപ്പിക്കുന്നു. ചെരുപ്പുകളോ, വടിയോ കരുതരുത് എന്നതിനു പകരം മർക്കോസ് (6:8–9) വള്ളി ചെരുപ്പുകൾ ഇട്ടുകൊള്ളാമെന്നും, വടി മാത്രം എടുക്കാമെന്നും പറയുന്നു. മത്തായി ശ്ലീഹാ ചെരുപ്പ് എന്നു പറയുന്നത് വില കൂടിയ നല്ലതരം ചെരുപ്പിനെ ഉദ്ദേശിച്ചാണ്. കർത്താവു നൽകിയ നിർദ്ദേശങ്ങളെ മർക്കോസ് കുറെക്കൂടി സൂക്ഷ്മമായി വിവരിക്കുന്നു എന്നല്ലാതെ ഇതിൽ പരസ്പര വൈരുദ്ധ്യമില്ല.

വേലക്കാരനു ഭക്ഷണത്തിന് അർഹതയുണ്ട് – കൂലിയെന്നല്ല, ഭക്ഷണമെന്നാണ് പറഞ്ഞിരിക്കുന്നത്. കൂലി അവസാന നാളിൽ മാത്രം നൽകപ്പെടാനുള്ളതാണ്. സുവിശേഷ പ്രചാരണം ചെയ്യുന്നവരുടെ അഹോവൃത്തിക്കുള്ള മാർഗ്ഗം അതിൽനിന്നുതന്നെ നൽകപ്പെടേണ്ടതാണ് എന്നും ഇതിൽ നിന്ന് സ്പഷ്ടമാണ്. ക്രിസ്തുസഭയിൽ വൈദികർ മുതലായി സുവിശേഷപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടരിക്കുന്നവർ ധനസമ്പാദനത്തിനായി ഇതര മാർഗ്ഗങ്ങൾ അവലംബിച്ചുകൂടാ, എന്നാൽ അവരുടെ സംരക്ഷണം സഭയിൽനിന്നുതന്നെ നടത്തണം. ഉപജീവനത്തിനാവശ്യമായവയെല്ലാം കരുതിവെച്ചുകൊണ്ട് അതിന്റെ സുരക്ഷിതത്വത്തെ ആശ്രയിച്ചല്ല പ്രേഷിത ദൗത്യം നിർവഹിക്കേണ്ടത്. മറിച്ച് വിശ്വാസ ജീവിതത്തിൽ അടങ്ങിയിരിക്കുന്ന അനിശ്ചിതത്വം ഉൾക്കൊണ്ടുകൊണ്ട് ദൈവത്തിലാശ്രയിച്ച്, ജനത്തെ ദൈവജനമാക്കുന്ന ശുശ്രൂഷയാണ് പ്രേഷിത ദൗത്യത്തിൽ അന്തർഭവിച്ചിരിക്കുന്നത്. ദൈവരാജ്യ പ്രഘോഷണം സർവ്വർക്കും സുപ്രധാനമായതുകൊണ്ട് ദൈവരാജ്യ പ്രഘോഷകരുടെ സന്ധാരണം വിശ്വാസ സമൂഹത്തിന്റെ ബാദ്ധ്യത കൂടിയാണ്.

ലോകവുമായുള്ള സംസർഗത്തിൽ ക്രിസ്തു വിശ്വാസികൾ പ്രയോഗിക്കേണ്ട രണ്ട് ആയുധങ്ങൾ ബുദ്ധിയും, പരമാർത്ഥതയുമാണ്. ബുദ്ധിക്കു പാമ്പിനേയും, പരമാർത്ഥതയ്ക്കു പ്രാവിനേയും ഉദാഹരണമായി സ്വീകരിക്കുന്നു. സ്വശരീരത്തെ പീഡനത്തിനായി വിടേണ്ടിവന്നാലും പാമ്പ് തലയെ രക്ഷിക്കാൻ നോക്കും. ഈ സ്വഭാവമാണ് ബുദ്ധി.



ഞായർദിന ചിന്തകൾ

ക്രിസ്ത്യാനികൾ ശാരീരികമായി പീഡനമേറ്റാലും തലയാകുന്ന ക്രിസ്തുവിനെ. വിശ്വാസത്തെ സംരക്ഷിക്കേണ്ടതാകുന്നു. എന്തുവന്നാലും താമസ സ്ഥലം ഉപേക്ഷിക്കാൻ മനസില്ലാത്ത ജീവിയാണ് പ്രാവ്. പുറജാതികളിൽ നിന്നും ഉപദ്രവമേറ്റാലും അവരിൽ നിന്നും പിന്തിരിയാതെ അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്ന ക്രിസ്തു വിശ്വാസികളാകണം നാം.

### ജൂൺ 29
### പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായർ
### ശ്ലീഹാ നോമ്പു വീടൽ

യോഹ. 6:35–46/മത്തായി 20:1–16

യോഹന്നാന്റെ സുവിശേഷത്തിൽ യേശു ക്രിസ്തു തന്റെ വ്യക്തിത്വത്തെ വെളിവാക്കുന്ന 'ഞാൻ ആരാകുന്നു' എന്ന വേദഭാഗങ്ങളിൽ ആദ്യത്തേത് ഇവിടെ കാണുന്നു. സമവീക്ഷണ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള മാളിക മുറിയിലെ നിസ്തുല സംഭവത്തിന്റെ ഒരേകദേശ രൂപം യോഹന്നാൻ തന്റേതായ ശൈലിയിൽ ഇവിടെ രേഖപ്പെടുത്തിയതായും ചിന്തിക്കുന്നവരുണ്ട്. അതുകൊണ്ട് ആ ഭാഗം തിരുവത്താഴത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗമായി ചിത്രീകരിക്കുന്നു. കർത്താവ് ലോകത്തിനു തന്നെത്തന്നെ നൽകുന്ന രക്ഷാകര സംഭവത്തിന്റെ പ്രതീകമായി ഈ ഭാഗത്തെ കാണുന്നതിൽ തെറ്റില്ല.

'ജീവന്റെ അപ്പം' നിത്യജീവന്റെ ആഹാരമായി ചിത്രീകരിക്കുന്നു. താത്കാലികവും, നിലനിൽക്കുന്നതുമായ ആഹാരത്തിന്റെ വൈവിദ്ധ്യം ഈ ഭാഗത്തെ വിശദീകരിക്കുന്നു. ഈ വാക്യങ്ങളിൽ മരണവും, ജീവനും, കാലവും, നിത്യതയും തമ്മിലുള്ള ബന്ധവും വെളിവാക്കപ്പെട്ടിരിക്കുന്നു. നിത്യ ജീവന്റെ ആഹാരം, യേശു ക്രിസ്തുവിനോടുള്ള ബന്ധത്തിൽ മരണത്തിനും, ജീവനും, കാലത്തിനും, നിത്യതയ്ക്കും ഒരു പുതിയ അർത്ഥം ലഭിക്കുന്നു. വിശ്വസിക്കുന്നവന് നിത്യ ജീവൻ ഉണ്ട്. വിശക്കുകയും, ദാഹിക്കുകയും ചെയ്യാത്ത ശ്രേഷ്ഠവും, ഉദാത്തവുമായ ആത്മ സംതൃപ്തിയുടെ അനുഭവമായിരിക്കും അത്. (വാക്യം 35).

ഇന്നു ശ്ലീഹാ നോമ്പ് വീടുന്ന ദിനം കൂടിയാണല്ലോ. ശ്ലീഹന്മാരിൽ തലവനായ വി. പത്രോസിനേയും, വി. സഭയുടെ ശിൽപ്പിയും പണിക്കാരനുമായ വി. പൗലോസിനെയും ഓർത്ത് അവരുടെ മദ്ധ്യസ്ഥതയിൽ നാം അഭയപ്പെടുന്ന ദിനം. ഇവിടെ വായിക്കുന്ന വി. ഏവൻഗേലിയോൻ വി. മത്താ. 20:1–16 വരെയുള്ള വാക്യങ്ങളാണ്. ഈ ഉപമയിലൂടെ ദൈവരാജ്യത്തിന്റെ ചലനാത്മകത ദൃശ്യമാണ്. വി. സഭയുടെ പ്രേഷിത പ്രവർത്തനത്തെ ഓർത്ത് ആ പന്തിരുവരുടെ ജീവിത ശൈലി പിൻപറ്റുവാൻ ഇന്നു സമാപിക്കുന്ന വി. നോമ്പ് നമ്മെ ആഹ്വാനം ചെയ്യുന്നു.

സമയപരിധിയോ, സ്ഥലകാല വ്യത്യാസമോ കൂടാതെ മുന്തിരിതോട്ടത്തിന്റെ ഉടയവൻ വേലക്കാരെ വിളിച്ചു കൊണ്ടിരുന്നു. ഒന്നാം മണി മുതൽ പതിനൊന്നാം മണിവരെ അഭംഗുരം തുടരുന്ന വിളി! വി. വേദപുസ്തകം തന്നെ ആദിയോടന്തം ദൈവ വിളിയുടെ പുസ്തകമാണ്. ഈ വിളി സ്വീകരിപ്പാനും തിരസ്കരിപ്പാനുമുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ദൈവത്തിന് അസ്വീകാര്യമായ സ്ഥലമോ, സമയമോ ഇല്ല. പതിനൊന്നാം മണിക്കൂർ പോലും തനിക്ക് സുപ്രസാദ സമയമാണ്.

ഇവിടത്തെ മുന്തിരിത്തോട്ടം വി. സഭയും, വീട്ടുടമസ്ഥൻ കർത്താവുമാണ്. അക്കാലത്ത് ഒരു സാധാരണ കൂലിക്കാരനു കിട്ടുക പതിവുണ്ടായിരുന്ന ദിവസക്കൂലി ഒരു ദീനോറൊ ആയിരുന്നു. നിത്യ ജീവനെ ഇവിടെ കൂലിയോട് ഉപമിച്ചിരിക്കുന്നു. ഉപമയിലെ കഥയുടെ സ്വാഭാവികതയ്ക്കു വേണ്ടി ഇപ്രകാരം പറയുന്നു. മറ്റു പല സ്ഥാനങ്ങളിലും നിത്യ ജീവനെ കൂലിയോടും, പ്രതിഫലത്തോടും ഉപമിക്കുന്നുണ്ട്. എന്നാൽ അതു മനുഷ്യനു സ്വന്തപ്രയത്നത്തിന്റെ ഫലമായി മാത്രം അവകാശപ്പെടാൻ കഴിയുന്ന ഒന്നല്ല എന്ന് ഈ ഉപമയിൽനിന്നുതന്നെ വെളിപ്പെടുന്നു. ദയാപൂർവ്വം കൂലി കണക്കിടാത്ത പക്ഷം ഒരുവൻ പോലും ഇതിനർഹനായി തീരാനിടയില്ല.

ഈ ഉപമയെ പ. സഭാ പിതാക്കന്മാർ പലതരത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്.

a) പല സമയത്തു വിളിക്കപ്പെട്ട വേലക്കാർ പല പ്രായത്തിൽ ദൈവിക വേലയ്ക്കായി അല്ലെങ്കിൽ ക്രിസ്തീയ സഭയിലേക്കു വിളിക്കപ്പെടുന്നവർ. പ്രഭാത സമയത്ത് വിളിക്കപ്പെട്ടവർ ശൈശവത്തിൽത്തന്നെ വിളിക്കപ്പെടുന്നവരും, പതിനൊന്നാം മണി സമയത്ത് വിളിക്കപ്പെട്ടവർ വാർദ്ധക്യത്തിലും കാര്യസ്ഥൻ ആചാര്യന്മാരാണ്.

b) പ്രഭാതത്തിൽ വിളിക്കപ്പെട്ടവർ ആദാം, ശേത്ത് മുതലായവർ; മൂന്നാം മണി സമയത്തു വിളിക്കപ്പെട്ടവർ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മുതലായി ജലപ്രളയത്തിനു ശേഷമുള്ളവർ; ആറാം മണി സമയത്ത് വിളിക്കപ്പെട്ടവർ മോശ, അഹറോൻ മുതലായവരും അവരുടെ ശേഷം കർത്താവിന്റെ കാലം വരെയുള്ള ദീർഘദർശിമാരും, ഒൻപതാം മണി സമയത്തു വിളിക്കപ്പെട്ടവർ ശ്ലീഹന്മാർ, അറിയിപ്പുകാർ മുതലായി കർത്താവിന്റെ കാലത്തുള്ളവർ; പതിനൊന്നാം മണി സമയത്തു വിളിക്കപ്പെട്ടവർ വലത്തുഭാഗത്തെ കള്ളനും, പിന്നീട് ലോകാവസാനം വരെയുള്ളവരും.

c) ആദ്യം വിളിക്കപ്പെട്ടവർ യഹൂദന്മാരും പിന്നീട് വിളിക്കപ്പെട്ടവർ വിജാതീയരും. യഹൂദന്മാർ മുമ്പന്മാരായിരുന്നെങ്കിലും അവർ നിരസിക്കപ്പെട്ടതുകൊണ്ട് അവർ പിമ്പന്മാരും, വിജാതീയർ മുമ്പന്മാരുമായി തീർന്നു.

d) അഞ്ചു പ്രാവശ്യമായി വിളിക്കപ്പെട്ട വേലക്കാർ, മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾ, മോശയുടെ 5 പുസ്തകങ്ങൾ, ആദാം, നോഹ, അബ്രഹാം, മോശ, മശിഹാ ഇവർ 5 പേർ വഴിയായി അഞ്ചു പ്രാവശ്യമായി. മനുഷ്യ വർഗ്ഗത്തിനു ലഭിച്ച വാഗ്ദാനങ്ങൾ ഇവയെ സൂചിപ്പിക്കുന്നതായും വ്യാഖ്യാനമുണ്ട്.

ദൈവം വിളിച്ചത് നിയോഗിക്കുന്നതിനുവേണ്ടിയാണ്. വിളിച്ചവർക്ക് യജമാനൻ പ്രതിഫലം നൽകുന്നു. എന്നാൽ ഇതു നമ്മുടെ യോഗ്യതകൊണ്ടല്ല, യജമാനന്റെ ഔദാര്യം മൂലമാണ്. മനുഷ്യന്റെ കണക്കുക്കൂട്ടലിൽ നിന്നും വളരെ വിഭിന്നമായ ഒരു സമീപനമാണ് ദൈവത്തിന്റേത്. ദൈവത്തിന്റെ നീതി ബോധം മനുഷ്യന്റേതിൽ നിന്നും വ്യത്യസ്തമാണ്. ജോലിയുടെ അളവനുസരിച്ചല്ല, ജോലിയോടുള്ള പ്രതിബദ്ധത അടിസ്ഥാനമാക്കിയാണ് പ്രതിഫലം നൽക

**ഞായർദിന ചിന്തകൾ**

പ്പെടുന്നത്. വിളിക്കപ്പെട്ടിരിക്കുന്ന നാം പ്രവർത്തന നിരതരോ? യജമാനൻ കണക്കുതീർക്കുന്ന നാളിൽ നാം വിശ്വസ്തരോ?

## ജൂലൈ 6
## പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായർ
## വി. ലൂക്കോ. 10 1–16

യേശു ആരംഭിച്ച ദൈവരാജ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനായി 70 പേരെ പ്രത്യേകം നിയോഗിച്ചയയ്ക്കുന്നു. സുവിശേഷ വേലയുടെ ആവശ്യകത, വേലക്കാരുടെ അഭാവം, സുവിശേഷകന്റെ ജീവിതശൈലി, പ്രവർത്തന രീതി ഇവയെല്ലാം ഇന്നത്തെ ഏവൻഗേലിയോനിൽ പ്രതിപാദിക്കപ്പെടുന്നു. 70 പേരെ അയയ്ക്കുന്നതിലൂടെ സഭയുടെ ലോക ദൗത്യവും, രക്ഷയും സാർവ്വത്രികതയുമാണ് സ്പഷ്ടമാകുന്നത്.

ക്രിസ്തീയ ശിഷ്യത്വത്തിന്റെ മുഖ്യ ധർമ്മം ദൈവരാജ്യം വിളംബരം ചെയ്യുകയെന്നതാണെന്ന് ഇവിടെ പറയുന്നു. അതു സമാധാനത്തിന്റെ അഥവാ മനുഷ്യനും ദൈവവുമായുള്ള നിരപ്പിന്റെ സന്ദേശമാണ്. യേശുതമ്പുരാന്റെ ദൈവരാജ്യ പ്രഘോഷണ പരിപാടിയിൽ പന്ത്രണ്ടു ശിഷ്യന്മാരും ചില സ്ത്രീകളും പങ്കെടുക്കുന്നുണ്ട് (8:1). 12 ശിഷ്യന്മാരെ നിയോഗിച്ചതിനു ശേഷം (9:1–6) തുടർച്ചയും, വിപുലമായ പ്രവർത്തനത്തിന്റെ ഭാഗവുമാണ് ഈ എഴുപത് പേരെ അയയ്ക്കുന്നത്.

ദൈവരാജ്യത്തിന്റെ പ്രചാരകനാണ് സുവിശേഷകൻ. ഇവിടെ ലോകാധികാരങ്ങളോ, അവകാശ വാദങ്ങളോ ഒന്നുമില്ല. സുവിശേഷവേലയുടെ ലക്ഷ്യം മനുഷ്യ മനസുകൾക്കുണ്ടാകേണ്ട അന്തരം തന്നെ. മിഷനറിമാർ സ്വീകരിക്കേണ്ട ജീവിത ശൈലിയുടെ രൂപരേഖ ഇവിടെ കാണാം. മിഷൻ വിശ്വാസത്തിലും, പ്രാർത്ഥനയിലും അടിസ്ഥാനപ്പെട്ടതായിരിക്കണം. അതു തിടുക്കത്തോടെ ചെയ്യുകയും വേണം. സുവിശേഷം പ്രചരിപ്പിക്കുന്നത് ദൈവരാജ്യത്തിന്റെ മാനദണ്ഡത്തിനു വിധേയമായിരിക്കണം. അതിൽ പരമമായതു ദൈവത്തിന്റെ വിളിയിലുള്ള പൂർണ്ണമായ ആശ്രയമായിരിക്കണം. സുവിശേഷകൻ അയയ്ക്കപ്പെട്ടവനാണ്. വേലസ്ഥലം കൊയ്ത്തിനുവേണ്ടി കാത്തിരിക്കുന്നു. "കൊയ്ത്തു വളരെ ഉണ്ട്, സത്യം, വേലക്കാരോ ചുരുക്കം" (വാക്യം 2). എന്ന യേശുവിന്റെ വാക്കുകളിൽ യുഗാന്ത സത്യം ഉൾക്കൊള്ളുന്നു.

70 എന്നുള്ള സംഖ്യയും അർത്ഥവത്താണ്. പഴയ നിയമ സഭയിലെ ഗോത്ര പിതാക്കന്മാരുടെ സാദൃശ്യത്തിൽ 12 പാത്രിയർക്കീസന്മാരെ കർത്താവ് നിയമിച്ചതിന്റെ ശേഷം (മത്താ. 10:2) ഒരു പുതിയ സന്നദ്രിം സംഘത്തെ അവിടുന്ന് സ്ഥാപിക്കുന്നു. സന്നദ്രിം സംഘത്തിലെ അംഗങ്ങളുടെ സംഖ്യ എഴുപതാണ്. ഏലിമിലെ പന്ത്രണ്ടുറവകളും എഴുപത് ഈന്തപ്പനകളും (പുറ. 15:27) മോശ നിയമിച്ച എഴുപതു മൂപ്പന്മാരും (സംഖ്യ 11:24) ഇവരുടെ സാദൃശ്യം വഹിക്കുന്നു. ആദ്യപുസ്തകം 10–ാം അദ്ധ്യായം അനുസരിച്ച് മനുഷ്യവർഗ്ഗം എഴുപത് ജാതികളായി-യാഫേത്തിൽ നിന്നു പതിന്നാല്, ഹാമിൽ നിന്നു മുപ്പത്തിയാറ്, ശേമിൽ നിന്ന് ഇരുപത് - വിഭജിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ കഷ്ടാനുഭവ സമയം ആസന്നമായതിനാൽ അതിനുമുമ്പായി അവിടുത്തെ സന്ദേശത്തിന് ഇസ്രായേലിൽ കഴിയുന്നത്ര വിസ്തൃതമായ പ്രചരണം നൽകുന്നതിനും, തന്റെ വേർപാടിനു ശേഷം സഭയിലെ പ്രവർത്തനങ്ങൾക്കായി കൂടുതൽ ആളുകളെ പരിശീലിപ്പിക്കുന്നതിനുമായിരിക്കണം ഇതു ചെയ്യുന്നത്. ശ്ലീഹന്മാരുടെ സഹായികൾ എന്ന നിലയിൽ ആണ് ഇവർ നിയമിക്കപ്പെടുന്നത്.

ദൈവത്തിന്റെ സാധ്യതയിലും, സുഭിക്ഷതയിലും സുവിശേഷകൻ ശരണപ്പെടണം. സഞ്ചിയും പൊക്കണവും എടുക്കരുത് (V-4). എന്ന തിരുമൊഴി സുരക്ഷിതത്വ താത്പര്യമോ, സുഭിക്ഷാവാഞ്ഛയോ സുവിശേഷകനെ സ്വാധീനിക്കുവാൻ പാടില്ല എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നവനും മുമ്പിൽ വയ്ക്കുന്നത് ഭക്ഷിക്കുന്നവനായിരിക്കുകയും വേണം. ശുശ്രൂഷയിൽ അവഗണന അനുഭവിക്കുമ്പോൾ സമാധാനത്തിന്റെ ദൂതു വഹിക്കുന്ന സുവിശേഷകനിൽ ഒരിക്കലും പ്രതികാരമനോഭാവം ഉണ്ടായിരിക്കരുത്. ഓരോ പട്ടണത്തിലും, ഭവനത്തിലും പ്രവേശിക്കുമ്പോഴും ദൈവത്തിന്റെ ആലയത്തിൽ പ്രവേശിക്കുന്നു എന്നുള്ള മനോഭാവവും, വീക്ഷണവും കാണിക്കുകയും വേണം.

എന്തുകൊണ്ടാണ് യേശുതമ്പുരാൻ കോരസീൻ, ബേത്സയിദാ, കഫർന്നഹൂം എന്നീ പട്ടണങ്ങൾക്ക് ശിക്ഷാവിധി പ്രഖ്യാപിക്കുന്നത്? അവരുടെ ആശ്വാസകരമായ ജീവിതത്തെ സുവിശേഷം അലോസരപ്പെടുത്തുന്നതിനാൽ അവർ നിരാകരിച്ചതുകൊണ്ടാണോ? പലവിധ അത്ഭുത പ്രവർത്തനങ്ങൾക്ക് ഈ നഗരങ്ങൾ സാക്ഷികളായിരുന്നു. എന്നാൽ അവയൊന്നും അവരെ അനുതാപത്തിലേക്ക് നയിച്ചില്ല. ഒരിക്കൽ അതീവ താത്പര്യത്തോടെ ദൈവിക ശുശ്രൂഷയിൽ ആയിരുന്നെങ്കിലും വർത്തമാനകാലാനുഭവം ശൂന്യമാണ്. കേവലം പാരമ്പര്യം പറഞ്ഞ് നിർവൃതിയടയുന്നവരുടെ പ്രതീകമാണവർ. ചാക്കുടുത്തതുകൊണ്ടോ, ചാരം പൂശിയതുകൊണ്ടോ മാനസാന്തരം ഉണ്ടായി എന്നു പറയുക സാധ്യമല്ല. മാനസാന്തരം ഒരു തിരിച്ചുവരവാണ്. ദൈവത്തിന്റെ ഭരണത്തിന് തങ്ങളെത്തന്നെ ഏൽപ്പിക്കുവാനുള്ള തിരിച്ചുവരവ്. ഈ ദൈവ ഭരണം യേശുവിൽ ആരംഭിച്ചിരിക്കുന്നു എന്നതാണ് സുവിശേഷം.

സോർ, സീദോൻ പ്രദേശങ്ങൾ ദുർഭരണം മൂലം വഴി തെറ്റിയ അവസ്ഥയിലായിരുന്നുവെങ്കിൽ കഫർന്നഹൂം മികച്ച വ്യാപാര കേന്ദ്രവും, ഭരണ കേന്ദ്രവുമായിരുന്നു. ദേശത്തിന്റെ കുലീനതയല്ല, മനുഷ്യരുടെ നന്മപ്രവൃത്തിയാണ് ദൈവം അന്വേഷിക്കുന്നത്. ദൈവിക അവബോധവും, അത് ഉയർത്തുന്ന ജീവിത ശൈലിയുമില്ലെങ്കിൽ എത്ര ഉയർന്നവർ ആയാലും ദുഷ്ടന്മാർ അധിവസിക്കുന്ന പാതാളത്തിന് തുല്യമാകും. ഗലീലിയ നഗരമായ കഫർന്നഹൂമിനെ, വിജാതീയ നഗരങ്ങളായ സോർ, സൈദോനുമായി താരതമ്യപ്പെടുത്തുന്നതുവഴി വചന പ്രഘോഷണത്തിന്റെ സാർവ്വത്രിക സ്വഭാവമാണ് ലൂക്കോസ് ഏവൻഗേലിസ്താ കാണിച്ചു തരുന്നത്.

## ജൂലൈ 13
## പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായർ
## മർക്കോസ് 9:30–42

യറുശലേമിനെ ലക്ഷ്യമാക്കിയുള്ള യേശുവിന്റെ യാത്രാവേളയിൽ തന്റെ മശിഹാത്വം എന്തെന്നു യേശു പഠിപ്പിക്കുന്നു. ഈ വേളയിൽ 'മനുഷ്യപുത്രൻ' എന്ന പേര് അവൻ ഉപയോഗിച്ചു. ആദിമസഭയും, പിതാക്കന്മാരും ഈ തലക്കെട്ടിന് ആഴമേറിയ അർത്ഥം നൽകിയിട്ടുണ്ട്. ദാനിയേൽ പ്രവചനം 7:13, 14–ൽ പ്രഖ്യാപിക്കപ്പെട്ട മശിഹായെ അത് അനുസ്മരിപ്പിക്കുന്നു. അത് യേശുവിന്റെ സ്വർഗ്ഗീയ ഉത്ഭവവും, അവൻ പ്രാവർത്തികമാക്കാനിരിക്കുന്ന ദൈവിക പ്രവൃത്തിയും തറപ്പിച്ചു പറയുന്നു. തന്റെ പീഡാനുഭവത്തെക്കുറിച്ച് യേശുതമ്പുരാന്റെ രണ്ടാമത്തെ പ്രഖ്യാപനമാണിത്. മരണത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നതോടൊപ്പം മരണശേഷം ജീവിക്കുമെന്നും യേശു പറഞ്ഞു.

കഷ്ടത സഹിക്കുന്ന യേശുവിനെ ഗ്രഹിപ്പാൻ ശിഷ്യന്മാർക്ക് കഴിയുന്നില്ല. ലൗകികാധികാരം ഉള്ള ഒരു രാജാവിനെയാണ് അവരുടെ മനസിൽ മുന്നിട്ടു നിൽക്കുന്നത്. അവരുടെ സങ്കുചിത മനഃസ്ഥിതിയേയും, പരിമിതമായകാഴ്ചപ്പാടിനേയും, മന്ദഗതിയിലുള്ള ഗ്രഹണ ശക്തിയേയും വി. മർക്കോസ് ഊന്നിപറയുന്നുണ്ട്. അവരുടെ ശ്രദ്ധയും താത്പര്യവും മറ്റൊരു വഴിയിലൂടെയാണ് യഥാർത്ഥത്തിൽ സഞ്ചരിച്ചു കൊണ്ടിരുന്നത്. തങ്ങളിൽ ആരാണ് വലിയവൻ? തങ്ങളുടെ ചുറ്റുപാടിൽ അവർ കണ്ടുമുട്ടിയ യജമാനൻമാരുടെ അധികാര മാതൃകയാണ് അവരുടെ മനസിൽ നിറഞ്ഞുനിന്നിരുന്നത്. മനുഷ്യരുടെ മേൽ അധികാരം പ്രയോഗിക്കുന്ന കർത്തൃത്വം യേശു ഇഷ്ടപ്പെട്ടില്ല. നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത് എന്ന് യേശുതമ്പുരാൻ പഠിപ്പിച്ചു. 'അധികാരം ശുശ്രൂഷയ്ക്ക്' എന്നുള്ള ഒരു പുതിയ നിർവചനം യേശു നൽകുന്നു. ശിശുക്കളെ മുൻനിരയിലേക്ക് വിളിച്ച്, ആ ദർശനത്തിന് മാതൃക കാണിക്കുന്നു.

ഉന്നതരുമായി സഖിത്വത്തിനുള്ള ആഗ്രഹം, ഉന്നത സ്ഥാനങ്ങളിൽ (ഇടത്തും, വലത്തും) ഇരിപ്പാനുള്ള വരം ഇത്തരം പ്രലോഭനങ്ങൾ മനുഷ്യരിൽ സാധാരണമാണ്. സാധാരണമായ മനുഷ്യാവസ്ഥകളിൽനിന്ന് ആളത്വത്തെ ഉയർത്തുകയെന്നതാണ് ശിഷ്യത്വം. സ്വന്തം ആഗ്രഹങ്ങളെ നിയന്ത്രിച്ച് ചെറിയവരുമായി താദാത്മ്യപ്പെടണം. സ്വയം പ്രതിരോധിക്കാൻ കഴിവില്ലാത്തവർക്ക് നീതി കൊടുക്കുന്നതാണ് ദൈവ രാജ്യാനുഭവം. ശുശ്രൂഷ, സേവനം, കരുതൽ തുടങ്ങിയ പദങ്ങൾക്ക് നമ്മുടെ ദൈനം ദിന ജീവിത സാഹചര്യങ്ങളിൽ എത്രമാത്രം സ്ഥാനമുണ്ടെന്നു നാം ചിന്തിക്കുക.

ഈ പ്രബോധനം പൂർത്തീകരിക്കപ്പെട്ടപ്പോഴേക്കും യോഹന്നാൻ പുതിയ ചോദ്യം ഉന്നയിക്കുന്നു. യോഹന്നാൻ തനിക്കായി അല്ലെങ്കിൽ പന്ത്രണ്ടുപേരുടെയും പേരിൽ ക്രിസ്തുവിന്റെ ശക്തിയും അധികാരവും നിലനിർത്താൻ ആഗ്രഹിക്കുന്നു. "ഗുരോ! ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്ന് ഞങ്ങൾ കണ്ടു." അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു. (വാ. 38). നമ്മിലൊക്കെ പ്രബലപ്പെടുന്ന ഒരു സ്ഥിതി വിശേഷമാണ് നമുക്കു പുറത്തു നന്മയുടെ വളർച്ച കാണുന്നതിലുള്ള അസഹിഷ്ണുത. സഭയുടെ ദൃശ്യമായ ഘടനയ്ക്കപ്പുറവും ക്രിസ്തുവിന്റെ കൃപാവരം പ്രവർത്തന നിരതമാണ്. യേശുവിന്റെ കാലത്തെന്നപോലെ ഇന്നും ശിഷ്യരുടെ സംഘത്തിൽ പെടാത്തവർ യേശുവിന്റെ പേരിൽ പ്രവർത്തന നിരതരാണ്. അവരെ തടയരുതെന്നാണ് അവന്റെ നിർദ്ദേശം. അവരുടെ ഈ സമർപ്പണം വിശ്വാസത്തിലേക്ക് എത്തിച്ചേരാനുള്ള ഒരു തുടക്കമാകാം. യേശുതമ്പുരാൻ വ്യക്തതയോടെ പ്രഖ്യാപിക്കുന്നു." നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലൊ (വാ. 40).

പ. സഭയുടെ അതിരുകളുടെ പുറത്തേക്ക് ഒഴുകുന്ന ആത്മാവിന്റെ ശക്തിയെ നാമിന്ന് ഗ്രഹിക്കുക. യോഹന്നാന്റെ സങ്കുചിതമായ ചിന്താഗതിക്കു പകരം യേശുവിന്റെ തുറന്ന മനഃസ്ഥിതി നമ്മെ ആകർഷിക്കുന്നുവെങ്കിൽ മാനുഷിക സങ്കുചിതത്വത്തോടുള്ള പോരാട്ടത്തിൽ അന്തിമ വിജയം പരിശുദ്ധാത്മാവിനാണ്.

വി. കുർബ്ബാനയിലെ തെക്കുവശത്തെ വായനയായ രണ്ടു കോരി. 5:14–20 വാക്യങ്ങൾ ശ്രദ്ധിക്കുക. 2 പദങ്ങൾ ഈ ഭാഗം നമ്മുടെ ശ്രദ്ധയ്ക്ക് തരുന്നു. ഒന്ന്, പുതിയ സൃഷ്ടി, രണ്ട്. നിരപ്പിന്റെ ശുശ്രൂഷ, കർത്താവായ യേശു ക്രിസ്തുവിൽ പുതു സൃഷ്ടികളായി തീരുന്ന ഓരോരുത്തരും ദൈവവുമായി നിരപ്പിന്റെ ബന്ധത്തിലേക്കു പ്രവേശിക്കുന്നു. ക്രിസ്തു മൂലം ദൈവം നമ്മെ തന്നോട് നിരപ്പിച്ചു.

**ഞായർദിന ചിന്തകൾ**

മനുഷ്യൻ ദൈവത്തെ തേടിയെത്തുന്ന ഒരു ചിത്രമല്ല, പിന്നെയോ ദൈവം മനുഷ്യനെ തേടി എത്തുന്നു.

എന്താണ് നിരപ്പിന്റെ ശുശ്രൂഷ? ഏകജാതനായ പുത്രന്റെ ക്രൂശിലെ മരണത്താൽ ദൈവകോപം മനുഷ്യരുടെ മേൽനിന്ന് എന്നെന്നേക്കുമായി നീക്കപ്പെട്ടു എന്ന സദ്വാർത്ത പ്രഘോഷിക്കുകയാണ് നിരപ്പിന്റെ ശുശ്രൂഷ. യേശുവിന്റെ ക്രൂശിലെ മരണത്താൽ ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ നിരപ്പിന്റെ അനുഭവത്തിലേക്ക് എത്തിച്ചു. ഈ സദ്വാർത്ത പ്രഘോഷിക്കുക എന്ന ശുശ്രൂഷയാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് നാം ക്രിസ്തുവിനുള്ളവർ ആയിരിക്കണം. ക്രിസ്തുവിനുള്ളത് അന്വേഷിക്കുന്നവരും, ക്രിസ്തുവിന്റെ മഹത്വത്തിനായി പ്രവർത്തിക്കുന്നവരും ആയിരിക്കണം. അങ്ങനെയുള്ളവരാണ് ക്രിസ്തുവിന്റെ സ്ഥാനാപതികൾ. വി. പൗലോസ് കൊരിന്ത്യരോട് ഈ നിരപ്പിന്റെ സന്ദേശം അറിയിക്കുന്നത് താൻ ക്രിസ്തുയേശുവിന്റെ സ്ഥാനാപതിയായി നിന്നുകൊണ്ടാണ്. സ്വയതാത്പര്യമോ, സ്വയ മഹിമയോ ഇല്ലാതെ "ജീവിക്കുന്നു എങ്കിൽ ക്രിസ്തുവിനായി മാത്രം" എന്നതായിരുന്നു വി. പൗലോസിന്റെ ലക്ഷ്യവും, ഉദ്ദേശ്യവും.

സങ്കുചിതമായ ക്രിസ്ത്യാനിത്വത്തിൽ നിന്നും, വികലമായ കാഴ്ചപ്പാടിൽ നിന്നും നിരപ്പിന്റെ ശുശ്രൂഷ എന്ന സദ്വാർത്ത ഘോഷിപ്പാനായി ആത്മബലത്താൽ ലോകത്തിന്റെ അതിരുകളിലേക്ക് ക്രിസ്തുവിന്റെ സ്ഥാനാപതികളായി പോകുവാൻ സഭയായി ദൈവം അനുഗ്രഹിക്കട്ടെ. ●



ഒരു വിശ്വാസി, പഴഞ്ഞി

K.M. Varghese Mahan Nagar

കോശി, ചക്കുവരയ്ക്കൽ

11-ാം പേജിൽ നിന്നു തുടർച്ച..

സുപ്രീം കോടതി പാത്രിയർക്കീസ് വിഭാഗത്തിന്റെ എല്ലാ വാദങ്ങളും തിരസ്ക്കരിച്ചു. കാതോലിക്കോസ് പക്ഷത്തിനനുകൂലമായി, പാത്രിയർക്കീസ് പക്ഷത്തിന്റെ അന്യായം തള്ളി, ഒന്നാം സമുദായക്കേസിൽ അന്തിമവിധിയുണ്ടായി.

**രണ്ടാം സമുദായക്കേസ്**

ഒന്നാം സമുദായക്കേസിലെ, സുപ്രീംകോടതിവിധിയെത്തുടർന്ന്, 1958-ൽ അന്ത്യോക്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ, കാതോലിക്കോസിനെ സ്വീകരിച്ചു. കാതോലിക്കോസ്, ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസിനേയും സ്വീകരിച്ചു. അനുരഞ്ജനത്തിന്റെ 12 വർഷങ്ങൾ കടന്നുപോയി. ഇതിനിടയിൽ പലതവണ മലങ്കര അസോസിയേഷൻ ചേർന്നു. 1967-ൽ മലങ്കരസഭാ ഭരണഘടന, യോജിച്ച മലങ്കരസഭ ഭേദഗതി ചെയ്യുകയുമുണ്ടായി.

1970-നു ശേഷം, പാത്രിയർക്കീസ് കാതോലിക്കോസിന്റെ ചില നടപടികളെ ചോദ്യം ചെയ്യുകയും ഭരണഘടന അവഗണിച്ച് മെത്രാന്മാരെ വാഴിക്കുകയും ചെയ്തു. ഈ മെത്രാന്മാർക്കും മറ്റുമെതിരേ അന്നത്തെ കാതോലിക്കോസ് മാർ ഔഗേൻ പ്രഥമനും നിയുക്ത കാതോലിക്കോസ് മാത്യൂസ് മാർ അത്താനാസിയോസും വാദികളായി രണ്ടാം സമുദായക്കേസിനടിസ്ഥാനമായ അന്യായം 1974-ൽ കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്തു.

മലങ്കരസഭാ ഭരണഘടനയുടെ സാധുതയും പാത്രിയർക്കീസിന്റെ അധികാര വ്യാപ്തിയുമായിരുന്നു കേസിലെ പ്രധാന തർക്ക വിഷയങ്ങൾ.

കേസിലെ 2-ാം പ്രതിയായിരുന്ന തോമസ് മാർ ദിവന്നാസിയോസ് (ഇപ്പോഴത്തെ പാത്രിയർക്കീസ് പക്ഷം കാതോലിക്കോസ്) അദ്ദേഹത്തിന്റെ പത്രികയിൽ ഇപ്രകാരം പ്രസ്താവിച്ചു.

"പാത്രിയർക്കീസിന്റെ ആത്മീയ അധികാരങ്ങൾ ഇല്ലാതാക്കുന്ന ഈ ഭരണഘടനയുടെ വകുപ്പുകൾ അസാധുവാണ്. അവ അധികാര സീമ അതിലംഘിച്ചു നിർമ്മിച്ചിട്ടുള്ളതുമാണ്."

(The provision in the said Constitution curtailing the spiritual powers of the patriarch are ab-initio void and ultravires)

രണ്ടാം സമുദായക്കേസിൽ കേരളാ ഹൈക്കോടതിയിലെ സിംഗിൾ ബഞ്ച്, കാതോലിക്കോസ് പക്ഷത്തിനെതിരേ കേസുകൾ വിധിച്ചു. അപ്പീലിൽ ഡിവിഷൻ ബഞ്ചു വിധി കാതോലിക്കോസ് പക്ഷത്തിന് അനുകൂലമായി.

പാത്രിയർക്കീസിന്റെ അധികാരത്തെപ്പറ്റി താഴെ പറയുന്നവിധം ഡിവിഷൻ ബഞ്ച് രേഖപ്പെടുത്തി.

"കാതോലിക്കേറ്റ് സ്ഥാപനത്തോടെ പാത്രിയർക്കീസിന്റെ ആത്മീയ അധികാരങ്ങൾ അസ്തമനാവസ്ഥയിലേക്ക് എത്തിച്ചിട്ടില്ല. എന്നാൽ പാത്രിയർക്കീസിനു സജീവമായ ആത്മീയപരമാധിപത്യം ഉണ്ടെന്നു കരുതാവുന്നതല്ല."

(That by the establishment of the Catholicate, spiritual power of the patriarch has not been reduced to a vanishing point, though the patriarch could not be regarded as having active spiritual supremancy).

പാത്രിയർക്കീസിനെപ്പറ്റി, പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശിക്കുന്ന ഭരണഘടനാവകുപ്പുകളെപ്പറ്റി കോടതി ഇപ്രകാരം രേഖപ്പെടുത്തി.

"മുകളിൽ പരാമർശിച്ച ഭരണഘടനാ വകുപ്പുകൾ കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിൽ നിന്നു യുക്തിപരമായി ബഹിർഗമിക്കുന്നതു മാത്രമാണ്. ഈ വകുപ്പുകളിൽ യാതൊരു നിയമവൈരുദ്ധ്യവും ഞങ്ങൾ കാണുന്നില്ല." (The Constitutional provisions referered to above are only the logical out flow of re-establishment of the Catholicate. We find nothing illegal in the above provisions).

1934-ലെ ഭരണഘടനയെപ്പറ്റി താഴെ പറയുന്ന പ്രകാരം ഹൈക്കോടതി വിധിച്ചു.

"1934-ലെ ഭരണഘടന സാധുവാണ്. ഇത് മലങ്കര അസോസിയേഷനെയും, സമുദായത്തെയും ഭദ്രാസനങ്ങളെയും ഇടവകപ്പള്ളികളെയും ഇടവകാംഗങ്ങളെയും ബന്ധിക്കുന്നതാണ്". (1934 Costitution is valid and binding on the Malankara Association, Community, Diocese, aswell as parish Churchs and parishioners).

**സുപ്രീം കോടതി വിധി**

കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചു വിധിക്കെതിരേ പാത്രിയർക്കീസ് പക്ഷം സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. 1995 ജൂൺ 20-ാം തീയതി സുപ്രീം കോടതി രണ്ടാം സമുദായക്കേസിൽ വിധി പ്രസ്താവിച്ചു. പാത്രിയർക്കീസിന്റെ അധികാരത്തെയും ഭരണഘടനയെപ്പറ്റിയും താഴെ പറയുന്ന പ്രകാരമാണു വിധിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(i) "മെത്രാപ്പോലീത്താമാരെ വാഴിക്കുവാനുള്ള പാത്രിയർക്കീസിന്റെ അധികാരം ഇപ്പോൾ 1934-ലെ ഭരണഘടനയ്ക്കു വിധേയമാണ്"

**1934-ലെ ഭരണഘടനയെപ്പറ്റി താഴെ പറയുന്ന പ്രകാരം ഹൈക്കോടതി വിധിച്ചു.**

**"1934-ലെ ഭരണഘടന സാധുവാണ്. ഇത് മലങ്കര അസോസിയേഷനെയും, സമുദായത്തെയും ഭദ്രാസനങ്ങളെയും ഇടവകപ്പള്ളികളെയും ഇടവകാംഗങ്ങളെയും ബന്ധിക്കുന്നതാണ്". (1934 Costitution is valid and binding on the Malankara Association, Community, Diocese, aswell as parish Churchs and parishioners).**



(The patriarch's power to ordain metropolitans now is subject to the Constitution of 1934).

(ii) "കാതോലിക്കേറ്റിന്റെ പുനരുദ്ധാരണം മൂലവും A 14 അക്കം കല്പന (1913-ലെ അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ കല്പന) നൽകിയതുമൂലവും 1934-ലെ ഭരണഘടന സ്വീകരിച്ചതിനാലും പാത്രിയർക്കീസിന്റെ അധികാരം അസ്തമനാവസ്ഥയിലേക്ക് എത്തിച്ചേർന്നേക്കാം. എങ്കിലും മലങ്കര സഭ ഒരു വിഭാഗമായിരിക്കുന്ന സുറിയാനി സഭയുടെ മുഖ്യ തലവനായി അദ്ദേഹം തുടരുന്നു. ആത്മീയമായി കാതോലിക്കോസിനേക്കാൾ ഉയർന്ന സ്ഥാനിയാണു പാത്രിയർക്കീസ്. എന്നിരുന്നാലും മലങ്കര സഭയുടെ മേലോ അതിന്റെ സ്വത്തുക്കളിന്മേലോ യാതൊരു ഭൗതികാധികാരവും പാത്രിയർക്കീസിനില്ല; ഒരിക്കലും ഉണ്ടായിരുന്നിട്ടുമില്ല."

(It may be that by virtue of the revival of Catholicate and by issuing the kalpana 2xt. A14-and also by accepting the 1934 Constitution (as to be mentioned presently) the power of the patriarch may have been reduced to a vanishp point, but all the same he remains the supreme head of the syrian Chruch of which the Malankara Church is a division. He is spiritually superior to the Catholicos though he does not, and indeed never did, enjoy any temporal power over the Malankara Church or its properties)

(iii) "മലങ്കര അസോസിയേഷന്റെ സാധുവായി വിളിച്ചു ചേർക്കപ്പെട്ട മലങ്കര അസോസിയേഷൻ യോഗത്തിലാണ് 1934-ലെ ഭരണഘടന അംഗീകരിക്കപ്പെട്ടത്"

(The 1934 constitution was approved at a validly convened meeting of the malankara Association)

(iv) "ഈ കേസിലെ പ്രതികൾക്ക് (പാത്രിയർക്കീസ് വിഭാഗം) ഭരണഘടനയുടെ നിയമ പ്രാബല്യത്തേയോ സാധുതയേയോ ചോദ്യം ചെയ്യാവുന്നതല്ല" (The defendants in the present suit (Patriarch group) cannot question its legality and validity).

(v) "കാതോലിക്കേറ്റിന്റെ പുനരുദ്ധാരണം; 14-ാം അക്കം കല്പന (1958-ൽ കാതോലിക്കോസ് പാത്രിയർക്കീസിനെ സ്വീകരിച്ചു നൽകിയ കല്പന), 1934-ലെ ഭരണഘടന ഇവയുടെ സാധുത പാത്രിയർക്കീസ് അംഗീകരിച്ചു എന്നും അതു സംബന്ധിച്ച എല്ലാ തർക്കങ്ങളും അദ്ദേഹം ഉപേക്ഷിച്ചു എന്നും തീർപ്പ് കൈക്കൊള്ളേണ്ടിയിരിക്കുന്നു."

(It must, therefore, be held that the patriarch has thereby accepted the validity of the revival of Catholicate, Ext. A.14 and the 1934 constitution, and abandoned and gave up all or any objections they had in that behalf.)

(vi) "കാതോലിക്കാ വാഴ്ചയ്ക്കു തലേ ദിവസം (1964-ൽ) കാതോലിക്കേറ്റിന്റെ ഭൂമിശാസ്ത്രപരമായ അധികാര പരിധി വ്യക്തമായി നിർണയിക്കാനും മദ്ധ്യപൂർവ്വ ദേശത്തെ ചില പ്രദേശങ്ങൾ കാതോലിക്കായുടെ അധികാരത്തിൽ നിന്ന് ഒഴിവാക്കി അധികാര സീമ പുനർവിഭജനം നടത്തുവാനും പാത്രിയർക്കീസ് ഉദ്യമിച്ചു എന്നതും പ്രത്യേകം ശ്രദ്ധേയമാണ്." (It is also worth noticing that a day befone such installation/consecration the patriarch took care to have the territorial jurisdiction of catholicate duly defined and determined by excluding certain areas in the middle east from the jurisdiction of Catholicos).

(vii) "ഈ കത്തിടപാടുകൾക്കു മുമ്പ് (1972 മുതൽ 1975 വരെയുള്ള കാലത്തെ) മലങ്കര സഭമേൽ പാത്രിയർക്കീസ് അനുഭവിച്ചിരുന്ന ആത്മീയ പരമാധിപത്യം - അത് 1934-ലെ ഭരണ

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

**മാർ പീലക്സീനോസ് I.T.C. മൈലപ്രാ (സ്ഥാപിതം 1978)**

| | |
|---|---|
| D/Civil | - 1 year |
| Electrician | - 2 Year |
| Mechanic Disel | - 1 Year |
| M. M. V. | - 2 Year |

മിനിമം യോഗ്യത: S.S.L.C. Passed
അപേക്ഷ ഫോറം ജൂൺ 30 മുതൽ I.T.C. Office-ൽ നിന്ന് ലഭിക്കും
ഫോൺ: 2222698

**രണ്ടാം ചരമവാർഷികം**
**05-06-2003**



**വെരി. റവ. പി. ടി. മാത്യൂസ്**
**കോർഎപ്പിസ്ക്കോപ്പാ**
**പുത്തൻ പറമ്പിൽ**
**നാരങ്ങാനം**

## ഓർത്തഡോക്സ് സഭകളും ലോകസഭാ കോൺസിലും.........

*6-ാം പേജിൽ നിന്നു തുടർച്ച*

നമ്മുടെ സഭഉൾപ്പെടെ മിക്ക-ആഫ്രിക്കൻ സഭകളും നാമ മാത്രമായ ഒരു തുകയാണ് അംഗത്വ ഫീസായി കൊടുക്കുന്നത്. ഒട്ടും കൊടുക്കാത്ത സഭകളുമുണ്ട്. അതുപോലെ കൗൺസിലിന്റെ നയങ്ങളോടു പൂർണ്ണമായി യോജിക്കാത്ത സഭകൾക്ക് ഒരു തരം അസോസ്യേറ്റ് അംഗത്വം എടുക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകിയേക്കും. പ്രത്യേക പ്രതിബന്ധതയില്ലാതെ എല്ലാവർക്കും പങ്കെടുക്കാവുന്ന ഒരു 'ഫോറം' എന്ന ആശയവും നിലിവിലുണ്ട്.

വോട്ടിംഗ് സമ്പ്രദായം മാറ്റി അഭിപ്രായ സമന്വയ (Consensus) ത്തിലൂടെ തീരുമാനങ്ങൾ എടുക്കുന്ന ശൈലി ചില മേഖലകളിൽ എങ്കിലും സ്വീകരിച്ചേക്കും. അമേരിക്കയിലും ആഫ്രിക്കയിലുമുള്ള ചില പ്രോട്ടസ്റ്റന്റു സഭകൾ വളരെ നാളുകളായി ഈ രീതി വിജയകരമായി അനുവർത്തിക്കുന്നുണ്ട്. പാശ്ചാത്യ പാർലമെന്ററി സമ്പ്രദായം മാത്രമല്ല, മറ്റു ഉചിതമായ രീതികൾ ഉപയോഗിച്ചും ഒരു അന്താരാഷ്ട്ര പ്രസ്ഥാനം തൃപ്തികരമായി നടത്താൻ കഴിയും എന്നു വിശ്വാസമുള്ളവർ പലരുണ്ട്.

ഒരുമിച്ചുള്ള പ്രാർത്ഥനയെപ്പറ്റി തെറ്റിദ്ധാരണകൾ ധാരാളമുണ്ട്. കഴിഞ്ഞ അരനൂറ്റാണ്ടിലേറെയുള്ള കൗൺസിൽ ചരിത്രത്തിൽ ഒരിക്കലും കൂദാശാപരമായ ആരാധനയിൽ ഓർത്തഡോക്സ് സഭകളും പ്രോട്ടസ്റ്റന്റു സഭകളും ഒന്നും ചേർത്തിട്ടില്ല. ഇക്കാര്യത്തിൽ ഓർത്തഡോക്സ് സഭകൾ യാതൊരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. പക്ഷേ സഭൈക്യത്തിനുവേണ്ടിയും ലോകത്തിലെ കാലികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും, ക്രിസ്തുവിലുള്ള അടിസ്ഥാനപരമായ കൂട്ടായ്മയുടെ അടയാളമായി ഒരുമിച്ച് പ്രാർത്ഥിക്കുന്ന രീതിയുണ്ട്. ഓർത്തഡോക്സ് സഭകളുടെ മേലദ്ധ്യക്ഷന്മാർ സജീവമായി പങ്കെടുക്കുന്ന ഇത്തരം സമൂഹ പ്രാർത്ഥനകൾ വളരെയേറെ ഹൃദയസ്പർശകവും പ്രയോജനകരവുമായി മിക്കവർക്കും അനുഭവപ്പെട്ടിട്ടുണ്ട്. തെറ്റിധാരണ ഒഴിവാക്കാനായി പൊതു പ്രാർത്ഥന (Common Prayer) യും കൗദാശികമായ ആരാധന (Sacramental Worship) യും തമ്മിൽ ഭാഷാ പ്രയോഗത്തിൽ വ്യക്തമായി വേർതിരിക്കപ്പെടണം എന്ന് പലരും ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ ആരാധനാ പാരമ്പര്യങ്ങൾ (liturgical traditions) തമ്മിൽ ഇടകലരാതെ, ഓരോ പാരമ്പര്യത്തിനനുസരിച്ച് (confessional) പ്രാർത്ഥനകൾ സമ്മേളനങ്ങളിലും മറ്റും ഉപയോഗിക്കുകയും അതിൽ നിന്ന് വ്യത്യസ്ത പാരമ്പര്യമുള്ളവർ അതിൽ അവരവരുടെ സഭാനിയമം അനുശാസിക്കുന്ന വിധത്തിൽ പങ്കെടുക്കുകയുമാവാം. വേറെയും പല നിർദ്ദേശങ്ങൾ ഉയർന്നിട്ടുണ്ട്.

കഴിഞ്ഞ അര നൂറ്റാണ്ടുകളിൽ, ഓർത്തഡോക്സ് സഭകളുടെ ആരാധനയും ആദ്ധ്യാത്മികതയും കൗൺസിൽ അംഗങ്ങളായ പല പ്രോട്ടസ്റ്റന്റ് സഭകളെയും ആഴമായി സ്വാധീനിച്ചു എന്നതാണ് വാസ്തവം. പ. കന്യകമറിയാമിന്റെ സ്ഥാനം, വിശുദ്ധന്മാരോടുള്ള സംസർഗ്ഗം, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന എന്നീ കാര്യങ്ങളിൽ ഓർത്തഡോക്സ് സഭയുടെ നിലപാടുകൾ ഹൃദ്യവും ക്രിസ്തീയവുമാണെന്ന് ബോദ്ധ്യപ്പെട്ടു. ആ പ്രാർത്ഥനകളിൽ പങ്കെടുക്കുന്ന ധാരാളം സമുന്നത വ്യക്തികൾ പ്രോട്ടസ്റ്റന്റ് സഭകളിലുണ്ട്. അതുപോലെ ആത്മിക ചൈതന്യവും മനോഹരവുമായ ഓർത്തഡോക്സ് ആരാധനയിൽ നിന്ന് പല ഘടകങ്ങളും തങ്ങളുടെ ആരാധനയിൽ സ്വീകരിച്ചിട്ടുള്ള പ്രോട്ടസ്റ്റന്റ് സഭകളുണ്ട്. ഈ മാറ്റങ്ങൾ സഭാ കൗൺസിലിലെ പൊതു വേദി മൂലം സംഭവിച്ചിട്ടുള്ളതാണ്. അതുപോലെ സാമൂഹികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങൾ സാമൂഹികമായ അനീതി, മറ്റു സാമൂഹ്യ തിന്മകൾ എന്നിവയെക്കുറിച്ച് കൂടുതൽ അവബോധം പ്രാപിക്കുന്നതിനും, ഇക്കാര്യത്തിൽ തങ്ങളുടെ തന്നെ പുരാതന പാരമ്പര്യത്തിന്റെ സമ്പന്നത മനസ്സിലാക്കി പുതിയ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും ഓർത്തഡോക്സ് സഭകളെ ഇരുപതാം നൂറ്റാണ്ടിൽ സഹായിച്ച ഒരു പ്രധാന ഘടകം ലോകസഭാ കൗൺസിലിലെ പങ്കാളിത്തമാണ്.

കൂട്ടായ പ്രാർത്ഥനയെ സംബന്ധിച്ച തെറ്റിധാരണ ഉളവാക്കുന്ന ഭാഷാപ്രയോഗവും വനിതാ പൗരോഹിത്യത്തിനെതിരെയുള്ള പൗരസ്ത്യ ഓർത്തഡോക്സ് പ്രതിനിധികളുടെ ശക്തമായ നിലപാടും മറ്റും ചില പ്രോട്ടസ്റ്റന്റു നേതാക്കളെ ചൊടിപ്പിച്ചിട്ടുണ്ട്. ജർമ്മൻ ലുതറൻ സഭയിലെ പുതിയ ബിഷപ്പായ മാർഗോട്ട് കേസ്മാൻ ശക്തിയായി പ്രതികരിക്കുകയും, സ്പെഷ്യൻ കമ്മീഷൻ റിപ്പോർട്ട് സെൻട്രൽ കമ്മറ്റി അംഗീകരിച്ചതിൽ പ്രതിഷേധിച്ചു കമ്മറ്റിയിൽ നിന്ന് രാജിവയ്ക്കുകയും ചെയ്തു. പ്രോട്ടസ്റ്റന്റുകാർ മാത്രമുള്ള ഒരു ലോക കൗൺസിൽ ഉണ്ടാക്കണമെന്നും, W.C.C.-യ്ക്ക് ഇനി പ്രസക്തിയില്ലെന്നും അവർ വാദിക്കുന്നു.

എന്നാൽ ഓർത്തഡോക്സ് സഭകളുടെ ന്യായമായ വിമർശനങ്ങൾ പരിഗണിച്ചു. കൗൺസിൽ ഘടനയിൽ വേണ്ട മാറ്റം വരുത്തി എല്ലാവരും ഒരുമിച്ച് പോകണമെന്ന ചിന്തയാണ് മിതവാദികളായ പല പ്രമുഖ പ്രോട്ടസ്റ്റന്റ് നേതാക്കൾക്കുമുള്ളത്.

പക്ഷേ ഭാവിയെ സംബന്ധിച്ച് എല്ലാറ്റിനും അടിവരയിടുന്നത് സാമ്പത്തിക ഘടകമാണ്. പാശ്ചാത്യ സഭകളുടെ സാമ്പത്തിക പിന്തുണ മൂലമാണ്. ജനീവ ആസ്ഥാനമാക്കി ലോക കൗൺസിൽ ഇതുവരെ നിലനിന്നത്. അവരുടെ മുൻഗണനാ ക്രമങ്ങൾ മാറി വരുന്നത് കൗൺസിലിന്റെ ഭാവിയെ അനിശ്ചിതമാക്കും.

എന്നാൽ, ലോകസഭാ കൗൺസിൽ എന്നൊരു ഇപ്പോൾ ഇല്ലായിരുന്നെങ്കിൽ, അങ്ങനെയൊന്ന് സൃഷ്ടിക്കാനുള്ള അടിയന്തിര സന്ദർഭം ഇതാണെന്ന് വിശ്വസിക്കുന്ന ധാരാളം പേരുണ്ട്. ഇപ്പോഴുള്ള കൗൺസിലിന്റെ സാധുതയും സ്ഥാനവും അതിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

ലോകസഭാ കൗൺസിൽ സഭകളുടെ യഥാർത്ഥ കൂട്ടായ്മയും മനുഷ്യവർഗ്ഗത്തിന്റെ ഐക്യത്തിനും ലോക സമാധാനത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനവുമാകണമെങ്കിൽ, ഓർത്തഡോക്സ് സഭകൾ കാര്യക്ഷമമായും ഗൗരവമായും ഇതിൽ പങ്കെടുക്കേണ്ടി വരും. ഇങ്ങനെയൊരു കൂട്ടായ്മയില്ലെങ്കിൽ ഓർത്തഡോക്സ് സഭകൾ ഒരുമിച്ച് വരാൻ മറ്റൊരു ആഗോള വേദിയില്ലെന്നതും ഒരു വാസ്തവമാണ്. ക്രൈസ്തവ സഭകളുടെ ഐക്യം, മനുഷ്യവർഗ്ഗത്തിന്റെ ഏകത, ക്രിസ്തുവിന്റെ വിളിയോടുള്ള നമ്മുടെ പ്രതിബദ്ധത, സാമൂഹിക നീതിക്കുവേണ്ടിയുള്ള നമ്മുടെ ദാഹം എന്നി കാര്യങ്ങളാണ് അടിസ്ഥാനപരമായി എക്യുമെനിസത്തിന്റെ പ്രേരകശക്തി.



**2nd Death Anniversary**
**17.06.2003**



**Rev. Fr. M. G. Mathai**
**Melethil, Thatta, Pandalam**
**(അമ്പാനച്ചൻ)**

*"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ*
*ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"*

**2003 ജൂൺ 17-ാം തീയതി ചൊവ്വാഴ്ച തട്ട സെ. ജോർജ്ജ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ രാവിലെ വി. കുർബ്ബാനയും കബറിങ്കൽ ധൂപ പ്രാർത്ഥനയും നടത്തുന്നതാണ്.**

*Inserted by:-*
Sorrowing Family

**WANTED PRINCIPAL**

**ST. THOMAS SCHOOL**
**SAHIBABAD, GHAZIABAD, U.P.,**
**PH-0120-2631336, 2630677**
(A-co-educational secondary school affiliated with CBSE - 20 kms away from New Delhi.)

Enthusiastic and dedication person between 45 to 55 years of age with minimum 2nd class Master's degree and M.Ed. or B.Ed. having 5 years of experience as Principal of reputed school preferably in North India. Salary as per Govt. norms. Apply within 10 days to Chairman, St. Thomas Orthodox Church Society (Regd.) Sector-4, Lajpat Nagar, Sahibabad Ghaziabad, U.P.-201 005

**ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി**
**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

Licence No. 475, 11th April 1946. Registered No. KL/CR/KT[illegible] '200

THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM-686 038




# മലങ്കരസഭ

പ്രസിദ്ധീകരണത്തിന്റെ 58-ാം വർഷം

ഒട്ടേറേ പുതുമകൾ
വായനയുടെ നവ്യാനുഭവം
ഒരു ജനതയുടെ ഹൃദയതാളം
ആത്മഹർഷത്തിന്റെ പ്രകാശ രേഖകൾ
ചരിത്രത്തിന്റെ വെള്ളിത്താളുകൾ
വേദവ്യാഖ്യാനത്തിന്റെ സൂര്യജ്വാല
ധ്യാന മനനങ്ങളുടെ പുണ്യതീർത്ഥം
പരസ്യങ്ങ[illegible]ക്കാത്ത[illegible]ല്യം
വിവാഹപരസ്യത്തിനു പ്രത്യേക സംവിധാനം

## എന്നും ഒന്നാമത്

## മലങ്കരസഭ മാസിക

★ വായിക്കുക, ★ വരിക്കാരാകുക, ★ പ്രചരിപ്പിക്കുക


PRINTED AND PUBLISHED BY FR. T. A. EDAYADI FOR ORTHODOX VISWAS PARIPALANA SAMITHY, KOTTAYAM
PRINTED AT GRAPHIC SYSTEMS & CO. MALLAPPALLY, PH. 0469-2782260, 2784163 FOR CATHOLICATE PRESS KOTTAYAM - 38, CHIEF EDITOR FR. DR. JOHN PANICKER, RS. 7/-